www.facebook.com/samakalikajanapadham/

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2021 ആഗസ്റ്റ് 1 ₹ 12 പുസ്തകം 8 ലക്കം 1



## കരുത്തോടെ 100-ാം ദിനത്തിലേക്ക്

കേരള പൊലീസ് ഡ്രോൺ ഫോറൻസിക് ലാബ്

സ്വാതന്ത്ര്യം സംരക്ഷിക്കാൻ നിതാന്ത ജാഗ്രത

നൂറിന്റെ നിറവിൽ ഖാദി

കുതിരാൻ കേരളത്തിലെ ആദ്യ തുരങ്ക വാഹനപാത

## സമ്പന്നമാകട്ടെ ജനാധിപത്യത്തിന്റെ ഉള്ളടക്കം




*വാർഷിക വരിക്കാരാവാൻ*
മണിയോർഡർ/ ഡിമാന്റ് ഡ്രാഫ്റ്റ്

ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ് - 1
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം - 1 *എന്ന വിലാസത്തിൽ അയയ്ക്കുക..*

04712517036
iocirculation@gmail.com

*കൂടാതെ* www.etreasury.kerala.gov.in
*എന്ന വെബ്സൈറ്റിലൂടെയും പണമടയ്ക്കാം*

സമകാലിക
ജനപഥം

2021 ആഗസ്റ്റ് 1
പുസ്തകം 8 ലക്കം 1



ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ ചീഫ് എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി ചീഫ് എഡിറ്റർ
**വി.പി. അശ്വതി**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ.റ്റി.എസ്**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത.വി.എസ്**
എഡിറ്റോറിയൽ അസിസ്റ്റന്റ്സ്
**സഞ്ജന സുനിൽ**
**സംഗീത ഒ.**

August 1, 2021, Volume 8, Issue 1
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ളിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.


# ആഘോഷിക്കാം; ജാഗ്രതയോടെ

സമത്വ സുന്ദരമായ നല്ല നാളുകളെക്കുറിച്ചുള്ള ഓർമയിലാണ് ഓരോ ഓണക്കാലവും മലയാളി ആഘോഷിക്കുന്നത്. ജാതി മത ഭേദമില്ലാതെ, പുതുവസ്ത്രങ്ങൾ അണിഞ്ഞ് വിഭവ സമൃദ്ധമായ സദ്യ കഴിച്ച് ഓണം മികവുറ്റതാക്കാൻ എല്ലാവരും പ്രയത്നിക്കാറുണ്ട്. അതുകൊണ്ട് തന്നെ ഓണം വിപണിയുടെ ഉത്സവം കൂടിയാണ്. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും, ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ലഭ്യമാക്കിയും വിലക്കയറ്റം പിടിച്ച് നിർത്തിയും എല്ലാ തലങ്ങളിലും ഇടപെട്ട് ഓണം ഒരുക്കാൻ സർക്കാർ ഒപ്പമുണ്ട്. നാടും നഗരവുമൊന്നും കോവിഡിൽ നിന്ന് മുക്തമല്ല , അതുകൊണ്ട് തന്നെ ജാഗ്രതയോടെയാണ് നാം വീണ്ടും ഓണം ആഘോഷിക്കുന്നത്.

സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം രാജ്യം സമുചിതമായി ആഘോഷിക്കുന്ന വേള കൂടിയാണിപ്പോൾ . ഭരണഘടനാപരമായ അവകാശങ്ങൾ ഓരോ പൗരനും ഉറപ്പ് വരുത്താൻ അതീവ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു .

അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃകയായ ജനകീയാസൂത്രണം രജതജൂബിലിയുടെ നിറവിലാണ്. നാടിന്റെ വികസന ദൗത്യം പ്രാദേശിക സർക്കാരുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനകീയ ഭരണ ചരിത്രത്തിൽ പുതിയ ഇടം കണ്ടെത്താനായി .

വൈദേശിക ആധിപത്യവും ദാരിദ്ര്യവും സൃഷ്ടിച്ച പരുക്കൻ യാഥാർഥ്യങ്ങളെ അതിജീവിക്കാൻ ഭിന്നിച്ചു നിന്ന ഇന്ത്യൻ ജനതയുടെ ഇഴയടുപ്പം ഉറപ്പാക്കിയ ഖാദിക്ക് നൂറു വയസായിരിക്കുന്നു .

നൂറുദിനം പൂർത്തിയാക്കുന്ന രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പുതിയ മന്ത്രിമാർ വിവിധ മേഖലകളിൽ ആരംഭിച്ച വികസന പ്രവർത്തനങ്ങൾ , നിശ്ചയദാർഢ്യത്തിന്റെയും ഭരണ മികവിന്റെയും പ്രതീകമായ കുതിരാൻ, സാങ്കേതിക ശേഷിയിൽ പുതിയ മികവോടെ പോലീസ് ആരംഭിച്ച ഡ്രോൺ ഫോറൻസിക് ലാബ് എന്നിവയും ഈ ലക്കത്തിൽ വായനക്കായി സമർപ്പിക്കുന്നു .

**എസ്. ഹരികിഷോർ ഐ.എ.എസ്**
ചീഫ് എഡിറ്റർ

ജനപഥം ആഗസ്റ്റ് 2021

# ഉള്ളടക്കം




ചിത്രങ്ങൾ
ഐ.പി.ആർ.ഡി. ഫോട്ടോഗ്രാഫി വിഭാഗം

**കരുത്തോടെ 100ാം ദിനത്തിലേക്ക്**

06 കരുതലിന്റെ ഓണം നിറവിന്റെയും
08 സമ്പന്നമാകട്ടെ ജനാധിപത്യത്തിന്റെ ഉള്ളടക്കം
10 കേരള പൊലീസ് ഡ്രോൺ ഫോറൻസിക് ലാബ്



12 പൈതൃക സംരക്ഷണവുമായി മുന്നോട്ട്
14 വരുന്നു, കെ.എസ്.ആർ.ടി.സിയുടെ ഗ്രാമവണ്ടികൾ
16 ഉന്നതവിദ്യാഭ്യാസം: പുതിയ വാർപ്പുമാതൃകകൾ വേണം
18 ഗ്രാമസ്വയംപര്യാപ്തതയിലേക്ക് ഒരു നാഴികക്കല്ല്
20 നവകേരളത്തിനായി ജനകീയാസൂത്രണം
24 ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ്
26 "കർക്കിടകമാസമുണ്ടാ നില്ലാത്തവരോർക്കേണ്ടാ കൃഷിചെയ്തു പുലർത്തുവാൻ"
28 ക്രിയാത്മകമായ ചുവടുവയ്പുകൾ
32 ഓരോ തുള്ളിയും കാക്കാൻ മൈക്രോ ഇറിഗേഷൻ
34 സാംസ്കാരിക മുന്നേറ്റം തീരങ്ങളിൽ സമഗ്ര മാറ്റം
36 പ്രകൃതി ഒന്നേയുള്ളൂ അവർക്കും നമുക്കും
38 വിദ്യാതരംഗിണി : ഡിജിറ്റൽ പഠനത്തിന് സഹകരണമേഖലയുടെ കൈത്താങ്ങ്





40 സ്വാതന്ത്ര്യം സംരക്ഷിക്കാൻ നിതാന്ത ജാഗ്രത

44 നൂറിന്റെ നിറവിൽ ഖാദി

48 കുതിരാൻ
കേരളത്തിലെ ആദ്യ തുരങ്ക വാഹനപാത

50 വാതിൽപ്പടി സേവനം
സെപ്തംബറിൽ ആരംഭിക്കും
















# കരുതലിന്റെ ഓണം; നിറവിന്റെയും

**ഓർമകളിലുള്ള ഓണക്കാലത്തിൽ നിന്നും തീർത്തും വ്യത്യസ്തമാണ് ഇക്കുറിയും ഓണം . നാടും നഗരവും ഒന്നും കോവിഡിൽ നിന്ന് മുക്തമല്ല , ഓണത്തിന്റെ ഒത്തുചേരലുകൾ പരമാവധി ഒഴിവാക്കി സ്നേഹപ്രകടനകൾ നിയന്ത്രിച്ച് തന്നെയാണ് തുടർച്ചയായി രണ്ടാം വർഷവും നാം ഓണം ആഘോഷിച്ചത് . പ്രതിസന്ധികൾക്ക് ഇടയിലും സമസ്തമേഖലകളിലും കരുതലോടെ സർക്കാർ ഒപ്പം  ഉണ്ടായിരുന്നു .**



ഓണകിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം  ഭക്ഷ്യ – സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ നിർവഹിക്കുന്നു

## ഓണക്കിറ്റ് 48,98,951 പേർക്ക് ലഭ്യമാക്കി

### സപ്ലൈകോ ഓണം ഫെയറുകൾക്ക് തുടക്കമായി

സപ്ലൈകോ ഓണം ജില്ലാ ഫെയറുകളുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ നിർവഹിച്ചു.കോവിഡ് മഹാമാരിക്കാലത്തും ജനങ്ങൾ പട്ടിണി കിടക്കുന്നില്ല എന്നുറപ്പാക്കാൻ നമുക്ക് കഴിഞ്ഞതായി ഉദ്ഘാടന ചടങ്ങിൽ നൽകിയ സന്ദേശത്തിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

പട്ടിണി കുറയ്ക്കാനും വിഷമതകൾ ഒഴിവാക്കാനും സർക്കാർ പരമാവധി ശ്രമിച്ചു. സർക്കാർ പ്രഖ്യാപിച്ച കോവിഡ് പാക്കേജ് തന്നെ ഇതിനുദാഹരണമാണ്. സാമ്പത്തിക അടിത്തറ തകരുകയും ഭക്ഷ്യവിഭവങ്ങൾ കിട്ടാതെയുമുള്ള അവസ്ഥ പല നാട്ടിലുമുണ്ടായെങ്കിലും കേരളത്തിൽ അത് ഉണ്ടായില്ല. കോവിഡിന്റെ ഒന്നാംഘട്ടത്തിൽ മരുന്നിനു മാത്രമല്ല, വിശപ്പിന്റെ കാര്യത്തിലും സർക്കാരിന്റെ കരുതലുണ്ടായിരുന്നു. ഇതിനായി കമ്മ്യൂണിറ്റി കിച്ചനുകളും ജനകീയ ഹോട്ടലുകളും സംസ്ഥാനമാകെ പ്രവർത്തിച്ചു. ശേഷിയില്ലാത്തവർക്ക് സൗജന്യമായി നൽകി.ഈ വറുതിക്കാലത്ത് ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാനുള്ള ചുമതല ലാഭനഷ്ടം നോക്കാതെ സർക്കാർ ഏറ്റെടുത്തു.

ഭക്ഷ്യധാന്യ വിതരണത്തിൽ മാത്രമല്ല, പൊതു വിപണിയിലും സർക്കാർ ഇടപെടലുണ്ടായി. ഈ നയം മുൻനിർത്തിയാണ് സിവിൽ സപ്ലൈസിൽ 70 പുതിയ വിൽപനശാലകൾ ആരംഭിച്ചതും 97 എണ്ണം നവീകരിച്ചതും. അതോടൊപ്പം സഹകരണമേഖലയുമായി യോജിച്ച് ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ സർക്കാർ നേരിട്ട് ഇടപെട്ടു. മറ്റേത് സംസ്ഥാനത്തേക്കാളും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ കേരളത്തിനായതായി ചടങ്ങ് ഉദ്ഘാടനം ചെയ്ത ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. കാർഡുടമകൾക്ക് ഭക്ഷ്യധാന്യം കൃത്യമായി എത്തിക്കാൻ നടപടി സ്വീകരിച്ചു. ആരും പട്ടിണി കിടക്കാതിരിക്കാൻ അതിജീവനക്കിറ്റ് നൽകി. ഓണത്തിനുള്ള സ്പെഷ്യൽ കിറ്റ് ഇതിനകം 50 ലക്ഷത്തിലധികം പേർ വാങ്ങിയതായാണ് കണക്ക്. അനർഹരിൽ നിന്ന് തിരികെ വാങ്ങിയ മുൻഗണനാ

കാർഡുകൾ അർഹർക്ക് വിതരണം ചെയ്യാനുള്ള നടപടി ആരംഭിച്ചു. ആദിവാസി മേഖലകളിൽ നേരിട്ട് റേഷൻ ഉത്പന്നങ്ങൾ എത്തിക്കാൻ നടപടി സ്വീകരിച്ചതായും മന്ത്രി പറഞ്ഞു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന വിപണന കേന്ദ്രങ്ങളിൽ ഗൃഹോപകരണങ്ങൾ ഉൾപ്പെടെ എല്ലാ നിത്യോപയോഗ സാധനങ്ങളും വിലക്കുറവിൽ ലഭ്യമാകും. വിപണന കേന്ദ്രങ്ങളിൽ നിന്ന് വാങ്ങുന്ന ബ്രാന്റഡ് ഉത്പന്നങ്ങൾക്ക് അഞ്ചുമുതൽ 30 ശതമാനം വരെ വിലക്കിഴിവുമുണ്ട്. താലൂക്ക് ഫെയറുകൾ, ഓണം മാർക്കറ്റുകൾ, ഓണം മിനി ഫെയറുകൾ എന്നിവ ആഗസ്റ്റ് 16 മുതൽ 20 വരെ വിപണന കേന്ദ്രങ്ങളോട് ചേർന്ന് സംഘടിപ്പിച്ചു. .ഓണം ഫെയറിൽ പൊതു വിപണിയേക്കാൾ വിലക്കുറവിൽ സാധനങ്ങൾ ലഭിച്ചു എന്നതാണ് പ്രത്യേകത. റേഷൻ കാർഡുമായി എത്തിയവർക്ക് സബ്സിഡി ലഭ്യമാക്കി.

**കോവിഡ് 19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിലും ഓണം പ്രമാണിച്ചും സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ താമസക്കാർക്ക് കൂടി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നൽകുന്ന അതേ സ്പെഷ്യൽ ഓണക്കിറ്റ് സംസ്ഥാന സർക്കാർ വിതരണം ചെയ്തു .**

## പുതിയ സംരംഭങ്ങൾ, ഓണക്കാലത്ത് വനിതകൾക്കുള്ള സമ്മാനം

ഓണക്കാലത്ത് സംസ്ഥാനത്തെ വനിതകൾക്ക് സഹകരണ വകുപ്പ് നൽകുന്ന ഓണസമ്മാനമാണ് വനിതാ സഹകരണ സംഘങ്ങളിലെ പുതിയ സംരംഭകത്വമെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ. പത്ത് സഹകരണ സംഘങ്ങൾക്കായി പുതിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ കൈമാറി . കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള പുതിയ സംരംഭകത്വങ്ങളാണ് പത്ത് വനിതാ സഹകരണ സംഘങ്ങളിൽ ആരംഭിച്ചത്. ചക്കിട്ടപ്പാറ വനിതാ സഹകരണ സംഘത്തിൽ നടന്ന ചടങ്ങ് മന്ത്രി ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

## ജൈവഗ്രാം സൊസൈറ്റിയുടെ ഓണോത്സവം വിപണനമേള

ജൈവഗ്രാം സൊസൈറ്റിയുടെ നേതൃത്വത്തിൽ ചെറുതോണിയിൽ ഓണോത്സവം വിപണനമേള സംഘടിപ്പിച്ചു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മണ്ണിൽ കനകം വിളയിക്കുന്ന കർഷകരെ ആദരിക്കുന്നതിലൂടെ കാർഷിക മേഖലയുടെ പ്രാധാന്യം മനസിലാകും. കാർഷിക മേഖലക്ക് ഉണർവുണ്ടാക്കാൻ സാധിക്കുന്നതിലൂടെയാണ് നാടിന്റെ വളർച്ചയുടെ പ്രധാനപ്പെട്ട മാറ്റങ്ങൾക്ക് വഴി തെളിയുന്നതെന്നും വിപണന മേള ഉദ്ഘാടനം ചെയ്ത് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കാർഷിക വികസനം ലക്ഷ്യമാക്കി കൃഷി - ജലസേചനം - വൈദ്യുതി - സഹകരണം തുടങ്ങി വിവിധ വകുപ്പുകൾ സംയുക്തമായി കാർഷിക പദ്ധതി നടപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. സൂപ്പർ മാർക്കറ്റ്, പച്ചക്കറി സ്റ്റാൾ, ടീസ്റ്റാൾ, സുഗന്ധ വ്യഞ്ജനങ്ങൾ, കുടുംബശ്രീ ഉത്പന്നങ്ങൾ, ഖാദി തുണിത്തരങ്ങൾ, കാർഷിക ഉത്പന്നങ്ങൾ, വളർത്തു മത്സ്യങ്ങൾ, പായസമേള, പച്ചക്കറി തൈകൾ തുടങ്ങി നിരവധി ഇനങ്ങളാണ് വിപണന മേളയിൽ ഒരുക്കിയിരുന്നത് .

## അഗതി മന്ദിരങ്ങളിലെയും ക്ഷേമ സ്ഥാപനങ്ങളിലെയും താമസക്കാർക്ക് ഓണക്കിറ്റ്

കോവിഡ് 19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിലും ഓണം പ്രമാണിച്ചും സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ താമസക്കാർക്ക് കൂടി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നൽകുന്ന അതേ സ്പെഷ്യൽ ഓണക്കിറ്റ് സംസ്ഥാന സർക്കാർ വിതരണം ചെയ്തു . ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിന് ആധാർ പരിശോധന നടത്തി ഉറപ്പ് വരുത്തിയ ശേഷം മേൽ പ്രകാരമുള്ള ഓണക്കിറ്റ് നൽകാനും സപ്ലൈകോയെ ചുമതലപ്പെടുത്തിയിരുന്നു.

മറ്റ് യാത്രാ സൗകര്യങ്ങൾ തീരെ ഇല്ലാത്ത അർഹതപ്പെട്ട റേഷൻ വിഹിതം കൈപ്പറ്റുന്നതിന് വളരെ ദൂരം യാത്ര ചെയ്യേണ്ടി വരുന്ന പട്ടികവർഗ്ഗ ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ എന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഓണക്കിറ്റും പ്രതിമാസ ഭക്ഷ്യധാന്യ വിഹിതവും മണ്ണെണ്ണയും നേരിട്ട് എത്തിച്ചു.

## ആദിവാസികൾക്ക് ഓണക്കിറ്റ്

ആദിവാസികൾക്ക് ഊരുകളിൽ സ്പെഷ്യൽ ഓണക്കിറ്റും പ്രതിമാസ ഭക്ഷ്യധാന്യവും നേരിട്ട് എത്തിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വിതുര പൊടിയകാല ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ നടന്ന ചടങ്ങിൽ ഭക്ഷ്യമന്ത്രി നിർവഹിച്ചു .

ഓണത്തിന് ഒരു കുടുംബം പോലും പട്ടിണിയാകരുത് എന്ന സർക്കാർ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി വാഹനങ്ങളും മറ്റ് യാത്രാ സൗകര്യങ്ങളും തീരെ ഇല്ലാത്ത അർഹതപ്പെട്ട റേഷൻ വിഹിതം കൈപ്പറ്റുന്നതിന് വളരെ ദൂരം യാത്രചെയ്യേണ്ടി വരുന്ന പട്ടികവർഗ്ഗ ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കട എന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഓണക്കിറ്റും പ്രതിമാസ ഭക്ഷ്യധാന്യ വിഹിതവും മണ്ണെണ്ണയും നേരിട്ട് എത്തിക്കുന്നതിന് തീരുമാനിച്ചിരുന്നു . സംസ്ഥാന സർക്കാർ വിതരണം ചെയ്ത ഓണക്കിറ്റുകൾ ആഗസ്റ്റ് അവസാനം വരെ 4898951 പേർ കൈപ്പറ്റിയിട്ടുണ്ട്. ■



75–ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ദേശീയ പതാക ഉയർത്തുന്നു.




# സമ്പന്നമാകട്ടെ ജനാധിപത്യത്തിന്റെ ഉള്ളടക്കം

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നാം സ്വതന്ത്രരായിട്ട് ഏഴര പതിറ്റാണ്ട് പിന്നിടുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം എന്ന മുഖ്യ മുദ്രാവാക്യത്തിനൊപ്പം ദേശീയപ്രസ്ഥാനം ഊന്നൽ നൽകി മുന്നോട്ടു വെച്ചത് സ്വതന്ത്ര ഇന്ത്യ എന്തായിരിക്കണമെന്ന വ്യക്തമായ ധാരണ കൂടിയാണ്. സാമൂഹ്യ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതും അസമത്വം, ദാരിദ്ര്യം തുടങ്ങിയ സാമൂഹിക വിപത്തുകളെ പ്രതിരോധിക്കുന്നതുമായ ജനാധിപത്യ, മതേതര, ഫെഡറൽ രാഷ്ട്രമായിരിക്കണം സ്വാതന്ത്ര്യാനന്തര ഇന്ത്യ എന്നതായിരുന്നു ദേശീയ പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട്.

1920–കളുടെ തുടക്കത്തിൽ തന്നെ പ്രദേശങ്ങളുടെ ഭാഷാടിസ്ഥാനത്തിലുള്ള അസ്തിത്വം ചർച്ചാവിഷയമായിരുന്നു. 1931ലെ കോൺഗ്രസിന്റെ കറാച്ചി സമ്മേളനത്തിൽ ആവിഷ്ക്കരിച്ച സാമ്പത്തിക പരിപാടി ഒരു സമത്വസമൂഹത്തിലേക്ക് വഴിയൊരുക്കുന്നതായിരുന്നു. അന്ന് കോൺഗ്രസിനുള്ളിൽ ശക്തമായ പ്രാതിനിധ്യമുണ്ടായിരുന്ന സോഷ്യലിസ്റ്റ് ഗ്രൂപ്പുകളും കമ്മ്യൂണിസ്റ്റുകളും പൂർണസ്വരാജ് എന്ന ലക്ഷ്യമാണ് ഉയർത്തിപ്പിടിച്ചത്. ദേശീയ പ്രസ്ഥാനം ഊന്നൽ നൽകിയ ഫെഡറൽ സംവിധാനമുൾപ്പെടെയുള്ള മൂല്യങ്ങൾ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെ മഹാരഥന്മാർ നേതൃത്വം നൽകിയ ആദ്യത്തെ സർക്കാർ തങ്ങളുടെ നയങ്ങളുടെ ഭാഗമാക്കി. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിനായി പിന്നീടും കഠിനമായ പരിശ്രമം വേണ്ടി വന്നു.

ഭരണഘടന ഫെഡറൽ തത്വങ്ങൾ ഉൾക്കൊള്ളുമ്പോഴും പ്രായോഗികതലത്തിൽ നിരന്തരം പ്രശ്നങ്ങൾ ഉടലെടുക്കുന്നു. നാനാത്വത്തിൽ ഏകത്വം എന്നത് രാജ്യത്തിന്റെ അനന്യ സവിശേഷതയാണ്. എന്നാൽ ഏകത്വം എന്ന സങ്കൽപ്പത്തിന് അർഹിക്കുന്ന പ്രാധാന്യം ലഭിച്ചില്ലായെന്ന ഗൗരവമായ വിമർശനം നിലനിൽക്കുന്നുണ്ട്. കേന്ദ്ര, സംസ്ഥാന, തദ്ദേശ ഗവൺമെന്റുകൾ പിരമിഡിന്റെ ഘടനയിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. അത് അധികാര കേന്ദ്രീകരണത്തിന് സഹായകമാണ്.



സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കുന്നു

ആ ഘടന വൃത്ത രൂപത്തിലാവണം.

ഭരണഘടനയുടെ 356-ാം അനുച്ഛേദം പോലുള്ള വ്യവസ്ഥകൾ ഗവർണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഭരണം ഏറ്റെടുക്കാൻ കേന്ദ്രസർക്കാരിന് അധികാരം നൽകുന്നുണ്ട്. ചർച്ചകളില്ലാതെ സംസ്ഥാനങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുക, ആഭ്യന്തര അടിയന്തരാവസ്ഥ, സാമ്പത്തിക കാര്യങ്ങളിലെ അസന്തുലിതാവസ്ഥ തുടങ്ങിയവ അധികാരശ്രേണിയെ അർധ ഫെഡറൽ സ്വഭാവമുള്ളതാക്കുന്നു. ജീവനില്ലാത്ത അക്ഷരം എന്നാണ് ഡോ. ബി ആർ അംബേദ്കർ അനുച്ഛേദം 356-നെ വിശേഷിപ്പിച്ചത്. ഒരിക്കലും ഉപയോഗിക്കപ്പെടരുതെന്ന അർഥത്തിൽ ഭരണഘടനാ ശില്പി വിശേഷിപ്പിച്ച അതേ ഭരണഘടനാ വ്യവസ്ഥയാണ് ഏറ്റവും അമിതമായി ഉപയോഗിക്കപ്പെട്ടത് എന്നതാണ് വൈചിത്ര്യം. സ്റ്റേറ്റ്, കൺകറന്റ് എന്നീ ലിസ്റ്റുകളിലുൾപ്പെടുന്ന വിഷയങ്ങളിലുള്ള കേന്ദ്രത്തിന്റെ ഇടപെടലുകൾ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന്റെ സത്തക്കെതിരാണ്. ഫെഡറൽ സംവിധാനത്തിന്റെ ഘടന കൂടുതൽ അർത്ഥവത്താകേണ്ടിയിരിക്കുന്നു.

ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾക്കെതിരെ പ്രത്യയശാസ്ത്രപരവും ഇതരരൂപങ്ങളിലുള്ളതുമായ ആക്രമണങ്ങൾ വർധിച്ചുവരുന്ന ഘട്ടംകൂടിയാണിത്. ഭരണഘടന ഉറപ്പു നൽകുന്ന ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, പരമാധികാരം എന്നിവ സംരക്ഷിക്കാൻ ജനങ്ങളാകെ അതീവ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഭരണകൂടത്തിന്റെ ഇടപെടൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകത സുപ്രധാനമാണ്. തൊഴിലാളി വിഭാഗങ്ങളുടെ 92 ശതമാനവും അസംഘടിത മേഖലയായതിനാൽ സാമ്പത്തിക സമത്വത്തിന്റെ കാര്യത്തിലുള്ള നേരിയ അശ്രദ്ധ പോലും അപകടകരമാണ്. ഈ വിഭാഗത്തിന്റെ സാമൂഹികസുരക്ഷ ഭരണഘടനാദത്തമായ ഉത്തരവാദിത്തമാണ്.

സാമ്പത്തിക അസമത്വത്തിന്റെ അനന്തരഫലമായ ഡിജിറ്റൽ വിഭജനം മറികടക്കാൻ ബോധപൂർവമായ ശ്രമം നടത്തേണ്ടതുണ്ട്. ശാസ്ത്ര സാങ്കേതികമേഖലകളിൽ നാം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളുടെ ഫലം എല്ലാ ജനങ്ങളിലും എത്തുന്നിടത്താണ് ഫലപ്രാപ്തി. തടസങ്ങളില്ലാതെ എല്ലാവരും ഈ നേട്ടങ്ങളുടെ ഗുണഭോക്താക്കളാകേണ്ടതുണ്ട്. സ്വപ്നേപി കരുതാത്ത തലങ്ങളിലേക്ക് സാങ്കേതികവിദ്യ നമ്മെ നയിക്കുകയാണിപ്പോൾ. അതിനോടൊപ്പം തന്നെ ചില ചതിക്കുഴികളുമുണ്ട്. സ്വകാര്യതയിലേക്കും പൗരാവകാശങ്ങളിലേക്കുമുള്ള കടന്നുകയറ്റമെന്ന പ്രശ്നം ഇതിന്റെ ഭാഗമായി ഉരുത്തിരിയുന്നു. അതുകൊണ്ടു തന്നെ കൂടുതൽ ജാഗ്രത പാലിക്കേണ്ടത് അനിവാര്യമാണ്.

> **ഭരണഘടന ഉറപ്പു നൽകുന്ന ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, പരമാധികാരം എന്നിവ സംരക്ഷിക്കാൻ ജനങ്ങളാകെ അതീവ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.**

സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലേക്കെത്തുന്ന രീതിയിൽ വലിയ മാറ്റം ആവശ്യമാണ്. കൊളോണിയൽ മനോഭാവത്തിന്റെ അവസാനത്തെ അവശിഷ്ടങ്ങൾ പോലും തച്ചുടച്ചു നീക്കപ്പെടണം. 'നൽകുന്നവനും' 'ലഭിക്കുന്നവനും' എന്ന മനോഭാവം സർക്കാരിന്റേയും അധികാരികളുടേയും മനസ്സിൽ നിന്ന് മായ്ച്ചു കളയണം. വിവര സാങ്കേതിക വിദ്യയ്ക്ക് ഇതിൽ വളരെയധികം സഹായിക്കാനാകും. മനോഭാവത്തിലുണ്ടാകേണ്ട മാറ്റമാണ് ഏറ്റവും പ്രധാനം. വികേന്ദ്രീകൃത ജനാധിപത്യ ഭരണം ഈ പ്രക്രിയയ്ക്ക് വലിയ ഉത്തേജനം നൽകും. ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമാണ് സർക്കാരിൽ നിന്നുള്ള സേവനത്തെയും പിന്തുണയെയും കൂടുതൽ ആശ്രയിക്കുന്നത്. അതിനാൽ അധികാരികളുടെ സമീപനത്തിലുണ്ടാകുന്ന മാറ്റം അവരെ ശാക്തീകരിക്കുകയും ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉള്ളടക്കത്തെ സമ്പന്നമാക്കുകയും ചെയ്യും.

രാജ്യത്തിന്റെ ഭരണഘടനയിൽ പ്രതിഫലിക്കുന്നത് ദേശീയ പ്രസ്ഥാനത്തിന്റെ മൂല്യങ്ങളാണ്. അവ സംരക്ഷിക്കുകയും സാർത്ഥകമായി മുന്നോട്ടുകൊണ്ടു പോവുകയും ചെയ്യേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. കൂടുതൽ പ്രവർത്തനക്ഷമമായ പ്രാദേശിക ഭരണസംവിധാനവും അർത്ഥം കൈമോശം വരാത്ത ഫെഡറൽ സംവിധാനവും യാഥാർഥ്യമാകണം. എല്ലാറ്റിലും ഉപരിയായി പൗരസ്വാതന്ത്ര്യവും സമ്മതിദാനാവകാശവും നിർഭയമായി ആസ്വദിക്കാൻ കഴിയുന്ന ശാക്തീകരിക്കപ്പെട്ട പൗരന്മാരാണ് ഉണ്ടാകേണ്ടത്. ഇവയെല്ലാം ചേർന്നാൽ സ്വാതന്ത്ര്യ ലബ്ധിയുടെ എഴുപത്തിയഞ്ചാം വാർഷികത്തെ മഹത്വത്തിന്റെ ആഘോഷമാക്കി മാറ്റാനാകും. ■



ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കുന്നു



# കേരള പൊലീസ് ഡ്രോൺ ഫോറൻസിക് ലാബ്

## സാങ്കേതികശേഷിയിലെ പുതിയ നാഴികക്കല്ല്

കേരളാപോലീസിന്റെ ഡ്രോൺ ഫോറൻസിക് ലാബ് ആന്റ് റിസർച്ച് സെന്റർ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഒരു അൺമാൻഡ് ഏരിയൽ വെഹിക്കിൾ ഫോറൻസിക് ലാബ് (യു.എഫ്.എൽ.) സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുന്നതിലൂടെ കേരള പൊലീസ് ഡ്രോൺ ഫോറൻസിക് മേഖലയിലേക്ക് കടന്നിരിക്കുകയാണ്. കേരളാ പോലീസ് സൈബർഡോമിനു കീഴിലായിരിക്കും പ്രസ്തുത യു.എഫ്. എൽ. പ്രവർത്തിക്കുന്നത്.

ജമ്മു കശ്മീരിലെ അന്താരാഷ്ട്ര അതിർത്തിക്ക് സമീപം ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബി.എസ്.എഫ്) ഈയിടെ വീഴ്ത്തിയ ഡ്രോൺ സംഭവവും, മിഡിൽ ഈസ്റ്റിലേയും മറ്റു ഗൾഫ് രാജ്യങ്ങളിലേയും വിവിധ ഡ്രോൺ ആക്രമണങ്ങളിലൂടെയും ഡ്രോണുകൾ ശത്രുക്കളുടെ കൃത്യമായ ആക്രമണത്തിനുള്ള മാരകായുധമായി മാറിയിരിക്കുന്നു. കുറ്റവാളികൾ വിവിധതരത്തിലുള്ള ആക്രമണങ്ങൾ, കൊലപാതകങ്ങൾ, ഭീകരവാദം, നിരീക്ഷണം, കള്ളക്കടത്ത്, ചാരപ്പണി, ഉയർന്ന അപ്പാർട്ട്മെന്റുകൾക്കുള്ളിലേക്ക് ഒളിഞ്ഞുനോട്ടം, ഓഡിയോ സെൻസറുകളുമായുള്ള സംഭാഷണങ്ങൾ തുടങ്ങിയവയ്ക്കായി ഉപയോഗിക്കുന്നതിലൂടെ പോലീസിന് പുതിയ പുതിയ വെല്ലുവിളികൾ ഉയർത്തിവരുന്നു. കുറ്റവാളികൾക്ക് ഡ്രോണുകൾ ഉപയോഗിച്ച് തന്ത്രപ്രധാനമായ നോ ഫ്ളൈയ് സോൺ ലംഘിക്കുവാനും അവിടം നിരീക്ഷിക്കുവാനും മറ്റ് പല കുറ്റകൃത്യങ്ങൾക്കും ഉപയോഗിക്കുവാനും കഴിയും. ഇത്തരത്തിലുള്ള UAV കളിൽ നിന്നുള്ള ഭീഷണി മനസ്സിലാക്കികൊണ്ട് കേരളാപോലീസ് കഴിഞ്ഞ രണ്ടുവർഷമായി ഡ്രോൺ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

2019-ലും 2020-ലും കേരളത്തിലുണ്ടായ പ്രളയത്തിലും, കോവിഡ് ലംഘനം തടയുന്നതിലും കേരളാപോലീസ് ഡ്രോണുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. നിലവിൽ കേരളാ പോലീസ് സൈബർഡോമിനു കീഴിൽ പ്രവർത്തനമാരംഭിക്കുന്ന "കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ' പേരൂർക്കടയിലെ എസ്.എ.പി. ക്യാമ്പ് അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുക.

### ഡ്രോൺ ഫോറൻസിക് ലാബ്

ഏതെങ്കിലും പ്രദേശത്ത് നിന്നും കണ്ടെടുത്ത ഡ്രോൺ അല്ലെങ്കിൽ ഡ്രോണുകളുടെ ഭാഗങ്ങളുടെ വിശദമായ ഫോറൻസിക് പരിശോധനയിലൂടെ അവയുടെ ബ്രാൻഡിംഗ് തിരിച്ചറിയൽ, നിർമ്മാണം, സവിശേഷതകൾ, ബാറ്ററി, മറ്റുശേഷികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ








ഉടൻ തന്നെ ശേഖരിക്കും.

കൂടാതെ, ഉപകരണത്തിന്റെ മെമ്മറി ശേഷി, നെറ്റ് വർക്കിങ് വിശദാംശങ്ങൾ ഉൾപ്പെടെ സോഫ്റ്റ് വെയറിന്റെയും ഹാർഡ് വെയറിന്റെയും മുഴുവൻ വിവരങ്ങളും ലഭിക്കും. ജിപിഎസ് മൊഡ്യൂൾ, ഡ്രോൺ കടന്നുപോയ. സ്ഥലങ്ങൾ എന്നിവയുടെ വിശകലനം, അതിന്റെ പ്രവർത്തന ചരിത്രം എന്നിവ പിടിച്ചെടുത്ത / കണ്ടെടുത്ത ഡ്രോണിൽ നിന്ന് വീണ്ടെടുക്കാനുമാകും.

## ഡ്രോൺ റിസർച്ച് ലാബ്

പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയതരം നിർമ്മിത ഡ്രോണുകളും ആളില്ലാ പറക്കുന്ന വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള ഒരു ഗവേഷണ കേന്ദ്രമായിരിക്കും ഇത്. വിവിധ തരത്തിലുള്ള പേലോഡുകൾ വഹിക്കാൻ കഴിയുന്ന ഇത്തരം ഡ്രോണുകൾ, ദുരന്തനിവാരണ ഉപകരണങ്ങൾ വഹിക്കുന്നതിനും, ജീവൻ രക്ഷാ ഉപകരണങ്ങൾ വഹിക്കുന്നതിനായും, നിരീക്ഷണത്തിനായും, വി.ഐ.പി സുരക്ഷ തുടങ്ങിയവയ്ക്കായും നിർമ്മിക്കുന്നതാണ്. പോലീസ് സൈറണുകളും, ബീക്കൺ ലൈറ്റുകളും, ഉച്ചഭാഷിണിയും ഘടിപ്പിച്ച ഇത്തരം ഡ്രോണുകൾ ആൾക്കൂട്ട നിയന്ത്രണത്തിനായും മറ്റു സുരക്ഷാ ആവശ്യകതകൾക്ക് അനുസൃതമായും ക്രമീകരിക്കും. ഇത്തരത്തിലുള്ള ഡ്രോണുകൾ സമീപഭാവിയിൽ തന്നെ കേരള പോലീസുമായി കൂടിചേർന്ന് വിഐപി സുരക്ഷ വിമാനത്താവളങ്ങൾക്ക് സമീപമുള്ള നിരീക്ഷണത്തിനും സുരക്ഷയ്ക്കും, ഉയർന്ന പ്രത്യേക സംരക്ഷിത മേഖലകൾക്കുള്ള സുരക്ഷയ്ക്കായും ഉപയോഗിക്കാനാകും.

## സാങ്കേതിക വിദ്യ

3 മുതൽ 5 കിലോമീറ്റർ വരെ പരിധിയിലുള്ള ഡ്രോണുകൾ തിരിച്ചറിയാൻ സഹായിക്കുന്ന റഡാർ ശേഷിയുള്ള ഒരു മൊബൈൽ ആന്റി ഡ്രോൺ ഡിവൈസിനെ ഒരു പോലീസ് ജീപ്പിൽ ഘടിപ്പിക്കാവുന്ന തരത്തിൽ വികസിപ്പിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഡ്രോണിനെ നിർവീര്യമാക്കാൻ കഴിവുള്ള സാങ്കേതികവിദ്യയും ഇതിൽ തന്നെ ഉണ്ടാകും. "കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് &റിസർച്ച് സെന്റർ ആരംഭിക്കുന്നതിലൂടെ സാങ്കേതിക ശേഷിയിലെ ഒരു പുതിയ നാഴികക്കല്ലായിരിക്കും കേരള പൊലീസിന്. കൂടാതെ, ദൈനംദിന പോലീസിംഗിൽ നൂതന സാങ്കേതികവിദ്യ സ്വീകരിക്കുന്ന കാര്യത്തിൽ മുൻനിരയിൽ എന്ന നിലയിൽ പോലീസിന്റെ പങ്ക് കൂടുതൽ ശക്തിപ്പെടുകയും ചെയ്യും. PPP മോഡിൽ ഇത്തരമൊരു ആസ്ഥാനം വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാന പോലീസ് സേനയായിരിക്കും കേരളാ പോലീസ്. ■




# പൈതൃക സംരക്ഷണവുമായി മുന്നോട്ട്



**അഹമ്മദ് ദേവർകോവിൽ**
തുറമുഖവും മ്യൂസിയവും വകുപ്പ് മന്ത്രി

## രാജാരവിവർമ്മ ആർട്ട് ഗ്യാലറി യാഥാർഥ്യത്തിലേക്ക്

തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ പേരിലുള്ള ആധുനിക ആർട്ട് ഗ്യാലറി നിർമാണം അതിവേഗം മുന്നോട്ട്. 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 7,90,00,000 രൂപ ചെലവ് വരുന്ന പദ്ധതി 2020 നവംബറിൽ മുഖ്യമന്ത്രിയാണ് നിർമാണോദ്ഘാടനം നിർവഹിച്ചത്. സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന 80 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ഒക്ടോബറോടെ നിർമാണം പൂർത്തീകരിച്ച് രാജാരവിവർമ്മയുടെയും മറ്റ് പ്രശസ്ത ചിത്രകാരന്മാരുടെയും അമൂല്യ ചിത്രശേഖരം പ്രദർശിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.



## തെയ്യം മ്യൂസിയം

കണ്ണൂർ ജില്ലയിലെ ചന്തപ്പുരയിൽ ഉത്തര മലബാറിന്റെ അനുഷ്ഠാന കലയായ തെയ്യത്തെ ആധാരമാക്കിക്കൊണ്ട് വിവിധ തെയ്യക്കോലങ്ങൾ, തെയ്യങ്ങളുടെ ഉൽപ്പത്തി, ആവിഷ്കാരം എന്നിവയുടെ ചരിത്രം, പൈതൃകം, വിശ്വാസം, സംസ്കാരം, കല എന്നിവ കോർത്തിണക്കിക്കൊണ്ട് പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നു. ഈ സാമ്പത്തിക വർഷം തന്നെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കും.





## കൺസർവേഷൻ ലാബ്

മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം ആസ്ഥാനത്ത് രാജാരവിവർമ്മയുടെയും, മറ്റ് പ്രശസ്തരായ ചിത്രകാരന്മാരുടെയും അമൂല്യങ്ങളായ പെയിന്റിംഗുകളും, ചിത്രങ്ങളും കാലോചിതമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായുള്ള കൺസർവേഷൻ പ്രവർത്തികൾ നടത്തുന്നതിന് ആധുനിക കൺസർവേഷൻ ലാബ് സ്ഥാപിക്കാൻ ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കിയ 1,41,00,000രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.

## കണ്ണൂരിൽ കൈത്തറി മ്യൂസിയം

ഉത്തര മലബാറിന്റെ പൈതൃകവും ചരിത്രവും ഇഴചേർന്ന് കിടക്കുന്ന കൈത്തറിയുടെ ഉത്ഭവം മുതലുള്ള എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കണ്ണൂർ ടൗണിൽ സ്ഥിതി ചെയ്യുന്ന 200 വർഷം പഴക്കമുള്ള കേരള സംസ്ഥാന ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം സജ്ജീകരിക്കുന്നു. 2,12,33,690 രൂപയുടെ ഈ പദ്ധതി 80 ശതമാനവും പൂർത്തീകരിച്ചു കഴിഞ്ഞു.



## പെരളശ്ശേരിയിൽ ഏ.കെ.ജി സ്മൃതി മ്യൂസിയം

വിപ്ലവാചാര്യൻ എ.കെ. ഗോപാലന്റെ സ്മരണാർത്ഥം പെരളശ്ശേരിയിൽ എകെജി സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് 3.21 ഏക്കർ ഭൂമി റവന്യൂ വകുപ്പ് മുഖേന വകുപ്പ് ഏറ്റെടുക്കുകയും 11,26,99,868/രൂപ ചെലവഴിക്കുകയും ചെയ്തു. മ്യൂസിയത്തിന്റെ ശിലാസ്ഥാപനം 2021 മാർച്ചിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു.






ദീപക് മൗത്തോട്ടിൽ



**ആന്റണി രാജു**

ഗതാഗത വകുപ്പുമന്ത്രി

# വരുന്നു, കെ. എസ്. ആർ. ടി. സിയുടെ ഗ്രാമവണ്ടികൾ

നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ കേരളം ലോക ഗതാഗതത്തിന് ഒരു കണക്റ്റിംഗ് പോയിന്റ് ആയിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആദ്യമായി ഒരു യൂറോപ്യൻ സഞ്ചാരി കടന്നുവന്നത് നമ്മുടെ കേരള തീരത്താണ്. 1498-ൽ കോഴിക്കോട് കാപ്പാട് വന്നിറങ്ങിയ വാസ്കോഡ ഗാമയായിരുന്നു ആദ്യ യൂറോപ്യൻ സഞ്ചാരി. അതിനും വളരെക്കാലം മുമ്പ് തന്നെ വിദേശികൾ പ്രത്യേകിച്ച് അറബികളും പേർഷ്യൻ കച്ചവടക്കാരും കേരളത്തിലേക്ക് സമുദ്ര സഞ്ചാരപാത തുറന്നിരുന്നു. കേരളത്തിൽ സുലഭമായിരുന്ന സുഗന്ധദ്രവ്യങ്ങളായിരുന്നു അവരെ ഇങ്ങോട്ട് ആകർഷിച്ചത്. കേരളത്തിലെ മലനാടുകളിൽ വിളയുന്ന ഏലവും കുരുമുളകും ഗ്രാമ്പൂവുമെല്ലാം തുറമുഖങ്ങളിൽ എത്തിച്ചിരുന്നത് ചുമന്നും കൈവണ്ടിയിലും കാളവണ്ടിയിലും മറ്റുമായിരുന്നു. അക്കാലത്ത് യാത്രാ വാഹനങ്ങൾ ഒരു സ്വപ്നം മാത്രമായിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ തന്നെ കേരളത്തിലെ നിരത്തുകളിലൂടെ മോട്ടോർ വാഹന ഗതാഗതം ചെറിയ തോതിൽ ആരംഭിച്ചു. എന്നാൽ ആദ്യകാലത്തെ വാഹനയാത്ര ഇന്ന് താരതമ്യം ചെയ്യുമ്പോൾ പരിതാപകരമായിരുന്നു. ഉൾനാടൻ ഗ്രാമങ്ങളിലൂടെയുള്ള കുണ്ടും കുഴിയും നിറഞ്ഞ മൺറോഡുകളിലെ യാത്ര അതിലേറെ ദുസ്സഹമായിരുന്നു. നഗരങ്ങളിലും പട്ടണങ്ങളിലും കാലക്രമേണ റോഡുകൾ രൂപം കൊണ്ടെങ്കിലും ഉൾനാടൻ ഗ്രാമീണ ഗതാഗതം ഒരുസ്വപ്നമായിത്തന്നെ അവശേഷിച്ചു. പിന്നീട് റോഡുകളുടെ നിലവാരം ഉയർന്നെങ്കിലും കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിൽ ഇപ്പോഴും ഗതാഗതത്തിന് ബുദ്ധിമുട്ടുന്ന നിരവധി പ്രദേശങ്ങളുണ്ട്. ഇരു ചക്രവാഹനങ്ങളെയും ജീപ്പുകളെയും ഓട്ടോറിക്ഷകളെയും മാത്രം ആശ്രയിച്ചാണ് ഇത്തരക്കാരുടെ





അത്യാവശ്യ സഞ്ചാരം. ദൈനംദിന ആവശ്യങ്ങൾക്ക് നഗരങ്ങളിലും പട്ടണങ്ങളിലും പോകേണ്ടി വരുന്ന കേരളത്തിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവരെ സംബന്ധിച്ച് സഞ്ചാരം എന്നുമൊരു ചോദ്യചിഹ്നമാണ്. ഇത്തരത്തിലുള്ള ഗ്രാമീണരെ മുന്നിൽ കണ്ടു കൊണ്ടാണ്'കെഎസ്ആർടിസി ഗ്രാമവണ്ടി'എന്ന ആശയം സംസ്ഥാന ഗതാഗത വകുപ്പ് മുന്നോട്ടുവയ്ക്കുന്നത്.

ഇനിയും വാഹനങ്ങൾ എത്താത്ത കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിലെല്ലാം ഗതാഗത സൗകര്യം ഒരുക്കുക എന്നത് കെഎസ്ആർടിസിയുടെ മാത്രം ചുമതലയിൽ യാഥാർത്ഥ്യമാക്കാൻ കഴിയില്ല. കെഎസ്ആർടിസിക്ക് മാത്രമായി ഈ വെല്ലുവിളി ഒറ്റയ്ക്ക് ഏറ്റെടുത്ത് പരിഹരിക്കുവാൻ കഴിയില്ല. ഈ യാഥാർത്ഥ്യം മുന്നിൽക്കണ്ടാണ് ജനപ്രതിനിധികളുടെ നിരന്തരമായ ആവശ്യവും ഗ്രാമീണ ജനതയുടെ യാത്രാ അവകാശവും പരിഗണിച്ച് കേരളത്തിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ യാത്രാസൗകര്യം ഒരുക്കുന്ന വിധത്തിൽ ഗ്രാമീണ വണ്ടി എന്ന പുതിയ സംവിധാനം രൂപീകരിക്കുന്നത്.

കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും അവരുടെ സഞ്ചാരത്തിനായി ആശ്രയിക്കുന്നത് കെഎസ്ആർടിസിയെയാണ്. വിദ്യാർഥികൾക്കുള്ള സൗജന്യ യാത്രയും ആദിവാസി മേഖല ഉൾപ്പെടെയുള്ള ഉൾനാടൻ സ്ഥലങ്ങളിലേക്കുള്ള സർവ്വീസുകളും കെഎസ്ആർടിസിയുടെ സാമൂഹിക പ്രതിബദ്ധത തെളിയിക്കുന്നു.കോവിഡ് മഹാമാരിക്കാലത്ത് വളരെക്കുറച്ച് യാത്രക്കാർക്ക് വേണ്ടിപ്പോലും സർവീസ് നടത്തുന്ന കെഎസ്ആർടിസി പൊതു ജനങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു പൊതുമേഖലാസംരംഭമാണ്. ലാഭനഷ്ടക്കണക്കുകൾ നോക്കാതെ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായം മാനിച്ചുകൊണ്ട് നിരവധി സർവീസുകൾ കെഎസ്ആർടിസി നടത്തി വരികയാണ്. കെഎസ്ആർടിസി ബസുകൾ എത്തിച്ചേരാത്ത മേഖലയിലെ പൊതുജനങ്ങളുടെ യാത്രാവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് ബാധ്യത പങ്കുവെച്ചുകൊണ്ട് ഉൾനാടൻ ഗ്രാമങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'കെഎസ്ആർടിസി ഗ്രാമവണ്ടി'എന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തിരിക്കുന്നത്. ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾ മനസ്സിലാക്കി കൊണ്ട് വിവിധ വലിപ്പത്തിലുള്ള വാഹനങ്ങൾ സർവീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്.

ഗ്രാമീണമേഖലയിൽ പലയിടത്തും വീതി കുറഞ്ഞ ചെറിയ റോഡുകൾ ആണ് ഉള്ളത്. വീതിയും നീളവും കുറഞ്ഞ 24,32 സീറ്റുകളുള്ള ചെറിയ വാഹനങ്ങളെക്കൂടി ഉൾപ്പെടുത്തി ഇത്തരം സർവ്വീസ് യാഥാർഥ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇന്ധനച്ചെലവ് മാത്രം ബന്ധപ്പെട്ട തദ്ദേശസ്വയം- ഭരണസ്ഥാപനങ്ങൾ വഹിക്കുകയും ബാക്കി മുഴുവൻ ചെലവുകളും കെഎസ്ആർടിസി വഹിക്കുകയും ചെയ്യുന്നതാണ് 'കെഎസ്ആർടിസി ഗ്രാമവണ്ടി'പദ്ധതി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന റൂട്ടുകളിലൂടെയായിരിക്കും ബസുകൾ സർവ്വീസ് നടത്തുന്നത്.

ഗ്രാമീണ ജനങ്ങളുടെ ചിരകാല അഭിലാഷമായ കെഎസ്ആർടിസി ബസ് സർവീസ് അവരുടെ വീട്ടു പടിക്കലൂടെ കടന്നു പോകുന്നു എന്നതിലുപരി കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പ്രദേശത്തെ ഗതാഗത സംവിധാനത്തിൽ പങ്കാളികളാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. അങ്ങനെ കേരളത്തിലെ എല്ലാ മേഖലകളും കേരളത്തിന്റെ സഞ്ചാര പഥത്തിൽ ഉൾപ്പെടുന്ന മഹത്തായ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

മണിക്കൂറുകൾ കാത്തിരിക്കേണ്ടി വരുന്ന ഉൾനാടൻ ഗ്രാമങ്ങളിലെ യാത്രക്കാർക്ക് പ്രത്യാശ നൽകുന്ന ഒരു പദ്ധതിയാണ് 'കെഎസ്ആർടിസി ഗ്രാമവണ്ടി'. നമ്മുടെ വിദ്യാർഥികൾക്ക് കാലവിളംബംകൂടാതെ വിദ്യാലയങ്ങളിൽ എത്തിച്ചേരുവാനും യുവജനങ്ങൾക്കും തൊഴിലാളികൾക്കും അവരുടെ പണി സ്ഥലത്ത് കൃത്യസമയത്ത് എത്തിച്ചേരാനും പൊതുജനങ്ങൾക്ക് യഥേഷ്ടം യാത്ര ചെയ്യാനും ഇതിലൂടെ കഴിയും. ■






**ഡോ. ആർ. ബിന്ദു**

ഉന്നത വിദ്യാഭ്യാസവും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി

# ഉന്നതവിദ്യാഭ്യാസം: പുതിയ വാർപ്പുമാതൃകകൾ വേണം

21 - ാം നൂറ്റാണ്ടിലെ ലോകസാഹചര്യങ്ങൾക്കനുസൃതമായി, കാലം ഉയർത്തുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ പാകത്തിൽ സമഗ്രവും സമൂലവുമായ മാറ്റത്തിനു വേണ്ടി ശ്രമിക്കുക എന്നതാണ് ഉന്നതവിദ്യാഭ്യാസരംഗം ഇന്ന് ഏറ്റെടുക്കേണ്ട പ്രധാന ദൗത്യം. കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമായി മാറ്റിയെടുക്കുക എന്നതായിരിക്കണം നമ്മുടെ സുപ്രധാന ലക്ഷ്യം. നൂതനവും സവിശേഷവും പ്രയോഗക്ഷമവുമായ അറിവുകളുടെ ഉത്പാദനത്തിലൂടെ, നാടിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിന് ആ വിജ്ഞാനം ഉപയോഗപ്പെടുത്തുന്നതിലൂടെ മാറ്റത്തിന്റെ ചാലകശക്തികളായി മാറാൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ സജ്ജമാകേണ്ടതുണ്ട്. ഈ മേഖലയിൽ പ്രാപ്യതയും ഗുണമേന്മയും ഉറപ്പുവരുത്തിക്കൊണ്ട് സർവ്വകലാശാലകളേയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളേയും മികവിന്റെ കേന്ദ്രങ്ങളായി വളർത്തുകയും വിജ്ഞാനത്തെ സമ്പദ്വ്യവസ്ഥയുടെ അടിത്തറയാക്കി മാറ്റിക്കൊണ്ട് കേരളം നേരിടുന്ന പരിമിതികളെ മറികടക്കുകയും ചെയ്യുകയാണ് ഇപ്പോൾ ചെയ്യാവുന്നത്. അതോടൊപ്പം നമ്മുടെ വിദ്യാഭ്യാസത്തെ ലോകനിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ട് ഗ്ലോബൽ അക്കാദമിക്സിന്റെ ഒരു ഹബ്ബ് ആക്കി കേരളത്തെ മാറ്റുക എന്ന ഉത്തരവാദിത്തവും ഏറ്റെടുക്കണം. ഇതിനു രണ്ട് വശങ്ങളുണ്ട്. ആദ്യത്തേത് ഗുണമേന്മ ആഗോളതലത്തിൽ തിരിച്ചറിയാവുന്ന വിധത്തിൽ വർധിപ്പിക്കുക എന്നതാണ്.

ഇതിനായി, ലോക റാങ്കിങ്ങിൽ എത്തുന്നതിനു സർവകലാശാലകളെയും കോളേജുകളെയും പ്രേരിപ്പിക്കുകയും അവർ അതിനു വേണ്ടി പ്രവർത്തിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതുണ്ട്. അക്കാദമിക് റാങ്കിങ് ഓഫ് വേൾഡ് യൂണിവേഴ്സിറ്റീസ് (അഥവാ ഷാങ്ഹായ് റാങ്കിങ്), ടൈംസ് ഹയർ



എഡ്യൂക്കേഷൻ എന്നിവ പോലെയുള്ള ലോക റാങ്കിങ് ഏജൻസികളുടെ റാങ്കിങ് മാനദണ്ഡങ്ങൾക്കനുസരിച്ചു പ്രവർത്തനം ഏകോപിപ്പിക്കുവാൻ സർവകലാശാലകളെ പ്രാപ്തമാക്കേണ്ടതുണ്ട്.

അധ്യയനം (30 ശതമാനം), ഗവേഷണം (30 ശതമാനം), സൈറ്റേഷൻ (30/ 27.5/ 25 ശതമാനം), അന്താരാഷ്ട്ര ബന്ധങ്ങൾ (7.5/ 9 ശതമാനം), വ്യാവസായിക വരുമാനം (2.5/ 5 ശതമാനം) എന്നിങ്ങനെ യാണ് സർവകലാശാലയുടെ പൊതു റാങ്കിങ്, സാങ്കേതിക വിദ്യാഭ്യാസം, കമ്പ്യൂട്ടർ പഠനം, ബിസിനസ്/ സാമ്പത്തിക ശാസ്ത്ര വിഷയങ്ങൾ എന്നിവയുടെ മാനദണ്ഡങ്ങൾ. റാങ്ക് ചെയ്യുന്ന വർഷത്തിന് മുൻപുള്ള 5 വർഷത്തെ നേട്ടങ്ങളാണ് വിശകലനം ചെയ്യപ്പെടുക.

ലോക റാങ്കിങ് മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ മാനവിക മൂല്യങ്ങളും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിണാമത്തി നാവശ്യമായ നിബന്ധന കളും സംയോജിപ്പിച്ച് ഒരു പൊതു ഗുണമേന്മ മാനദണ്ഡം രൂപീകരിക്കുകയും അത് നേടുന്നതിന് സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് രണ്ടാമത്തെ വശം. മേന്മയെ പ്രോത്സാ ഹിപ്പിക്കുമ്പോഴെല്ലാം സമൂഹത്തിലെ ഏറ്റവും അരികുവത്കരിക്കപ്പെട്ടവർ കൂടുതൽ പിന്നിലാക്ക പ്പെടുകയും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർധിക്കുകയും ചെയ്യാനുള്ള പ്രവണത യുണ്ടാകും. ഗ്രാമീണമേഖലയിലുള്ള സ്ഥാപനങ്ങൾ, സാമ്പത്തികമായ പിന്നോക്കാവസ്ഥയും പ്രാന്തവത്കരണവും അനുഭവിക്കുന്നവർ ധാരാളമായി പഠിക്കുന്ന സ്ഥാപനങ്ങൾ എന്നിങ്ങനെ പ്രത്യേക പരിഗണന നൽകേണ്ട സ്ഥാപനങ്ങളെ ഏറ്റെടുത്തു വികസിപ്പിക്കേണ്ട ഉത്തരവാദിത്തം അതുകൊണ്ടുതന്നെ ഉണ്ടാകുന്നു.

അക്കാദമിക കേന്ദ്രങ്ങൾ എന്ന നിലയിൽ സർവകലാശാലകളെയും കോളേജുകളെയും വളർത്തുക എന്ന ഉത്തരവാദിത്തവും ഏറ്റെടുക്കുക എന്നതാണ് ഈ മേഖലയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. ഇതിന്റെ മുഖ്യഭാഗം ഗവേഷണമാണ് എന്നതുകൊണ്ട് ഇതിൽ നമ്മുടെ സത്വര ശ്രദ്ധ ഉണ്ടാകണം. ഒരു ലക്ഷം രൂപ മൂല്യമുള്ള 500 പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ 2021-22 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പേര് സൂചിപ്പിക്കുന്നതുപോലെ കേരളത്തിന്റെ പുനഃസൃഷ്ടിക്ക് സഹായിക്കുന്ന നവീന മേഖലകളിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം ഇതിന്റെ പ്രധാന ലക്ഷ്യം. മികവിന്റെ കേന്ദ്രങ്ങളായി സ്വയംഭരണാവകാശമുള്ള 30 അന്തർ സർവകലാശാല കേന്ദ്രങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതുകൊണ്ടാണ്. ഗവേഷണത്തെപറ്റിയുള്ള ഒരു പ്രധാന മാനദണ്ഡം ഗവേഷണങ്ങൾ തുടർ ഗവേഷണങ്ങളിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ്. സ്കോപ്പസ് പോലെയുള്ള സൈറ്റേഷൻ ഇൻഡക്സ്കളെയാണ് ഇതിനു പ്രധാനമായും ഉപയോഗിക്കുന്നത്. സർവകലാശാലകളുടെ ഗവേഷണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിനും ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും സർവകലാശാലയിൽ പ്രത്യേക സംവിധാനങ്ങൾ സ്ഥാപിക്കാവുന്നതാണ്. സർക്കാർ നൽകുന്ന ഗവേഷണ ഫണ്ടുകൾ കൈകാര്യം ചെയ്യുക, നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ ഫണ്ടുകൾ ലഭ്യമാക്കുക, വ്യവസായ സ്ഥാപനങ്ങളിലും വിദേശ ഏജൻസികളിലും നിന്നുള്ള ഗവേഷണ ഫണ്ടുകൾ ലഭ്യമാക്കുക, ഗവേഷണ ഫലങ്ങളെ ധനാഗമമാർഗമാകുന്ന തരത്തിൽ പേറ്റന്റുകൾ ആക്കി മാറ്റുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനുമുള്ള ചുമതല ഏറ്റെടുക്കുക എന്നിവയൊക്കെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. വികസനോന്മുഖമായ ഗവേഷണത്തിലും അതിന്റെ



സാമ്പത്തിക സാമൂഹിക പ്രയോഗത്തിലും നമ്മുടെ സർവ്വകലാശാലകൾ ബഹുദൂരം പോകേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനം ഒരു പ്രധാന കടമ്പയാണ്. നമ്മുടെ വിദ്യാർഥികളുടെ തൊഴിൽക്ഷമതയും നൈപുണിയും വർധിപ്പിച്ച് വളർന്നു വരുന്ന തൊഴിൽ കമ്പോളത്തിന് അനുയോജ്യരാക്കുക എന്ന ഉത്തരവാദിത്തവും ഏറ്റെടുക്കുന്നതിന് ഇനിയും വൈകിക്കൂടാ. യുവാക്കളുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ അസാപ്പ്, എൽ.ബി.എസ്. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കേണ്ടതുണ്ട്.

അറിവിന്റെ ഉത്പാദനം, ഉത്പാദിപ്പിച്ച അറിവിനെ ഭൗതിക ശക്തിയായ സാമ്പത്തിക ഉത്പാദന ശക്തിയായി പരിണമിപ്പിക്കൽ, അതിനെ സമൂഹത്തിലേക്ക് സംക്രമിപ്പിച്ചുകൊണ്ട് അധ്വാനത്തിന്റെ അടിത്തറയാക്കി മാറ്റൽ ഇങ്ങനെ സമൂഹത്തിൽ നിലനിൽക്കുന്ന വിടവുകൾക്കു പരിഹാരമാകുന്ന തരത്തിൽ വിജ്ഞാനത്തെ രൂപപ്പെടുത്താൻ ഉന്നതവിദ്യാഭ്യാസ രംഗത്തിനു കഴിയുന്നതിന് എടുക്കേണ്ട നടപടികൾ തുടങ്ങിയവയൊക്കെ നമ്മുടെ സജീവ പരിഗണനയ്ക്കും പഠനത്തിനും പാത്രീഭവിക്കേണ്ട വിഷയങ്ങളാണ്. ■






**ജെ. ചിഞ്ചുറാണി**

മൃഗസംരക്ഷണവും
ക്ഷീരവികസനവും വകുപ്പ് മന്ത്രി

# ഗ്രാമസ്വയംപര്യാപ്തതയിലേക്ക് ഒരു നാഴികക്കല്ല്

## പെരിയാർ കുട്ടമ്പുഴ പശു സംരക്ഷണ പദ്ധതി

നമ്മുടെ ഗ്രാമങ്ങൾ സ്വയംപര്യാപ്തമാക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കാണുമ്പോൾ അതിനുള്ള മാർഗ്ഗം കൃഷിയോടൊപ്പം തീർച്ചയായും മൃഗസംരക്ഷണ ക്ഷീരവികസന മേഖല തന്നെയായിരിക്കും. ഭക്ഷ്യസുരക്ഷയ്ക്ക് ഒപ്പം ഗ്രാമീണ ജനതയുടെ സാമ്പത്തിക ശാക്തീകരണത്തിനും വലിയ സംഭാവന നൽകാൻ ഈ മേഖലയ്ക്ക് കഴിയും. ഇതെല്ലാം മുന്നിൽ കണ്ടു കൊണ്ടുള്ള നിരവധി പദ്ധതികൾക്ക് വകുപ്പ് രൂപം നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജൂലൈ
ഒൻപതാം തീയതി കോടനാട് പെരിയാർ കുട്ടമ്പുഴ പശു സംരക്ഷണ പദ്ധതി ഉദ്ഘാടനം ചെയ്തത് നമ്മുടെ നാടിന്റെ തന്നെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.

കേരളത്തിൽ തനതായി വെച്ചൂർ പശു പോലെയുള്ള നാടൻപശു ജനുസ്സുകൾ കാലാകാലമായി നിലനിന്നിരുന്നു. അവയിൽ പ്രധാനമാണ് കുട്ടമ്പുഴ കുള്ളൻ അഥവാ പെരിയാർ പശുക്കൾ കേരളത്തിന്റെ ജീവരേഖയായ പെരിയാർ നദിയുടെ ഇരുകരകളിലും ഗ്രാമങ്ങളിലും തോട്ടം മേഖലയിലും ഇവ ധാരാളമായി കാണപ്പെടുന്നു. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ, കോടനാട്, പാണിയേലി എന്നീ പ്രദേശങ്ങളിലെ സാധാരണ കർഷകർ അവയെ പരിപാലിച്ച് വരികയും ഫലസിദ്ധി അനുഭവിച്ചു വരികയും ചെയ്തിരുന്നു. കുട്ടമ്പുഴ പ്രദേശത്ത് അവ കൂട്ടത്തോടെ കണ്ടുവന്നിരുന്നതിനാലാണ് 'കുട്ടമ്പുഴ കുള്ളൻ' എന്ന പേര് വന്നുചേർന്നത്.

ഉദ്ദേശം 90 മുതൽ 100 സെന്റീമീറ്റർ വരെ ഉയരമുള്ള ഇവയ്ക്ക് മെച്ചപ്പെട്ട



കരുത്തോടെ 100ാം ദിനത്തിലേക്ക്

# 'ബസ് ഓൺ വീൽ ഷോപ്പി'

മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുന്നതിന്റെ തുടക്കം എന്ന നിലയിലാണ് വിപണിയിലിറക്കുന്ന മിൽമയുടെ എല്ലാ ഉൽപ്പന്നങ്ങളും ഒരുകുടക്കീഴിൽ ന്യായമായ വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കെഎസ്ആർടിസിയുമായി സഹകരിച്ച് 'ബസ് ഓൺ വീൽ ഷോപ്പി' എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് ഉപയോഗശൂന്യമായി കിടക്കുന്ന പഴയ കെഎസ്ആർടിസി ബസുകൾ ഫുഡ്ട്രക്ക് ആക്കി മാറ്റിയാണ് ഈ വിപ്ലവകരമായ പദ്ധതി നടപ്പിലാക്കുന്നത്. കെഎസ്ആർടിസിയുടെ വരുമാനക്കുറവ് നികത്താൻ പറ്റിയ ഒരു മാർഗ്ഗം തേടുമ്പോഴാണ് ഇങ്ങനെ ഒരു ആശയം ഉദയം ചെയ്യുന്നത്. 20,000 രൂപ കെഎസ്ആർടിസിക്ക് ബസ്സിന്റെയും സ്ഥലത്തിന്റെയും ഇനത്തിൽ നൽകും. ബസ്സിനെ ഫുഡ് ട്രക്ക് ആക്കി മാറ്റുന്നതിന് ഏകദേശം നാല് ലക്ഷം രൂപ യാണ് മിൽമയ്ക്ക് ചെലവ്. എട്ടുപേർക്ക് ഇരുന്ന് കഴിക്കാൻ പാകത്തിന് ഡൈനിംഗ് സംവിധാനം ബസ്സിനകത്ത് ഒരുക്കിയിട്ടുണ്ട്.

മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതി മിൽമയുടെ തിരുവനന്തപുരം, മലബാർ, എറണാകുളം മേഖലകളിലായി നടപ്പിലാക്കി വരുന്നു. നിലവിൽ തിരുവനന്തപുരം, തൃശൂർ, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. പാലക്കാടും മലപ്പുറത്തും കൊല്ലത്തും നിർമ്മാണജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വ്യാവസായിക പ്രാധാന്യമുള്ള സ്ഥലങ്ങളിൽ കെഎസ്ആർടിസിയുമായി സഹകരിച്ച് ഇനിയും ഇത്തരം ഫുഡ് ട്രക്കുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.



പാൽ ഉത്പാദന ശേഷിയും കാലാവസ്ഥാഭേദങ്ങൾക്ക് അനുയോജ്യമായ താപതുലന ശേഷിയുമുണ്ട്. മികച്ച രോഗ പ്രതിരോധശേഷിയാണ് മറ്റൊരു പ്രത്യേകത. പരിപാലന ചെലവുകളുടെ കുറവും കുറഞ്ഞ പരിചരണവും മതിയെന്നുള്ളതിനാൽ ചെറുകിട കർഷകർക്ക് വീട്ടുവളപ്പിൽ സംരക്ഷിക്കാവുന്ന ഒരു ഉത്തമ ജനുസ്സായി ഇവ രൂപപ്പെട്ടു.

എന്നാൽ പലവിധ കാരണങ്ങളാൽ ഇവയുടെ എണ്ണം ക്രമേണ കുറയുകയും കർഷകർക്ക് ഇവ ആവശ്യത്തിന് ലഭ്യമാവാത്ത ഒരു അവസ്ഥയുണ്ടായി. ഈ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെയും തദ്ദേശീയരുടെയും പ്രത്യേക ഇടപെടൽ മുഖേന പെരിയാർ പശു സംരക്ഷണ സമിതി എന്ന സംഘടന രൂപം കൊള്ളുകയും കോടനാട് സ്വദേശിയായ കുര്യൻ എന്ന വ്യക്തി അവയെ വാങ്ങി സംരക്ഷിക്കുന്നതിനും മുൻകൈ എടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ന് ഉദ്ദേശം നൂറോളം മികച്ച ഇനം പശുക്കൾ പരിരക്ഷിക്കപ്പെടുന്നു.

ഒരു പശു വർഗ്ഗത്തെ ഇന്ത്യൻ ജനുസ്സായി അംഗീകരിക്കുന്നതിന് നിരവധി നടപടിക്രമങ്ങൾ ഉണ്ട്. ആയതിൽ പരിചയസമ്പന്നനായ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥനായ ഡോക്ടർ എൻ. ജയദേവന്റെ പ്രത്യേക താല്പര്യത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹ സ്ഥാപനമായ NBAGR ന് (നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക്സ് റിസോഴ്സസ്, കർണാൽ) ഒരു പ്രൊജക്റ്റ് സമർപ്പിക്കപ്പെടുകയും പ്രിൻസിപ്പൽ സയന്റിസ്റ്റ് ആയ ഡോക്ടർ അനിൽ കുമാർ മിശ്ര, ഡോക്ടർ കെ. എൻ. രാജ എന്നിവർ 2019, 2020 കാലയളവിൽ പ്രദേശം സന്ദർശിച്ച് വിശദമായ ഗവേഷണവും ഇവയുടെ വർഗീകരണത്തിനുള്ള സുപ്രധാന പ്രവർത്തനങ്ങളായ ജനിതക നിർണയം, ഭൗതിക സ്വഭാവ പഠനം എന്നിവ നടത്തുകയുണ്ടായി. ഭാരതത്തിലെ ഒരു പുതിയ പശു അംഗീകരിക്കപ്പെടാനുള്ള സാധ്യതകൾ ഇതിലൂടെ തെളിയുമെന്ന ശുഭാപ്തിവിശ്വാസം ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർക്കുണ്ട്.

ഇനി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ 1000 പെരിയാർ (കുട്ടമ്പുഴ) പശുക്കളെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ■




ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു



**എംവി ഗോവിന്ദൻ മാസ്റ്റർ**

തദ്ദേശ സ്വയംഭരണ–
ഗ്രാമവികസന– എക്സൈസ് വകുപ്പ് മന്ത്രി

# നവകേരളത്തിനായി ജനകീയാസൂത്രണം

രാജ്യം മുഴുവൻ പകർത്താനാഗ്രഹിക്കുന്ന ഒരു വികസന മുന്നേറ്റമായി ജനകീയാസൂത്രണം അംഗീകരിക്കപ്പെട്ടിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഈ കേരളമാതൃക രാജ്യത്ത് വേറിട്ട് നിൽക്കുന്ന ഒന്നാണ്. ആസൂത്രണത്തിനും പദ്ധതിനിർവ്വഹണത്തിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുവാൻ വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ നടത്താൻ രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും ഇപ്പോഴും തയ്യാറായിട്ടില്ല. ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിലെ ഓരോതലത്തിലും നിർവ്വഹിക്കേണ്ട ചുമതലകൾ നമ്മുടെ സംസ്ഥാനത്തേത് പോലെ വിപുലമായി മറ്റൊരു സംസ്ഥാനവും നിർവ്വഹിച്ചിട്ടുമില്ല.

## നവകേരളമെന്ന സങ്കൽപ്പം യാഥാർത്ഥ്യമാവുമ്പോൾ

ജനക്ഷേമത്തിന്റെയും സാമൂഹികമായ കരുതലിന്റെയും പുത്തൻ പന്ഥാവുകൾ തീർത്ത വികേന്ദ്രീകൃതാസൂത്രണത്തിന്റെ കരുത്തുറ്റ മുന്നേറ്റങ്ങളും കാണാനാവും. 1957–ൽ അധികാരത്തിൽ വന്ന ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലം മുതൽ ഇന്ത്യാരാജ്യത്തെ ദേശീയ, സംസ്ഥാന സർക്കാരുകളുടേതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടും സമീപനവും കേരളത്തിലെ സർക്കാരുകൾ സ്വീകരിച്ചു പോന്നു. അതിന്റെ ഫലം കൂടിയാണ് 1996–ൽ തുടക്കം കുറിച്ച ജന






കീയാസൂത്രണ പ്രസ്ഥാനം. ജനാധികാരത്തിന്റെ പുതിയ വഴിത്താരയിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അന്തരം കുറഞ്ഞു. സാധാരണക്കാരായ ജനങ്ങൾക്ക് തങ്ങൾക്ക് വേണ്ടതെന്തെന്ന് നിർണയിക്കാനുള്ള അവസരം ലഭിച്ചു. അവരുടെ പ്രശ്നങ്ങൾക്ക് സുതാര്യമായ രീതിയിൽ പരിഹാരം കാണാൻ വികേന്ദ്രീകൃത ആസൂത്രണം സഹായകരമായി.

## പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റി നിയമം

ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യൻ സ്വാതന്ത്ര്യസമര കാലത്ത് തന്നെ ചർച്ച ചെയ്യപ്പെട്ടിരുന്നു. ദേശീയ വിമോചനത്തോടൊപ്പം അധികാര വികേന്ദ്രീകരണവും ആ കാലഘട്ടത്തിൽ തന്നെ നമ്മുടെ ലക്ഷ്യമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം അധികാരവികേന്ദ്രീകരണത്തിന് വേണ്ടിയുള്ള ചർച്ചകൾ ചൂടുപിടിച്ചു. പഞ്ചായത്ത്, നഗരഭരണം സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് നിയമ നിർമ്മാണം നടത്താൻ കഴിയുന്ന വിധത്തിൽ ഭരണഘടനയുടെ നിർദ്ദേശകതത്ത്വങ്ങളിൽ എഴുതി ചേർക്കുകയും ഏഴാം പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തതോടെ വിവിധ സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ നിലവിൽ വന്നു. അധികാരങ്ങളൊന്നുമില്ലാത്തതായിരുന്നു അന്നത്തെ പഞ്ചായത്തുകളും ഭരണസമിതികളും. ബ്രിട്ടീഷ് ഭരണകാലത്ത് നഗരശുചീകരണത്തിനുള്ള സംവിധാനം എന്ന നിലയിലാണ് നഗരഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നത്. ജനാധിപത്യസമൂഹത്തിന്റെ പുരോഗമനോന്മുഖമായ വളർച്ചയ്ക്കൊത്ത് അവയെ വികസിപ്പിക്കാൻ സാധിച്ചില്ല. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ റിപ്പോർട്ട് 1958-ൽ കേന്ദ്രസർക്കാരിന് ലഭിച്ചപ്പോൾ അവർ വേണ്ടത്ര ഗൗരവത്തോടെ ആ റിപ്പോർട്ട് പരിഗണിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നിയമനിർമ്മാണങ്ങൾ നടത്താൻ തയ്യാറായതുമില്ല.

## അധികാരവികേന്ദ്രീകരണത്തിന്റെ നാൾവഴികൾ

ഐക്യകേരളം സ്ഥാപിതമാവുന്നതിന് മുന്നെ തന്നെ 1950-ലെ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ട്, മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ട്, 1960-ലെ കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി നിയമങ്ങൾ എന്നിവ കേരളത്തിലെ പഞ്ചായത്ത്, നഗര ഭരണസ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു. 1993-ൽ പ്രാബല്യത്തിലായ പഞ്ചായത്ത്‌രാജ്, നഗരപാലിക ഭരണഘടനാ ഭേദഗതി നിയമങ്ങൾ രാജ്യത്ത് സമഗ്രമായ അധികാര വികേന്ദ്രീകരണത്തിന്റെ വഴികൾ തുറന്നിട്ടു. ഭരണഘടനാ ഭേദഗതിക്കു മുമ്പ് കേരളത്തിൽ 1987-91 ലെ ഇ.കെ. നായനാർ സർക്കാർ കൊണ്ടുവന്ന ജില്ലാകൗൺസിൽ നിയമം അധികാര വികേന്ദ്രീകരണത്തിന്റെ വിശാലമായ സാധ്യതകൾ തുറന്നിടുന്നതായിരുന്നു. ഭരണഘടനാ ഭേദഗതി നിയമങ്ങളുടെ പശ്ചാത്തലത്തിൽ അതിനേക്കാൾ മികച്ച രീതിയിൽ ജനങ്ങളിലേക്ക് അധികാരമെത്തിക്കാൻ സാധിക്കുമായിരുന്നു. പക്ഷെ, അത്തരത്തിലുള്ളൊരു കാഴ്ചപ്പാട് ഉയർന്നു വന്നില്ല.

## ജനകീയാസൂത്രണം യാഥാർത്ഥ്യമാവുന്നു

1996-ൽ അധികാരത്തിൽ വന്ന ഇ.കെ. നായനാർ സർക്കാരിന്റെ വികസന മുൻഗണനകളിൽ പ്രധാനപ്പെട്ടതായിരുന്നു ജനകീയ അധികാരവികേന്ദ്രീകരണം. സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്ന് സമ്പൂർണ്ണ ആസൂത്രണാധികാരത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം ജനകീയാസൂത്രണത്തിന് ആരംഭം കുറിച്ചു. സെൻകമ്മിറ്റിയുടെയും, സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ 1999-ലും തുടർന്ന് 2000-ലും പാസാക്കിയ ഭേദഗതിനിയമങ്ങൾ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ള പ്രാദേശികാസൂത്രണത്തിന് നിയമപരമായ ചട്ടക്കൂടൊരുക്കി. വികസനപദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉദ്യോഗസ്ഥ മേൽക്കോയ്മ ഇല്ലാതാക്കി ജനകീയ താൽപ്പര്യം ഉറപ്പുവരുത്തിയ ഒമ്പതാം പഞ്ചവൽസരപദ്ധതിയെ ജനകീയപദ്ധതി എന്നുതന്നെ വിശേഷിപ്പിക്കേണ്ടതുണ്ട്. വികസനകാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ട്, ജനകീയ ഇടപെടലിന്റെ പ്രാധാന്യം മനസ്സിലാക്കിയ മുഴുവൻ ജനങ്ങളുടെയും പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കിയ സർവ്വതല സ്പർശിയായ ഒരു ജനകീയ കാമ്പയിനിലൂടെയാണ് ജനകീയാസൂത്രണം യാഥാർത്ഥ്യമാക്കിയത്.

## വികസന ദൗത്യവുമായി പ്രാദേശിക സർക്കാരുകൾ

ജനകീയാസൂത്രണം കേരളവികസന ചരിത്രത്തിൽ വഴിത്തിരിവ് കുറിച്ചത് വികസന, ക്ഷേമ രംഗങ്ങളിൽ പ്രാദേശിക ജനകീയാധികാരം സ്ഥാപിച്ചുകൊണ്ടാണ്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ ഉണ്ടായിരുന്ന സംസ്ഥാന സർക്കാരിന്റെ നിയന്ത്രണാധികാരം പരിമിതപ്പെടുത്തി. ഭരണത്തിലിരിക്കുന്ന പാർട്ടിക്കോ മുന്നണിക്കോ കാര്യങ്ങൾ ഏകപക്ഷീയമായി തീരുമാനിക്കാൻ കഴിയാത്ത വിധത്തിൽ തദ്ദേശസ്വയംഭരണ സംവിധാനങ്ങളെ ഘടനാപരമായി ശക്തിപ്പെടുത്തി. പ്രാദേശിക സർക്കാരുകൾക്ക് ആളും അർത്ഥവും അധികാരവും കൈമാറി. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം തുടങ്ങിയ രംഗങ്ങളിൽ ജനകീയാസൂത്രണം വലിയ മാറ്റങ്ങൾക്ക് അടിത്തറയിട്ടു. മെഡിക്കൽ കോളേജുകളും സ്പെഷ്യാലിറ്റി ആശുപത്രികളും ഒഴികെയുള്ള ചികിത്സാകേന്ദ്രങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് വന്നു. സ്കൂളുകൾ പ്രാദേശിക സർക്കാരുകൾക്ക് കൈമാറി. കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും നിയന്ത്രണാധികാരവും ഉറപ്പുവരുത്തി. പ്രാദേശിക തലത്തിൽ നടക്കുന്ന രാഷ്ട്രീയ, ക്ഷേമപ്രവർത്തനങ്ങളുടെ നേതൃത്വത്തിലേക്ക് പ്രാദേശിക സർക്കാരുകൾ ഉയർന്നുവരുന്ന അവസ്ഥ സംജാതമായി. രാജ്യവും ലോകവും മാതൃകയായി പരിഗണിക്കുന്ന നേട്ടങ്ങൾ മലയാളിക്ക് കരഗതമായത് അങ്ങനെയാണ്. നിരവധി വെല്ലുവിളികൾ ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടങ്ങളിൽ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. അതിൽ ഏറ്റവും പ്രധാന വെല്ലുവിളി മുന്നനുഭവങ്ങളുടെ അഭാവമായിരുന്നു. ജനകീയാസൂത്രണ കാലത്തെ ആദ്യ വാർഷിക പദ്ധതി തയ്യാറായത് ഒരു വർഷത്തിലേറെ നീണ്ടു നിന്ന തയ്യാറെടുപ്പുകൾക്കൊടുവിലാണ്.



ആസൂത്രണ ഗ്രാമസഭ, വാർഡുസഭ, വികസന സെമിനാർ, കർമ്മ സമിതികൾ, പദ്ധതി രേഖ, ബ്ലോക്ക്- ജില്ലാ പദ്ധതികൾ, ജില്ലാ ആസൂത്രണസമിതി എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂട് ജനകീയാസൂത്രണത്തിന്റെ ഘടനാ പരമായ അസ്ഥിവാരം ബലപ്പെടുത്തി.

## തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നു

രാജ്യത്താദ്യമായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകൾക്കുവേണ്ടി മാറ്റി വെക്കാൻ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്കായത് സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ പ്രതിഫലനമായിരുന്നു. തൊണ്ണൂറുകളുടെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ തീർത്തും ദുർബലമായി പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ, ജനകീയാസൂത്രണ ക്യാമ്പയിന്റെ ഭാഗമായി ജനകീയപിന്തുണയോടെ വികസിച്ചു വന്ന കുടുംബശ്രീ സംവിധാനം പ്രാദേശിക വികസന പ്രക്രിയയിൽ സ്ത്രീകളുടെ സമഗ്രപങ്കാളിത്തം ഉറപ്പാക്കി. തലചായ്ക്കാൻ കൂരയില്ലെന്ന ദുരവസ്ഥ അഭിമുഖീകരിക്കുന്ന പാവപ്പെട്ടവർക്ക് ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ കരുത്തായി മാറാനും അതുപോലുള്ള ബൃഹത്തായ സാമൂഹ്യ വികസന പദ്ധതികൾ ജനകീയാസൂത്രണത്തിന്റെ തണലിൽ മുന്നോട്ടുവെക്കാനും സാധിച്ചു.

തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അധികാരം നൽകുന്ന 73-ഉം 74-ഉം ഭരണഘടനാഭേദഗതികളുടെ യഥാർത്ഥ അന്ത:സത്ത കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിലെന്ന പോലെ രാജ്യത്ത് മറ്റൊരിടത്തും കാണാനാവില്ല. കേരളത്തിൽ ഏറെ തിളക്കത്തോടെയാണ് ജനകീയാസൂത്രണം മുന്നേറുന്നത്. അത് രാഷ്ട്രീയമായ ഇച്ഛാശക്തിയുടെ പ്രതിഫലനം കൂടിയാണ്. സാമ്പത്തിക വർഷത്തിന്റെ ആദ്യദിവസം മുതൽ വികസന പദ്ധതികളുടെ നിർവഹണം ആരംഭിക്കുന്ന അവസ്ഥയിലേക്ക് കേരളം എത്തിയെന്നത് ചെറിയ കാര്യമല്ല. തൊണ്ണൂറുശതമാനത്തിന് മുകളിൽ പദ്ധതി ചെലവ് എന്നത് അസാദ്ധ്യമായി കരുതിയതായിരുന്നു. ആ ലക്ഷ്യവും കേരളം കൈവരിച്ചു. അധികാരം, ഉദ്യോഗസ്ഥശേഷി, ദൈനംദിന ഭരണമികവ്, സാമ്പത്തികഭദ്രത തുടങ്ങി വിവിധ തലങ്ങളെടുത്ത് പരിശോധിക്കുമ്പോൾ രാജ്യത്തെ ഏറ്റവും ശക്തമായ പ്രാദേശിക സ്വയംഭരണ സംവിധാനം കേരളത്തിലേതാണെന്ന് മനസിലാക്കാൻ ആർക്കും സാധിക്കും.

## ദുരന്തനിവാരണത്തിലും കരുതലോടെ

പിണറായി വിജയന്റെ നേതൃത്വത്തിൽ 2016-ൽ അധികാരമേറ്റ സർക്കാരിന്റെ അഞ്ചുവർഷത്തെ പ്രവർത്തനങ്ങൾ ജനകീയാസൂത്രണത്തിന്റെ മികവ് കൂടുതൽ ഉയർത്തിപ്പിടിക്കുന്നതായിരുന്നു. തദ്ദേശ ഭരണസ്ഥാപന തലത്തിൽ ആവിഷ്കരിച്ച ആസൂത്രണ സമിതികൾ പ്രാദേശികാസൂത്രണത്തിന് പുതിയ മാനം നൽകി. 1967-ൽ അധികാരത്തിൽ വന്ന രണ്ടാം ഇ.എം. എസ്. സർക്കാർ ആദ്യമായി അവതരിപ്പിച്ച ജില്ലാപദ്ധതി എന്ന ആശയം രാജ്യത്താദ്യമായി നടപ്പിലാക്കിയത് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ സർക്കാരാണ്. ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കപ്പെട്ടു. 2018-ലെ മഹാ പ്രളയത്തിനുശേഷം ദുരന്തനിവാരണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. തദ്ദേശഭരണ സ്ഥാപനതലത്തിലുണ്ടായ ദുരന്തനിവാരണ പദ്ധതികൾ ജനകീയഭരണ ചരിത്രത്തിലെ തിളക്കമുള്ള ഏടായി പ്രകീർത്തിക്കപ്പെട്ടു.

## മഹാമാരിക്കെതിരെ

ഇന്ത്യയിൽ കൊറോണ വൈറസ് ബാധ ഏറ്റവുമാദ്യം റിപ്പോർട്ട് ചെയ്തത് കേരളത്തിലായിരുന്നു. കോവിഡ് രോഗികളോ, രോഗാണുവാഹകരോ ആയ ഏറ്റവും കൂടുതലാളുകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും എത്തിചേർന്നത് കേരളത്തിലാണ്. ലോകത്തിലെ എണ്ണം പറഞ്ഞ മുതലാളിത്തരാജ്യങ്ങൾ വരെ കോവിഡ് വ്യാപനത്തെ ചെറുക്കാൻ സാധിക്കാതെ കിതച്ചു നിന്നപ്പോൾ, എല്ലാ പ്രതികൂലഘടകങ്ങളെയും അതിജീവിച്ച് രോഗവ്യാപനത്തെ ഒരുഘട്ടം വരെ നിയന്ത്രിച്ച് നിർത്താൻ കേരളത്തിനായി. ഈ മികവിലൂടെ ദേശീയ, അന്തർദേശീയ പ്രശംസ നേടാൻ കഴിഞ്ഞു. വാർഡുതല ജാഗ്രതാസമിതികളുടെ മാതൃകാപരമായ പ്രവർത്തനവും കമ്മ്യൂണിറ്റി കിച്ചനുകൾ സജ്ജീകരിച്ചതും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കിയതുമൊക്കെ മറ്റ് സംസ്ഥാനങ്ങൾക്ക് ചിന്തിക്കാൻ പോലും സാധിക്കാനാവാത്ത കേരള മോഡലുകളായിരുന്നു. രോഗവ്യാപനം തീവ്രമായതിന് ശേഷവും കോവിഡ് രണ്ടാം തരംഗം ഭീഷണി ആയപ്പോഴും ജനങ്ങളുടെ ജാഗ്രത ശക്തമാക്കുന്നതിലും ആരോഗ്യ പ്രവർത്തകരെ ഏകോപിപ്പിച്ചു നിർത്തി മഹാമാരിയുടെ ആഘാതം കുറയ്ക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ രണ്ടാമതും അധികാരമേറ്റത് ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷത്തിലാണ്. അധികാരം ജനതയ്ക്ക് എന്ന അധികാര വികേന്ദ്രീകരണത്തിന്റെ ആത്മാവിനെ കൂടുതൽ പ്രകാശിപ്പിക്കുന്ന രീതിയിലാണ് സർക്കാർ മുന്നോട്ടു പോവുന്നത്. തദ്ദേശഭരണ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുകയും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയുമാണ് സർക്കാർ. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷം ഒരുവർഷം നീണ്ടുനിൽക്കുന്ന രീതിയിൽ സംസ്ഥാനത്താകമാനം സംഘടിപ്പിക്കുമ്പോൾ, അധികാര വികേന്ദ്രീകരണത്തിന്റെ പഴയകാല തികവുകളിൽ നിന്നും ജനകീയാസൂത്രണ നവകേരളം സൃഷ്ടിക്കാനുള്ള കരുത്താർജ്ജിച്ച് സർക്കാരിന് മുന്നോട്ടു പോവാനാവും. ഈ ഘട്ടത്തിൽ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പുതിയൊരു വികസന സംസ്കാരം കരുപ്പിടിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്. ഓഖിയും നിപയും മഹാപ്രളയവും പ്രകൃതിക്ഷോഭങ്ങളും കോവിഡ് മഹാമാരിയും നമുക്ക് മേൽ ദുരന്തമായി പെയ്തിറങ്ങിയപ്പോഴും ഏതൊരു ജനതയും തകർന്നു പോകുമായിരുന്ന ഈ പ്രതിസന്ധികളെ, ജനകീയാസൂത്രണത്തിന്റെ കൂടി കരുത്തിൽ, കേരളം അതിജീവിക്കുകയായിരുന്നു. ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം തുടങ്ങിയ ലോകോത്തര മാതൃകകൾ കേരളത്തിന് യാഥാർത്ഥ്യമാക്കാനായത് ജനപങ്കാളിത്തത്തിന്റെ കരുത്തിലാണ്.



## സമാനതകളില്ലാത്ത ഇടപെടലുകൾ

മാലിന്യമകന്ന പൊതുഇടങ്ങളും പാരിസ്ഥിതിക അവബോധത്തോടെ കൃഷിയുടെയും ജലസംരക്ഷണത്തിന്റെയും സംസ്കാരം തിരിച്ചു പിടിക്കുന്ന സമൂഹവും സുഭിക്ഷകേരളത്തിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്കുള്ള കുതിപ്പും തുടങ്ങി നിരവധി നേട്ടങ്ങൾ നമുക്ക് അവകാശപ്പെടാനുണ്ട്. കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് പര്യാപ്തമാക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയും തൊഴിൽ രഹിതർക്ക് ജോലി ലഭ്യമാക്കാനുള്ള സമാനതകളില്ലാത്ത ഇടപെടലുകളും നവകേരള മിഷന്റെ പുതിയ രൂപത്തിലുള്ള മുന്നേറ്റവും കാർഷിക മേഖലയിൽ നേട്ടം കൈവരിക്കാനുള്ള തീവ്രയത്നവുമൊക്കെ ഈ സർക്കാരിനെ കൂടുതൽ ജനകീയമാക്കും. സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കിയും നടപടി ക്രമങ്ങൾ ലളിതമാക്കിയും ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയും, തദ്ദേശഭരണസ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിലും പദ്ധതി പ്രവർത്തനത്തിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രജതജൂബിലിയുടെ നിറവിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കൂടുതൽ തിളക്കമുള്ള ഏടുകൾ നമുക്ക് രചിക്കാം. ■






**പി എ മുഹമ്മദ് റിയാസ്**

പൊതുമരാമത്തും,
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

# ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ്

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസന മേഖല വലിയ കുതിപ്പിലാണ്. റോഡുകളുടെയും പാലങ്ങളുടെയും നവീകരണവും പുതിയ പദ്ധതികളുടെ പ്രവർത്തനങ്ങളും അതിവേഗം പുരോഗമിക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം അടിസ്ഥാന സൗകര്യവികസന രംഗത്ത് വലിയ മുന്നേറ്റം സാധിക്കാത്ത സംസ്ഥാനം എന്ന പേരാണ് ഒരുകാലത്ത് കേരളത്തിനുണ്ടായിരുന്നത്. കഴിഞ്ഞ എൽഡിഎഫ് സർക്കാർ കിഫ്ബിയിലൂടെയും നവകേരള നിർമ്മാണ പദ്ധതിയിലൂടെയും അടിസ്ഥാന വികസന രംഗത്തെ മുന്നേറ്റത്തിന് തുടക്കം കുറിച്ചു. ഇത് വലിയ മാറ്റം തന്നെയാണ് ഉണ്ടാക്കിയത്. എന്നാൽ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുക എന്നതാണ് നേരിടുന്ന വെല്ലുവിളി. അതിനായി കൂട്ടായ പ്രവർത്തനം നടത്താനാണ് ആഗ്രഹിക്കുന്നത്. ആദ്യഘട്ടത്തിൽ ജനങ്ങളുമായി ഒത്തുചേർന്നും അതോടൊപ്പം ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനത്തിന് തുടക്കം കുറിച്ചുമാണ് ഓരോ പദ്ധതി പ്രവർത്തനവും മുന്നോട്ട് കൊണ്ടുപോകുന്നത്.

ഇതിന്റെ ഭാഗമായി ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്ന കാഴ്ചപ്പാടിലൂന്നിയാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ജനങ്ങളുടെ അഭിപ്രായങ്ങൾ പരമാവധി കേട്ടുകൊണ്ട് അവ ഓരോന്നായി പരിശോധിച്ച് പോകുമ്പോൾ ഉദ്യോഗസ്ഥരും ജനങ്ങളുമായി ഒരു ബന്ധം നിലവിൽ വരികയും വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുകയും ചെയ്യുന്നുണ്ട്. രണ്ടര മാസത്തെ ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ ഓരോ പ്രവർത്തനത്തിലും ജനങ്ങളുടെ കൂടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നത് ഫലപ്രദമായിരിക്കുമെന്നാണ് കാണുന്നത്.

## പി.ഡബ്ല്യൂ.ഡി 4 യു

ജനങ്ങളുടെ പരാതികൾക്ക് അടിയന്തിര പ്രാധാന്യത്തോടെ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള പരാതി പരിഹാര സംവിധാനങ്ങളെ വിപുലപ്പെടുത്തുകയായിരുന്നു ആദ്യം. ജനങ്ങൾക്ക് പരാതി അറിയിക്കുന്നതിന് വേണ്ടി പിഡബ്ല്യൂഡി4യു എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് ആരംഭിച്ചു. റോഡിന്റെ ഫോട്ടോയെടുത്ത് മാപ്പ് സഹിതം പരാതി അറിയിക്കാ



നുള്ള സംവിധാനമാണിത്. ആപ്പ് വഴി ഇതുവരെ ലഭിച്ച പരാതികളിൽ 90 ശതമാനവും തുടർ നടപടികൾക്ക് നൽകിയിട്ടുണ്ട്. അതോടൊപ്പം പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനങ്ങൾ മന്ത്രി ഓഫീസുമായി ബന്ധപ്പെടുത്തി. സോഷ്യൽ മീഡിയയിൽ വരുന്ന പരാതികളിലും നടപടികൾ സ്വീകരിക്കാനുള്ള സംവിധാനമൊരുക്കി. റിംഗ്റോഡ് എന്ന പേരിൽ ജനങ്ങളുടെ പരാതികൾ മന്ത്രി എന്ന നിലയിൽ നേരിട്ട് കേൾക്കുന്ന പരിപാടിയും നടത്തിവരുന്നുണ്ട്. റിംഗ്റോഡിൽ ലഭിക്കുന്ന പരാതികളിൽ അപ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിളിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. ഈ പദ്ധതികൾ വഴി ഇതുവരെ ആകെ 12389 പരാതികളാണ് ലഭിച്ചത്. ഇതിൽ 12037 പരാതികളും തുടർ നടപടികളിലാണ്.

പിഡബ്ല്യുഡി4യു ആപ്പ്, സോഷ്യൽ മീഡിയ പരാതികൾ എന്നിവ പരാതി പരിഹാര സെല്ല് വഴിയാണ് പരിശോധിക്കുന്നത്. ഇത് കൂടാതെ ടോൾഫ്രീ നമ്പറിൽ വരുന്ന പരാതികളും സെല്ലിലെ ജീവനക്കാർ പരിശോധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമായി വരുന്ന പരാതികളിൽ വേഗത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നുണ്ട്.



എന്നാൽ ഭൂരിപക്ഷം പരാതികളും ദേശീയപാതയെയും തദ്ദേശറോഡുകളെയും സംബന്ധിച്ചുള്ളതാണ്. ദേശീയപാതയിലെ കുഴികൾ വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട പരാതികളിൽ അടിയന്തിര പരിഹാരം കാണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ദേശീയ പാതാ അതോറിറ്റി ഉദ്യോഗസ്ഥർക്കും പരാതികൾ കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി ഉണ്ടാകും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

പിഡബ്ല്യുഡി സ്ഥലം പരസ്യക്കമ്പനികൾ അനുമതിയില്ലാതെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിയത് ജനങ്ങളാണ്. ഇപ്പോൾ പിഡബ്ല്യുഡി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന പ്രവർത്തനം നടന്നുവരികയാണ്. റോഡരികിൽ വർഷങ്ങളായി നിർത്തിയിട്ട വാഹനങ്ങൾ ഗുരുതരമായ സാമൂഹ്യ പ്രശ്നം ഉണ്ടാക്കുന്നതായി ജനങ്ങളാണ് പരാതി പറഞ്ഞത്. റിംഗ്റോഡ് പരിപാടിയിൽ വന്ന ഒരു പരാതിയിൽ നിന്നും സംസ്ഥാനത്തെ ആകെ വാഹനങ്ങൾ നീക്കം ചെയ്യാനുള്ള തീരുമാനത്തിലേക്ക് എത്തുകയായിരുന്നു. പോലീസ് പിടിച്ചിട്ട വാഹനങ്ങൾ റോഡരികിൽ നിന്നും നീക്കം ചെയ്യണമെന്ന് ഡിജിപി തന്നെ ഉത്തരവിറക്കി. ഇപ്പോൾ ഓരോ ജില്ലയിലും ഇതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാഹനങ്ങൾ മാറ്റുമ്പോൾ ലഭിക്കുന്ന സ്ഥലങ്ങളിൽ ജനങ്ങൾക്ക് തന്നെ ഉപകാരപ്പെടുന്ന രീതിയിൽ കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കാനുള്ള പദ്ധതിയും ആലോചനയിലുണ്ട്.



പി.ഡബ്ല്യു.ഡി 4 യു ആപ്പ്

## റസ്റ്റ് ഹൗസ് നവീകരണം

പിഡബ്ല്യുഡി റസ്റ്റ്ഹൗസുകളെ നവീകരിക്കണമെന്ന് തീരുമാനിക്കുകയും അതിന്റെ ചർച്ചകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റസ്റ്റ്ഹൗസുകളെ എങ്ങനെ ജനകീയമാക്കാം എന്ന് ജനങ്ങളോട് തന്നെ ചോദിച്ചു. ആയിരക്കണക്കിന് നിർദ്ദേശങ്ങളാണ് ലഭിച്ചത്. എല്ലാം പരിശോധിച്ച ശേഷം ഇപ്പോൾ അതിന്റെ നടപടികളുമായി മുന്നോട്ട് പോവുകയാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് റസ്റ്റ് ഹൗസുകളെ മാതൃകാപരമായി നവീകരിച്ച ശേഷം ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ റസ്റ്റുഹൗസുകൾക്കും പുതിയ മുഖം നൽകും. സ്ത്രീകൾ, കുട്ടികൾ, വിദ്യാർത്ഥികൾ, ഉദ്യോഗാർത്ഥികൾ, സഞ്ചാരികൾ എന്നിങ്ങനെ എല്ലാതരം ജനങ്ങൾക്കും ഒരുപോലെ ആശ്രയിക്കാൻ പറ്റുന്ന ഇടമായി റസ്റ്റുഹൗസുകളെ മാറ്റുകയാണ് ഉദ്ദേശിക്കുന്നത്.

വകുപ്പും ജനങ്ങളും തമ്മിൽ ഒത്തുചേർന്ന് പോവുക എന്നത് പോലെ തന്നെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനം സാധ്യമാക്കുക എന്നതും പ്രധാനമാണ്. ഇതിന്റെ ഭാഗമായി ഓരോ നിയമസഭാമണ്ഡലത്തിലെയും പദ്ധതി പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥരുടെയും എംഎൽഎമാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വർഷത്തിൽ നാല് തവണ ജില്ലാതലത്തിൽ എംഎൽഎമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി 14 ജില്ലയിലെയും എംഎൽഎമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗങ്ങൾ പൂർത്തിയായിട്ടുണ്ട്. ഓരോ പദ്ധതികളുടെയും പുരോഗതി, സ്ഥലത്തെ എംഎൽഎമാരെ കൂടി അറിയിക്കണമെന്നും മാസത്തിൽ പദ്ധതികൾ സംബന്ധിച്ച യോഗം ചേർന്ന് മന്ത്രി ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ വേഗത്തിലാക്കാനും പുതിയവ ആരംഭിക്കുന്നതിനും ഇത്തരം യോഗങ്ങളുടെ ഫലമായി സാധിക്കും. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ രീതിയിലുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നത്. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൂർണ പിന്തുണ ഇക്കാര്യത്തിൽ ലഭിക്കുന്നുണ്ട്. ■




ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് സെക്രട്ടേറിയറ്റിൽ മന്ത്രിമാരായ പി പ്രസാദ് , ജി ആർ അനിൽ , ആന്റണി രാജു , കെ എൻ ബാലഗോപാൽ തുടങ്ങിയവർ ചേർന്ന് നടത്തുന്നു



**പി. പ്രസാദ്**
കൃഷിവകുപ്പ് മന്ത്രി

# "കർക്കിടകമാസമുണ്ടാ നില്ലാത്തവരോർക്കേണ്ടാ കൃഷിചെയ്തു പുലർത്തുവാൻ"

നാളെയെക്കുറിച്ചുള്ള കരുതൽ നമ്മുടെ നാടിന്റെ തന്നെ കരുതലായി മാറണം. കർഷകരുടെ കൂട്ടായ സംരംഭങ്ങൾക്ക് മാത്രമേ അതിന് കരുത്ത് പകരാനാവൂ. കാർഷിക അനുബന്ധ മേഖലകളിലെ ഉത്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സംസ്ഥാനത്താകെ 25 പുതിയ FPO കൾ രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ 100 ദിന പരിപാടി യുടെ ഭാഗമായും, തുടർന്ന് 125 FPOകളെങ്കിലും ഈ വർഷം തന്നെ രൂപീകരിക്കുവാനുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

കാർഷിക ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനയിലൂടെ മികച്ച വിപണി കണ്ടെത്തുന്നതിനും, ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കർഷകർ സ്വന്തമായി ഓഹരി സമാഹരിച്ച്, വിഭവ സമാഹരണം നടത്തി സ്വയംപ ര്യാപ്തമായി രൂപീകരിച്ച് പ്രവർത്തിക്കുന്ന കർഷകരുടെ കാർഷികോല്പാദന സംഘടനകളാണ് FPO കൾ (ഫാർമർ പ്രൊഡ്യൂ സർ ഓർഗനൈസേഷൻ). ഇതിനായി സംസ്ഥാന തലത്തിൽ ചെറുകിട-കർഷക കാർഷിക വ്യാപാര കൺസോർഷ്യം, കേരള (SFAC Kerala) രൂപീകരിച്ചിട്ടുണ്ട്.

FPOരൂപീകരിക്കുന്നതിന് ബേസ് ലൈൻ സർവ്വേ, റിപ്പോർട്ട് സമർപ്പിക്കൽ, രജിസ്ട്രേഷൻ നടപടികൾ, വിഭവ സമാഹരണം, ബിസിന സ് പ്ലാൻ രൂപീകരണവും നടപ്പിലാക്കലും, നിയമപരമായ അനുമതികൾ നേടൽ, ബിസിനസ് പ്ലാനുകളുടെ പൂർത്തീകരണം എന്നീ ഘട്ടങ്ങളിൽ കർഷക സംഘങ്ങളെ സഹായിക്കുന്നതിന് SFACKeralaയുടെ






നിയന്ത്രണത്തിലുള്ള കാർഷിക വ്യാപാര പ്രോത്സാഹന ഏജൻസി (ABPA)കളെ നിയോഗിച്ചിട്ടുണ്ട്.

2013 കമ്പനി ആക്ടിന്റെ IX A ഭാഗം പ്രകാരമോ സഹകരണ സംഘങ്ങളുടെ നിയമം അനുസരിച്ചോ FPOകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. 2000 രൂപ ഷെയർ എടുത്തുകൊണ്ട് കർഷകർക്ക് FPO കളിൽ അംഗത്വമെടുക്കാം. പത്ത് മുതൽ ഇരുപത് വരെ കർഷകരെ ഏകോപിപ്പിച്ച് കൊണ്ടാണ് FPOയുടെ അടിസ്ഥാന ഘടകമായ FIG (ഫാർമേഴ്സ് ഇന്ററസ്റ്റ് ഗ്രൂപ്പ്) കൾ രൂപീകരിക്കുന്നത്. കൃഷി ചെയ്യുന്ന വിളകൾ, വിഭവ സമാഹരണത്തിനുള്ള സൗകര്യം, സംഭരണത്തിനും വിപണനത്തിനുമുള്ള ഏകോപന സാധ്യതകൾ ഇതെല്ലം പരിഗണിച്ചാവും FIG കൾ രൂപീകരിക്കുക. ഇത്തരത്തിലുള്ള പന്ത്രണ്ട് മുതൽ അൻപത് FIG കൾ ചേർന്നതായിരിക്കും ഒരു FPO.

ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ, കർഷകർക്കും വിളകൾക്കുമുള്ള ഇൻഷുറൻസ് സംരക്ഷണം, ഫാം മെക്കനൈസേഷൻ സേവനങ്ങൾ, കാർഷികോല്പന്നങ്ങളുടെ സംഭരണകേന്ദ്രങ്ങൾ, സംസ്കരണ യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദന യൂണിറ്റുകൾ, വിപണനം, കേരള ബ്രാന്റിങ്, ഓൺലൈൻ മാർക്കറ്റിങ്, കയറ്റുമതി, എന്നിവ FPOകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

സംസ്ഥാന തല പദ്ധതികൾക്ക് 60 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 15 ലക്ഷം രൂപ വരെയുള്ള ഇക്വിറ്റി ഗ്രാന്റ്, ഭരണചിലവ്, രജിസ്ട്രേഷൻ നടപടികൾക്കുള്ള ചെലവ് എന്നിവയും ലഭിക്കുന്നു.

FPO രൂപീകരണം സംബന്ധിച്ച സംശയങ്ങൾക്ക് കൃഷിവകുപ്പിന്റെ കാർഷിക വിവരസങ്കേതം ടോൾ ഫ്രീ നമ്പറായ 1800 425 1661 ൽ ബന്ധപ്പെടാവുന്നതാണ്. ■








**കെ. രാധാകൃഷ്ണൻ**

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക
വിഭാഗവികസനവും ദേവസ്വവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

# ക്രിയാത്മകമായ ചുവടുവയ്പുകൾ

ചരിത്രപരമായ കാരണങ്ങളാൽ പൊതു സമൂഹത്തിൽ നിന്നും അകന്നുപോയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്ക് ഉന്നത വിദ്യാഭ്യാസവും തൊഴിലും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്ന പരിപാടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ വിഭാഗങ്ങളുടെ സംസ്കാരവും അറിവുകളും അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് സാമൂഹ്യമായും സാമ്പത്തികമായും അവരെ മുഖ്യധാരയിലേയ്ക്ക് നയിക്കുകയാണ് ലക്ഷ്യം.

സോഷ്യൽ ക്യാപിറ്റൽ അഥവാ സാമൂഹ്യ മൂലധനത്തിന്റെ അഭാവമാണ് എല്ലാ മേഖലകളിലും പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗത്തിന്റെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നത്. അരക്ഷിതാവസ്ഥ, പങ്കാളിത്തക്കുറവ്, പരസ്പര ബന്ധങ്ങളിലെ കുറവ്, പരിഗണിക്കപ്പെടേണ്ടവരാണെന്ന പൊതുസമൂഹത്തിന്റെ അവബോധക്കുറവ്, വൈവിധ്യങ്ങളെ അംഗീകരിക്കാനുള്ള വൈമുഖ്യം എന്നിവയെല്ലാം ഇതിന്റെ കാരണങ്ങളാണ്. ഇവ പരിഹരിക്കുന്നതിനുള്ള പരിശ്രമമാണ് ഈ സർക്കാർ ഏറ്റെടുക്കുന്നത്.



## പട്ടികജാതിവകുപ്പ്

പുതിയ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതിവകുപ്പ് ഡയറക്ടറേറ്റ് വഴിയുള്ള സേവനങ്ങൾ ഇ-ഓഫീസിലൂടെയാക്കി ക്രമീകരിച്ചു.

കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ പഠനത്തിന്

പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ കുട്ടികൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് വിദ്യാഭ്യാസ, റവന്യൂ, വൈദ്യുതി, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി എന്നിവർ പങ്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗം ചേർന്നു ഏതെല്ലാം മേഖലകളിൽ എത്ര വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമല്ല എന്ന വിശദറിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സർവ്വീസ് പ്രൊവൈഡർമാരുടെ ഒരു യോഗം ചേർന്നു. മൂന്ന് മാസത്തിനുള്ളിൽ ടവറുകൾ സ്ഥാപിക്കാൻ തയ്യാറാണെന്ന് സർവ്വീസ് പ്രൊവൈഡർമാർ യോഗത്തെ അറിയിച്ചു. ഇതിന് തുടർച്ചയെന്നോണം വൈദ്യുതിവകുപ്പ് മന്ത്രിയേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് പ്രത്യേകം യോഗം ചേർന്നു. സംസ്ഥാനത്തെ 60 ആദിവാസി ഊരുകളിൽ കണക്ടിവിറ്റി സൗകര്യം ഒരുക്കേണ്ടതായി യോഗം വിലയിരുത്തി. ഇത് എങ്ങനെ പരിഹരിക്കാം എന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് ലെവൽ ഹൈപ്പവർ കമ്മിറ്റിക്ക് രൂപം നൽകി. 6 മാസത്തിനുള്ളിൽ കണക്ടിവിറ്റി സൗകര്യം പൂർത്തിയാക്കുന്ന നിലയിൽ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ യോഗത്തിൽ ധാരണയായി. കണക്റ്റിവിറ്റി യില്ലാത്ത പ്രദേശങ്ങളിൽ അതെത്തിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് എല്ലാ വിഭാഗം ജനങ്ങളേയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും പട്ടികവർഗ വിദ്യാർത്ഥികൾക്ക് അവ വാങ്ങി നൽകുന്നതിന് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച TSP ഫണ്ടുപയോഗിച്ച് ചെലവഴിക്കാനായി സർക്കാർ ഉത്തരവായി.

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് ഗവ. മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ ചേർന്നു. മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ഡിസംബർ 31 നകം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ യോഗം തീരുമാനിച്ചു. അതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മെഡിക്കൽ കോളേജ് അധ്യാപക -അനധ്യാപക ജീവനക്കാർക്ക് ശമ്പളം നൽകാൻ 10 കോടിരൂപ അനുവദിച്ചു.

**പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് ഗവ. മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ ചേർന്നു. മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ഡിസംബർ 31 നകം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ യോഗം തീരുമാനിച്ചു. അതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2456 പേർക്ക് ചികിത്സാ സഹായമായി 4,33,50,227 രൂപയും 266 ഗുണഭോക്താക്കൾക്ക് ഏക വരുമാനദായകർ മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകുന്ന ധനസഹായമായി 4,71,00,000 രൂപയും വിതരണം ചെയ്തു.

## പട്ടികവർഗ വികസന വകുപ്പ്

2021-22 വർഷം പട്ടികവർഗ വികസന വകുപ്പിന്റെ വിഹിതമായി 640.78 കോടി രൂപയാണ് സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വകയിരുത്തിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 93.07 കോടി രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചെലവഴിച്ചു.



**തദ്ദേശീയ ജനതയുടെ അന്താരാഷ്ട്ര ദിനാചരണത്തിന്റെ ഭാഗമായി ആദിവാസി ജനത ആരോഗ്യ ജനത എന്ന ആശയമുയർത്തി ഗോത്രാരോഗ്യ വാരാചരണം ആഗസ്റ്റ് ഒമ്പതിന് ആരംഭിച്ചു. ഇതിന്റെ ഭാഗമായി എല്ലാജില്ലകളിലും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും, ശുചിത്വബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു.**

ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത കോളനികളുടേയും പഠന സൗകര്യമില്ലാത്ത കുട്ടികളുടേയും എണ്ണം കണക്കാക്കി പൊതുവിദ്യാഭ്യാസ വകുപ്പിനും ഐ.ടി. വകുപ്പിനും കൈമാറി. ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 250 സാമൂഹ്യ പഠന മുറികൾക്കു പുറമേ കമ്മ്യൂണിറ്റിഹാൾ, അംഗൻ വാടികൾ ക്ലബുകൾ മുതലായ പൊതു ഇടങ്ങളിൽ ആയിരത്തിലധികം പഠന കേന്ദ്രങ്ങൾ സജ്ജീകരിച്ചു. ഇതിനായി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ, ടീച്ചർമാർ ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ, ബോധവത്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. കോവിഡ് ബാധിത കുടുംബങ്ങൾക്കും, ക്വാറന്റൈനിൽ കഴിയുന്നവർക്കും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. മൺസൂൺ കാലത്ത് വൃദ്ധർ, വികലാംഗർ, പരാശ്രയത്വമുള്ളവർ എന്നിവർക്ക് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി. ഭക്ഷ്യസഹായ പദ്ധതിയിൽ 586.43 ലക്ഷംരൂപ അനുവദിച്ചു.

MGNREGS ട്രൈബൽ പ്ലസ്സ് പദ്ധതിയിൽ കുടിശ്ശികയായിരുന്നതിൽ 14 കോടിരൂപ വിതരണം ചെയ്തു.

തദ്ദേശിയ ജനതയുടെ അന്താരാഷ്ട്ര ദിനാചരണത്തിന്റെ ഭാഗമായി ആദിവാസി ജനത ആരോഗ്യ ജനത എന്ന ആശയമുയർത്തി ഗോത്രാരോഗ്യ വാരാചരണം ആഗസ്റ്റ് ഒമ്പതിന് ആരംഭിച്ചു. ഇതിന്റെ ഭാഗമായി എല്ലാജില്ലകളിലും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും, ശുചിത്വബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു.

വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമാണ പദ്ധതിയുടെ തുടർഗഡുക്കൾ നൽകുന്നതിനായി 1258.10 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചു.

ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസത്തിനായി 430.65 ലക്ഷംരൂപ അനുവദിച്ചു.

## പിന്നാക്ക ക്ഷേമം

ജനസംഖ്യയുടെ 65 ശതമാനം  വരുന്ന പിന്നാക്ക വിഭാഗം ജനങ്ങൾക്ക് സൗകര്യപ്രദമായ രൂപത്തിൽ പിന്നാക്ക ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പിന്നാക്ക ക്ഷേമവകുപ്പിന്റെ ഓഫീസുകൾ ആരംഭിക്കാൻ തീരുമാനിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ അതിന്റെ പ്രവർത്തനം പൂർത്തീകരണ ഘട്ടത്തിലാണ്. പിന്നാക്ക വിഭാഗകോർപ്പറേഷന് ആസ്ഥാന മന്ദിരം നിർമിക്കുന്നതിനുവേണ്ടിയുള്ള സ്ഥലമെടുപ്പിനെക്കുറിച്ചുള്ള അനിശ്ചിതത്വം ഒഴിവാക്കി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## ദേവസ്വം

ദേവസ്വം വകുപ്പിനു കീഴിൽ തിരുവിതാംകൂർ, കൊച്ചി,






മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം എന്നിങ്ങനെ 5 ദേവസ്വം ബോഡുകളാണ് നിലവിലുള്ളത്.

2021 ലെ ശബരിമല മണ്ഡല- മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി അടിയന്തിരമായി പൂർത്തിയാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി ദേവസ്വം അധികൃതരുമായി ചർച്ച നടത്തി. ദേവസ്വം ബോർഡിന്റെ കീഴിൽ നടത്തിവരുന്ന ശബരിമല ഇടത്താവളം പ്രോജക്ട്, ശബരിമല മാസ്റ്റർപ്ലാൻ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി. 2021 ലെ മണ്ഡല- മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ചിറങ്ങര, ഇടത്താവളങ്ങൾ അടിയന്തിരമായി പ്രവർത്തന സജ്ജമാക്കേണ്ടതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു.

ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ട പ്രവർത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാത്തതിനാൽ പദ്ധതികൾ ആരംഭിക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തി. ഇത് സംബന്ധിച്ച് കോടതി മുമ്പാകെ നിലനിൽക്കുന്ന കേസിൽ സർക്കാർതലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുമുള്ള അഭിപ്രായ സമന്വയം ഉണ്ടാകണമെന്നും നിർദ്ദേശിച്ചു. ജൂൺ 30ന് അതു സംബന്ധിച്ച കോടതിയുടെ വിധിന്യായപ്രകാരം ദേവസ്വംബോർഡും വനം വകുപ്പുമായി വർഷങ്ങളായി നീണ്ടു നിന്ന തർക്കത്തിന് പരിഹാരമായി.

ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകരുടെ ജല ലഭ്യതസംബന്ധിച്ച് ജലവിഭവവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ദേവസ്വംവകുപ്പ് മന്ത്രി ചർച്ച നടത്തി. സീതത്തോട് പദ്ധതി 2021 നവംബറിൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ തീരുമാനിച്ചു.

ശബരിമല തീർത്ഥാടകരുടെ പ്രവേശനം സംബന്ധിച്ച് ഗതാഗതവകുപ്പുമായി കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഗതാഗതവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു. കോവിഡ്പ്രോട്ടോകോൾ അനുസരിച്ച ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ ബസ്സുകളുടെ എണ്ണം, ജീവനക്കാരുടെ എണ്ണം എന്നിവ ക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനും തീർത്ഥാടനം പൂർണ്ണമായ തോതിൽ നടത്താൻ കഴിഞ്ഞാൽ കൂടുതൽ ബസ്സുകൾ വ്യന്യസിക്കുന്നതിനും നിലക്കൽ വാഹന പാർക്കിംഗ് സംവിധാനം കൂട്ടുന്നതിനും തീർത്ഥാടന മേഖലയിൽ പട്രോളിംഗ്, തീർത്ഥാടകർക്കുള്ള വാർഹന റിപ്പയറിംഗ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് റോഡ് അറ്റകുറ്റപണികളുടേയും കേന്ദ്ര ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളുടേയും അവലോകനത്തിനായി ബഹു. പൊതുമരാമത്തും ടൂറിസംവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു. ശബരിമലയിലേക്കുള്ള എല്ലാറോഡുകളുടേയും അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു. ■






**റോഷി അഗസ്റ്റിൻ**
ജലവിഭവ വകുപ്പ് മന്ത്രി

# ഓരോ തുള്ളിയും കാക്കാൻ
# മൈക്രോ ഇറിഗേഷൻ



## കെ.എം.മാണി ഊർജ്ജിത സാമൂഹിക മൈക്രോ ഇറിഗേഷൻ പദ്ധതി

കേരളത്തിൽ എക്കാലവും പരമ്പരാഗത കൃഷിരീതികൾക്കാണ് മുൻഗണന. വൻകിട കൃഷി പദ്ധതികൾ നടപ്പിലാക്കാനുള്ള ഭൂപ്രകൃതി കേരളത്തിൽ ഇല്ലാത്തതിനാൽ നാണ്യവിളകൾക്കായിരുന്നു കൂടുതൽ ശ്രദ്ധകൊടുക്കേണ്ടത്. യുവജനങ്ങൾക്ക് വരുമാനവും ജനങ്ങൾക്ക് സാമ്പത്തിക ഉയർച്ചയും ഉണ്ടാകുന്നതിന് നാണ്യവിളകൾ കേന്ദ്രീകരിച്ചുകൊണ്ട് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പ്രഖ്യാപിത നയം. മൈക്രോ ഇറിഗേഷൻ പദ്ധതികൾ ഇതുവരെ നിലവിൽ നാമമാത്രമായേ ന

ടന്നിരുന്നുള്ളൂ. മറ്റ് സംസ്ഥാനങ്ങളിൽ പുതിയ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതികളും അതോടൊപ്പം ഫെർട്ടിഗേഷൻ (അതായത് വെള്ളത്തിലൂടെ ഫെർട്ടിലൈസർ കൂടി കൊടുക്കുന്ന ഫെർട്ടിഗേഷൻ പദ്ധതി) കൂടി ഇപ്പോൾ നിലവിലുണ്ട്. ഒരുതുള്ളി ജലം പാഴാക്കാതെ, ഒരുചെടിക്ക് ആവശ്യമുള്ള വെള്ളം മാത്രം ലഭ്യമാകുന്ന രീതിയെ പ്രിസിഷൻ ഇറിഗേഷൻ എന്നു പറയുന്നു. ഫെർട്ടിഗേഷൻ ഉപയോഗിച്ചുകൊണ്ടും മൈക്രോ ഇറിഗേഷനിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടും നാണ്യവിളകൾ കൂടുതൽ കൃഷിചെയ്യുന്നതിന് മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൂടുതൽ ഊന്നൽ നൽകുന്നു. ഇതിന് കൂടുതൽ ശ്രദ്ധകൈവരുന്നതിനായി കെ.എം.മാണിയുടെ പേരിൽ കെ.എം.മാണി ഊർജ്ജിത സാമൂഹിക മൈക്രോ ഇറിഗേഷൻ പദ്ധതി വിഭാവനം ചെയ്തു.

ആദ്യനടപടിയെന്ന നിലയിൽ ഇതിന്റെ സാധ്യതകൾ കണക്കിലെടുത്ത് അഞ്ചോ ആറോ സ്ഥലങ്ങളിൽ ഇത് വ്യാപകമായി നടപ്പാക്കും . അത്രയും സ്ഥലങ്ങൾ ടാർഗറ്റ് ചെയ്ത് മറ്റുള്ളവർക്ക് മാതൃകയാവുന്ന രീതിയിലാകും മുന്നോട്ടുപോവുക .ഇതാണ് മൈക്രോ ഇറിഗേഷൻ പദ്ധതി. കൃഷിവകുപ്പ്, സഹകരണവകുപ്പ്, ഇലക്ട്രിസിറ്റി വകുപ്പ്, എന്നീ മൂന്നു വകുപ്പുകളേയും കൂടി സംയോജിപ്പിച്ചു കൊണ്ടായിരിക്കും ഈ പദ്ധതി നടപ്പാക്കുന്നത് .

കൃഷിവകുപ്പിന്റേയും ഇലക്ട്രിസിറ്റി വകുപ്പിന്റേയും കീഴിൽ ജനങ്ങൾക്ക് സബ്സിഡിയും മറ്റ് കേന്ദ്ര സഹായവും കിട്ടുന്ന ഒട്ടേറെ പദ്ധതികളുണ്ട്. ജലസേചനത്തിന്റെ അന്തിമ ഉദ്ദേശം കൃഷിക്കാരുടെ സാമ്പത്തിക ഉയർച്ചയും കാർഷിക ഉൽപന്നങ്ങളുടെ വളർച്ചയുമാണ്. ഇടയ്ക്കുള്ള ഒരു മാധ്യമം മാത്രമാണ് ഇറിഗേഷൻ . ഇപ്പോൾ ഇറിഗേഷൻ ലക്ഷ്യത്തിലേക്ക് കടന്നിരിക്കുകയാണ്. സർക്കാർ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഏതൊക്കെ രീതിയിലുള്ള സഹായം സബ്സിഡി കിട്ടും എന്ന് മനസ്സിലാക്കികൊണ്ട് കൺവേർജൻസ് നടത്തി കാർഷിക ഉത്പന്നങ്ങളുടെ സംഭരണവും, ശേഖരണവും, വിതരണവും സാധ്യമാകുന്ന രീതിയിൽ ഫാർമേഴ്സ് അസ്സോസിയേഷൻ രൂപീകരിക്കാനും സഹകരണമേഖലയിൽകൂടി ലോണുകൾ പോലുള്ള സാമ്പത്തിക സഹായം നൽകാനും ഇതിൽ പദ്ധതിയുണ്ട്.

## ജലജീവൻ മിഷൻ

സംസ്ഥാനത്തെ ഗ്രാമീണമേഖലയിലുള്ള എല്ലാവീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണമേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക്, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങൾക്കും, സ്ത്രീകൾക്കും, ഉയർന്ന മലയോരമേഖലയിൽ താമസിക്കുന്ന, ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. 2024 ഓടുകൂടി പദ്ധതി പൂർത്തീകരിക്കേണ്ടതിനാൽ സംസ്ഥാന സർക്കാർ അതീവ പ്രാധാന്യത്തോടെയാണ് കോവിഡ് മഹാമാരി ഉണ്ടാക്കിയ പ്രതിസന്ധിക്കിടയിലും ഈ പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയിൽ ഇതുവരെയായി (31/7/2021 ലെ കണക്കനുസരിച്ച് 6.35 ലക്ഷം കണക്ഷനുകൾ നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് ഇപ്പോൾ 23.85 ലക്ഷം ഗ്രാമീണവീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാണ്. (33.74 ശതമാനം).ഈ പദ്ധതിയുടെ ഭാഗമായി, എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗനവാടികളിലും നിലവിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

## ഡാമുകളിൽ വിനോദസഞ്ചാര വികസനം

ജലസേചന വകുപ്പിന്റെ ഡാമുകൾ ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതി തയാറാക്കും. ഇതിനായി ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള 16 ഡാമുകൾ ഉൾപ്പെടുത്തി സമഗ്ര പദ്ധതി തയാറാക്കാനാണ് നീക്കം. ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കും.

ഇറിഗേഷൻ വകുപ്പിന്റെ ഡാമുകൾ എല്ലാം തന്നെ മനോഹരമായ പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. കോവിഡിനു ശേഷം ആഭ്യന്തര ടൂറിസം മെച്ചപ്പെടാനുള്ള സാധ്യതയാണ് പ്രവചിക്കപ്പെടുന്നത്. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് വകുപ്പ് ആഗ്രഹിക്കുന്നത്. സഞ്ചാരികൾക്ക് താമസിക്കുന്നതിനും വിനോദത്തിനു അടക്കം സൗകര്യം ഒരുക്കും.

ഡാമുകളുടെ മിനിയേച്ചർ ഉൾപ്പെടെയുള്ള മ്യൂസിയവും ഒരുക്കാൻ പദ്ധതിയുണ്ട്. ഇവിടെ വിദ്യാർഥികൾക്ക് ഇതേക്കുറിച്ച് കൂടുതൽ അറിയാനുള്ള സൗകര്യമൊരുക്കും. ■









**സജി ചെറിയാൻ**

മത്സ്യബന്ധനവും സാംസ്കാരികവും യുവജന കാര്യവും വകുപ്പ് മന്ത്രി




# സാംസ്കാരിക മുന്നേറ്റം

# തീരങ്ങളിൽ സമഗ്ര മാറ്റം

## 'സമം '

സമീപകാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ വരും നാളുകളിൽ സംഭവിക്കാതിരിക്കാനും സമൂഹത്തിന്റെ സമസ്ത മേഖലകളകളിലും ' സ്ത്രീ -പുരുഷ സമത്വം ' എന്ന ആശയം പ്രചരിപ്പിക്കുന്നതിനുമായി ഒരു വർഷം നീണ്ടു നിൽക്കുന്ന സവിശേഷമായ ക്യാമ്പയിൻ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്നത്.

'സമം ' എന്ന ശീർഷകത്തിലാണ് സ്ത്രീ സമത്വത്തിനായുള്ള ഈ സാംസ്കാരിക മുന്നേറ്റത്തിന്റെ ജനകീയവും വൈവിധ്യപൂർണ്ണവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഭാരത് ഭവൻ, മലയാള മിഷൻ, കേരളം ചലച്ചിത്ര അക്കാദമി, KSFDC, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വിവിധങ്ങളായ പരിപാടികൾക്ക് നേതൃത്വം നൽകുന്നത് .

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് തയ്യാറാക്കുന്ന പദ്ധതിയുടെ ഭാഗമായി യൂത്ത് വെൽഫെയർ ബോർഡ്, യുവജന കമ്മീഷൻ, നെഹ്റു യുവകേന്ദ്ര, എൻ.എസ് .എസ്, എൻ .സി .സി, എസ് .പി .സി, സാമൂഹ്യ സന്നദ്ധ സേന, സർവകലാശാല യൂണിയനുകൾ, ലൈബ്രറി കൗൺസിൽ, ആർട്സ് &സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങി എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും ഉൾക്കൊള്ളിച്ചാണ് ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.







കരുത്തോടെ 100ാം ദിനത്തിലേക്ക്

## ഫിഷറീസ് കോൾ സെന്റർ

മത്സ്യമേഖലയിലെ പരാതികൾക്കും സംശയങ്ങൾക്കും യഥാസമയം മറുപടിയും പരിഹാര നിർദ്ദേശങ്ങളും നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് .24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സേവനം മൽസ്യത്തൊഴിലാളികൾക്കും മത്സ്യ കർഷകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്. ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസപദാർഥങ്ങൾ ഉപയോഗിച്ചുള്ള മത്സ്യവിൽപന ശ്രദ്ധയിൽപെട്ടാൽ പൊതുജനങ്ങൾക്ക് കോൾസെന്ററിൽ അറിയിക്കാം.

## ഫിഷറീസ് കൺട്രോൾ റൂമുകൾ

കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂന മർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യലഭ്യതയുള്ള സ്ഥാനങ്ങൾ, തുടങ്ങിയ അറിയിപ്പുകൾ പ്രാദേശിക ഭാഷയിൽ മത്സ്യ തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുന്ന സുപ്രധാന ഉത്തരവാദിത്വത്തോടെ ഫിഷറീസ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്

അപകടസാധ്യതകൾ യഥാസമയത്ത് നല്കാനും, ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവയെ ഏകോപിപ്പിച്ച് രക്ഷാപ്രവർത്തനം നടത്താനും, കൂടാതെ ഹാർബറുകളിൽ സ്ഥാപിക്കുന്ന പ്രത്യേക ക്യാമറകളും ബോട്ടുകളിലെ വെസ്സൽ ട്രാക്കിങ് സംവിധാനങ്ങളുമെല്ലാം ഉപയോഗിച്ച് ഹാർബറുകളെയും യാനങ്ങളെയും തത്സമയം നിരീക്ഷിക്കുവാനും കൺട്രോൾ റൂമുകൾക്ക് കഴിയും.

## 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം'

അടുത്ത 3 വർഷം കൊണ്ട് 3100 ഹെക്ടർ വിസ്തീർണ്ണമുള്ള 19000 ൽ അധികം കുളങ്ങളിലും 36000 ഹെക്ടർ വിസ്തീർണ്ണമുള്ള 1300 ഓളം പാടശേഖരങ്ങളിലും മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതാണ്. ഈ ക്യാമ്പയിൻ പദ്ധതി പ്രകാരം പ്രതിവർഷം 32000 ടൺ മത്സ്യം അധികമായി ഉത്പാദിപ്പിക്കാൻ കഴിയും. ഇതിനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ ആഭ്യന്തരമായി ഉത്പാദിപ്പിക്കുവാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു. നിലവിലുള്ള 5 കോടി ശേഷിയിൽ നിന്നും 2025 ൽ 12 കോടി വർധിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

## 'സമുദ്ര'ബസ്സുകൾ

മത്സ്യ വിൽപന നടത്തുന്ന മൽസ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യ യാത്ര ഒരുക്കുന്ന പദ്ധതിയാണ് സമുദ്രബസ്സുകൾ. ഫിഷറീസ് വകുപ്പും കെഎസ്ആർടിസിയും സംയുക്ത സംരംഭമായാണ് പദ്ധതി ആവിഷ്കരിക്കുന്നത്. ഒരേ സമയം 24 പേർക്ക് യാത്ര ചെയ്യാൻ കഴിയുന്ന ബസിന്റെ വശങ്ങളിൽ മത്സ്യ വിൽപനയ്ക്കുള്ള ഉള്ള പാത്രങ്ങൾ വയ്ക്കുന്നതിന് പ്രത്യേകം സജ്ജീകരിച്ച റാക്കുകൾ ഉണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലാണ് 'സമുദ്ര' ഓടി തുടങ്ങുന്നത്. മത്സ്യം തലച്ചുമടായി വീടുവീടാന്തരം കൊണ്ടുപോയി വിൽക്കുന്നവർക്കും വഴിയോരങ്ങളിലും മാർക്കറ്റ് കേന്ദ്രീകരിച്ച് വില്പന നടത്തുന്നവർക്കും വളരെയധികം പ്രയോജനം ചെയ്യുന്ന പദ്ധതിയാണിത്. ■

## ' മഴ മിഴി '

കോവിഡ് 19 പ്രതിസന്ധിയുടെ സമയത്ത് കലാ സംഘങ്ങൾക്ക് അരികിലേക്ക് അതിജീവനത്തിന്റെ കരുതലും സാമ്പത്തിക സഹായങ്ങളുമായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ അവശതയനുഭവിക്കുന്ന 3500 കലാ പ്രതിഭകൾക്ക് അരികിലെത്തി അവർക്ക് സവിശേഷമായ ഓൺലൈൻ വേദിയൊരുക്കി പ്രതിഫലം നൽകുന്ന സാംസ്കാരിക ദൗത്യമാണ് 'മഴ മിഴി'എന്ന പദ്ധതി.

## പുനർഗേഹം

കാലാവസ്ഥ വ്യതിയാനവും, കടൽക്ഷോഭവും മൂലം കടലോരത്ത് അധിവസിക്കുന്ന മൽസ്യത്തൊഴിലാളികളുടെ നൂറുകണക്കിന് ഭവനങ്ങളും സാധന വസ്തുക്കളും നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം



**എ.കെ. ശശീന്ദ്രൻ**
വനം - വന്യജീവി വകുപ്പ് മന്ത്രി

# പ്രകൃതി ഒന്നേയുള്ളൂ അവർക്കും നമുക്കും

സംസ്ഥാന വനം വകുപ്പിന്റെ മുൻഗണനകളിൽ അസാധാരണമായ ഒരു കൂടിച്ചേർക്കലിന് ഈ സർക്കാർ ഇതാദ്യമായി തുടക്കം കുറിക്കുകയാണ്. വനത്തിനൊപ്പം വനാശ്രിതരും എന്ന നയത്തിന്റെ ഭാഗമാണിത്. നമ്മുടെ വനങ്ങളുടെ സംരക്ഷണത്തിന് വനാതിർത്തികളിലുള്ള കർഷകരുടെ പ്രശ്നങ്ങൾ കൂടി അഭിസംബോധന ചെയ്യേപ്പെടേണ്ടതുണ്ട്.

നമ്മുടെ നാടിനെ ക്രിസ്തുവിനും ആയിരത്താണ്ടുകൾക്കുമുമ്പേ ലോകമറിഞ്ഞത് അമൂല്യമായ വനവിഭവങ്ങളുടെയും അവ വിളയിക്കുന്ന കർഷകരുടെയും പേരിലാണ്. വനങ്ങളും വനപരിസരവും പൊന്നുവിളയുന്ന ഇടമാണെന്ന് തിരിച്ചറിഞ്ഞ് മല കയറിയും കടൽ കടന്നും എത്തിയവരായിരുന്നു ആ അന്വേഷകരിൽ നല്ലപങ്കും. കാട് വളമണ്ണിന്റെയും നനവുറവയുടേയും ഇടമാണ് എന്നവർക്ക് അറിയാമായിരുന്നു. അവർ അവിടെ വിളയിച്ച സുഗന്ധവ്യഞ്ജനങ്ങൾക്ക് കാടും കർഷകനും, തമ്മിലുള്ള ഒരുമയുടെ രുചിയും മണവുമുണ്ടായിരുന്നു.

കഥയാകെ മാറിയിട്ട് കാലം ഒരുപാടായി. ഇന്ന് വനപരിസരത്തെ കർഷകർക്ക് കാടും വന്യജീവികളും മറ്റൊരു ധാരണയാണ് നൽകുന്നത്. കാട് നൽകുന്ന ഹിതകരമായ കാലാവസ്ഥയോ വളക്കൂറോ ജലസമൃദ്ധിയോ കെട്ടുപോയതുകൊണ്ടല്ല വനങ്ങൾ പ്രതിപക്ഷത്തായത്. നാട്ടിലിറങ്ങുന്ന വന്യജീവികളുമായി സമരസപ്പെടുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളാണ്





പ്രശ്നങ്ങൾക്കടിസ്ഥാന കാരണം.

മനുഷ്യ വന്യജീവി സംഘർഷം കൊണ്ട് മലയോര കർഷകർക്ക് പ്രതിസന്ധികളുണ്ട് എന്നത് യാഥാർത്ഥ്യമാണ്. മേച്ചിൽപ്പുറങ്ങളുടെ അഭാവത്താൽ വന്യജീവികളുടെ സൈ്വരവിഹാരത്തിനും ഇന്ന് പരിമിതികളുണ്ട്. അതാണ് കാടും കർഷകരും തമ്മിലുള്ള ഇണക്കത്തിന്റെ കാണാച്ചരട് പൊട്ടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്നെത്തിച്ചത്. ഇത് അനുവദിച്ചുകൂടാ. വനങ്ങളില്ലാതെ നമ്മുടെ മലയോര കർഷകർക്കോ വന്യജീവികളില്ലാതെ വനങ്ങൾക്കോ നിലനിൽപ്പില്ല. ഇത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ അധികാരത്തിലെത്തി ആഴ്ചകൾക്കകം തന്നെ വലിയ നയംമാറ്റത്തിനും നടപടികൾക്കും തുടക്കമിട്ടത്.

കാട്ടുപന്നികളും, കാട്ടാനകളും, മ്ലാവും, മയിലും, മലയണ്ണാനും കുരങ്ങുമൊക്കെ വൻ തോതിൽ കൃഷിനശിപ്പിക്കുന്നു. ഇവയുടെ ആക്രമണം ലഘൂകരിക്കാനും കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകാനും വനം വകുപ്പ് വർഷങ്ങളായി നിരവധി ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പോഴും വന്യജീവി സംഘർഷം കാര്യമായി കുറഞ്ഞില്ല എന്നതും കർഷകർക്ക് മതിയായ നഷ്ടപരിഹാരം കിട്ടുന്നില്ല എന്നതുമാണ് പൊതു പരാതി. ഇതു കൂടി വിശ്വാസത്തിലെടുത്താണ് ഇപ്പോൾ വനം വകുപ്പ് പ്രവർത്തിക്കുന്നത്.

ഇതാദ്യമായി, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് സംസ്ഥാന വനം വകുപ്പ് പൊതുജനാഭിപ്രായം തേടിയിരിക്കുന്നു. പൊതുജനങ്ങൾ, ജനപ്രതിനിധികൾ കർഷക സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, ശാസ്ത്രജ്ഞർ, വിദഗ്ധർ എന്നിങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലുള്ളവരുടെ അഭിപ്രായങ്ങൾ വിലയിരുത്തി അഭിലഷണീയമായവ ഉൾക്കൊള്ളും. ആയവ സമാഹരിച്ചും ഏകോപിപ്പിച്ചും കർമ്മ പദ്ധതി നടപ്പാക്കും. കാടും കർഷകരും ഒരേപോലെ കാത്തിരിക്കുന്ന ഒരു ചരിത്ര ഗതിമാറ്റമാണ് വനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നത്.

വനം-വന്യജിവി സംരക്ഷണ രംഗത്ത് നാം ദേശീയ മാതൃകകളിലൊന്നാണ്. വനവിസ്തൃതി വർദ്ധിപ്പിക്കാൻ ജനനിബിഡമായ നമ്മുടെ സംസ്ഥാനത്തിനു കഴിയുന്നുമുണ്ട്. വൃക്ഷമേലാപ്പിന്റെ കാര്യത്തിലും വനേതര മേഖലയിലെ വൃക്ഷാവരണത്തിന്റെ കാര്യത്തിലും നാം ഏറെ മുന്നിലാണ്. കടുവ മുതൽ കടലാമകൾ വരെയുള്ള വന്യജീവികളുടെ സംരക്ഷണത്തിലും മുന്നിലാണ് നാം. അതേ സമയം നമ്മുടെ വന്യജീവി സംരക്ഷണ നേട്ടത്തിന്റെ പാർശ്വഫലങ്ങളിൽ അവയുടെ വർദ്ധനവുമൂലം അത് സമീപവാസികളിലുണ്ടാക്കുന്ന പ്രശ്നങ്ങൾ കാണാതിരിക്കാനും കഴിയില്ല.

വിവിധങ്ങളായ നടപടികൾക്ക് ശേഷവും മനുഷ്യ-വന്യജീവി ഏറ്റുമുട്ടൽ തുടരുന്നതിൽ മനുഷ്യർക്കും വന്യജീവികൾക്കും പങ്കുണ്ട് എന്നു കാണാനാകും. കാടിനെയറിഞ്ഞ് വിളകൾ തെരഞ്ഞെടുത്തിരുന്ന കർഷകരുടെ കാടറിവുകൾ മടങ്ങിവന്നേ മതിയാകൂ. കാടിനുള്ളിൽ വന്യമൃഗങ്ങൾക്ക് മതിയായ ഭക്ഷണവും വെള്ളവും സ്വാസ്ഥ്യവും ലഭിക്കേണ്ടതുണ്ട്. അതിനായി 1450 ഹെക്ടർ തോട്ടമേഖലകൾ 366.6 കോടി രൂപ ചെലവിൽ വനമേഖലയിൽ ഉൾപ്പെടുത്തുകയാണ്. ഉൾവനങ്ങളിലെ ആദിവാസികളെ അവർ മുന്നോട്ടുവരുന്ന പക്ഷം, കൂടുതൽ ജനവാസമേഖലകൾക്ക് സമീപത്തേക്ക് പുന:രധിവസിപ്പിക്കുന്ന പദ്ധതിക്കും സ്വീകാര്യത വർധിച്ചിരിക്കുന്നു. ഇവയെല്ലാം ആത്യന്തികമായി ഉൾവനങ്ങൾ കൂടുതൽ സാന്ദ്രവും വന്യജീവി സൗഹൃദവും ആക്കുന്നതിനും കൃഷിയിടത്തിലേക്കുള്ള വന്യമൃഗങ്ങളുടെ പ്രയാണത്തെ കുറയ്ക്കുന്നതിനും വഴിയൊരുക്കും.

വനം വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായി വനം-വന്യജീവി-വനഗോത്രങ്ങൾ എന്ന സംരക്ഷണ സമീപനത്തിനൊപ്പം വനാശ്രിത സമൂഹത്തെയും ചേർത്തു നിർത്തുമ്പോൾത്തന്നെ നിലവിലെ പരിരക്ഷണ ഉപാധികൾ ഫലവത്താകുമെന്നാണ് പ്രതീക്ഷ. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് കിടങ്ങുകൾ, സോളാർ വേലികൾ, കയ്യാലകൾ, ജൈവകവചങ്ങൾ, റെയിൽ ബാരിക്കേഡുകൾ, നിരീക്ഷണ ക്യാമറകൾ, വനദ്രുതകർമ്മസേനകൾ എന്നിവയെല്ലാം കൂടുതലായി വിന്യസിക്കുകയാണ്. കൃഷി- സ്വത്ത് നാശത്തിനും പരിക്കിനും ജീവഹാനിക്കുമുള്ള നഷ്ടപരിഹാരം കൂടുതൽ ഉദാരമായി വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ■









**വി.എൻ. വാസവൻ**

സഹകരണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി


# വിദ്യാതരംഗിണി: ഡിജിറ്റൽ പഠനത്തിന് സഹകരണമേഖലയുടെ കൈത്താങ്ങ്

**64132 പേർക്ക് മൊബൈൽഫോൺ വാങ്ങുന്നതിന് 61.09 കോടിരൂപ വായ്പ നൽകി.**

കോവിഡ് 19 മഹാമാരി ലോക വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും ഗുരുതരമായ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. ഈ മഹാമാരി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മുഴുവൻ സ്കൂളുകളും അടച്ചിടുകയാണുണ്ടായത്. 190 രാജ്യങ്ങളിലെ ഏകദേശം ഒന്നര ബില്യണിലധികം വിദ്യാർത്ഥികൾക്കാണ് ഇതുമൂലം സ്കൂളിൽ ഇരുന്നു പഠിക്കാനുള്ള അവസരം നഷ്ടമായത്. അതേസമയം വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ പ്രതിസന്ധി പരിഹരിക്കാൻ ദ്രുതഗതിയിലുള്ള ഇടപെടലുകൾ വിവിധ രാജ്യങ്ങളിലെ ഭരണകൂടങ്ങളുടേയും വിദ്യാഭ്യാസ വിദഗ്ധരുടേയും ഇടയിൽ നിന്നുണ്ടായി. അതിൽ പ്രധാനപ്പെട്ടതായിരുന്നു ഡിജിറ്റൽ വിദ്യാഭ്യാസം. പ്രൈമറി, സെക്കന്ററിതല വിദ്യാഭ്യാസത്തിന് ഏകദേശം 70 ശതമാനത്തിൽ കൂടുതൽ രാജ്യങ്ങളും ഇന്റർനെറ്റ് അടിസ്ഥാനമാക്കി ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെയുള്ള ഡിജിറ്റൽ ക്ലാസ് എന്ന മാതൃകതന്നെ സ്വീകരിച്ചു.

ഈ പ്രതിസന്ധി ഘട്ടത്തിൽ കേരളസർക്കാർ ഒന്നു മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് അവരുടെ പഠന സാഹചര്യം നിലനിർത്താൻ ഇതേ മാതൃകതന്നെ സ്വീകരിച്ചു.ഈ ഘട്ടത്തിലാണ് ഡിജിറ്റൽ ഉപകരണങ്ങൾ എല്ലാവർക്കും ലഭ്യമല്ല എന്ന പ്രതിസന്ധി ഉയർന്നു വരുന്നത്. സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നിൽ നിൽക്കുന്നവരെയാണ് ഇത് വളരെ പ്രയാസത്തിലാക്കിയത്. ഡിജിറ്റൽ പിന്തുണ എല്ലാവർക്കും ലഭ്യമായാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളു. ഈ കുറവ് നമ്മുടെ സംസ്ഥാനത്ത് അനുഭവപ്പെട്ടതാണ്. അതേസമയം ഇന്ത്യയുടെ പൊതുസ്ഥിതിയേക്കാൾ മെച്ചപ്പെട്ടതാണ് കേരളത്തിന്റേത്. വ്യക്തിഗത കമ്പ്യൂട്ടർ , ഇന്റർനെറ്റ് എന്നിവയുടെ ലഭ്യതയും. ഇവിടെ മഹാഭൂരിപക്ഷം പേർക്കുമുണ്ട്. വളരെ






കുറച്ച് ശതമാനം പേർക്ക് മാത്രമാണ് ഡിജിറ്റൽ ഉപകരണങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നത്. സർക്കാർതലത്തിൽ ഈ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു.ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ലാത്ത കുട്ടികൾക്ക് അത് ഉറപ്പാക്കാനുള്ള ശ്രമം ഉണ്ടാകണമെന്ന സർക്കാരിന്റെ അഭ്യർത്ഥന കേരളസമൂഹം ഏറ്റെടുത്തു. വിദ്യാർത്ഥി സംഘടനകൾ വിവിധ സാമൂഹികസംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവർ ഇതിനായി രംഗത്തുവന്നു.

സാമൂഹിക പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങളുമായി സമസ്ത മേഖലകളിലും കടന്നുചെല്ലുന്ന സഹകരണ പ്രസ്ഥാനം ഇതിനായി ആവിഷ്കരിച്ച പദ്ധതിയാണ് വിദ്യാതരംഗിണി പദ്ധതി.




ഡിജിറ്റൽ പഠനത്തിന് ആവശ്യമായ മൊബൈൽ ഫോൺ വാങ്ങാൻ കഴിയാത്തവർക്ക് സഹകരണ സംഘങ്ങളിലൂടെ പലിശരഹിത വായ്പ നൽകി അവരെ സഹായിക്കുക എന്നതാണ് പദ്ധതി.

ഒരു ഗുണഭോക്താവിന് പതിനായിരം രൂപ വരെ പലിശരഹിത വായ്പയായി നൽകും. ഇത്തരത്തിൽ ഒരു സഹകരണ സംഘത്തിന് 10 ലക്ഷംരൂപ വരെവായ്പ നൽകാം. അതായത് ഒരു സംഘത്തിന് 100 പേർക്ക് വരെ വായ്പ നൽകാം. അതാതു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽഫോൺ വാങ്ങാൻ വായ്പ ബന്ധപ്പെട്ട സ്കൂൾ അധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കും. 2 വർഷത്തെ പലിശരഹിത വായ്പ 24 തുല്യ ഗഡുക്കളായി അടച്ചുതീർക്കാം, ജൂൺ മുതൽ ജൂലൈ 31 വരെയാണ് പദ്ധതിയുടെ കാലാവധി. ലഭിക്കുന്ന അപേക്ഷകൾ എല്ലാം ഭരണസമിതി അംഗീകരിച്ച് വായ്പ നൽകണം. അപേക്ഷകൾ മുഴുവൻ പരിശോധിച്ച് വായ്പ നൽകുന്നതിന് ആഗസ്റ്റ് 31 വരെ സമയം നൽകിയിട്ടുണ്ട്. എല്ലാവർക്കും ഇത് ലഭ്യമാക്കാനുള്ള നിർദ്ദേശങ്ങൾ ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകി. ഇതിനായി ജില്ലകളിലെ അസിസ്റ്റന്റ് രജിസ്ട്രാർ പ്ലാനിംഗിനെ നോഡൽ ഓഫീസറായി നിയമിച്ചു. സഹകരണസംഘത്തിൽ അംഗത്വമില്ലാത്തവർക്കും ഇത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകി. അംഗത്വമില്ലാത്ത അപേക്ഷയോടൊപ്പം രക്ഷിതാവിന്റെ അംഗത്വത്തിനുള്ള അപേക്ഷ കൂടിവാങ്ങി അദ്ദേഹത്തിന് അംഗത്വം നൽകി വായ്പ ലഭ്യമാക്കാൻ നിർദ്ദേശിച്ചു. ഒരു കുട്ടിക്കും ഈ വായ്പ ലഭിക്കാതെ പോകുന്ന അവസരം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ കൊടുത്ത് ആവശ്യക്കാരായ പരമാവധി പേരിൽ ഇത് എത്തിക്കാനാണ് സഹകരണ വകുപ്പ് ശ്രദ്ധിച്ചത്.ഒരു പഠിതാവിന്റെ പെട്ടന്നുള്ള ആവശ്യമാണ് മൊബൈൽഫോൺ വാങ്ങുക എന്നത്. അത് ഏറ്റവുംവേഗത്തിൽ സാധ്യമാക്കാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞു. ഇടത്തരക്കരായ നിരവധി പേർക്ക് വളരെ പെട്ടന്നു തന്നെ ഒരു മൊബൈൽഫോൺ വാങ്ങാനായുള്ള തുക ഏറ്റവും വേഗത്തിൽ സഹകരണ സ്ഥാപങ്ങളിലൂടെ ഈ പദ്ധതി വഴി ലഭ്യമാക്കാൻ കഴിഞ്ഞു.

ജൂൺ 25 ന് ആരംഭിച്ച പദ്ധതി പ്രകാരം 64132 പേർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് 61.09 കോടിരൂപവായ്പ നൽകി. ■





ഡോ.എ.സമ്പത്ത്

# സ്വാതന്ത്ര്യം സംരക്ഷിക്കാൻ നിതാന്ത ജാഗ്രത

**1946 ൽ റോയൽ ഇന്ത്യൻ നേവിയിലെ ഇരുപതിനായിരത്തിലധികം നാവികർ നടത്തിയ സമരത്തിൽ 78 കപ്പലുകളിലേയും മറ്റു നാവിക സ്ഥാപനങ്ങളിലേയും സൈനികരാണ് പങ്കെടുത്തത്. പ്രക്ഷോഭകാരികൾ കോൺഗ്രസ്സിന്റെയും മുസ്‌ലിം ലീഗിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പതാകകൾ ഉയർത്തുകയും ബ്രിട്ടീഷ് പതാക ചുട്ടെരിക്കുകയും ചെയ്തു.**

ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ 75-ാമത് ജന്മദിനമാണ് 2021 ആഗസ്റ്റ് 15. മറ്റൊരു രാജ്യത്തിനും ഒരു പക്ഷേ അവകാശപ്പെടാൻ കഴിയാത്തത്ര വൈവിധ്യവും ജനപങ്കാളിത്തവും തലമുറകൾ നീണ്ടുനിന്നതുമായ പ്രവർത്തനങ്ങളുടേയും പോരാട്ടങ്ങളുടേയും പരിണത ഫലമാണ് ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ജനനത്തിന് കാരണമായി ഭവിച്ചത്. നമ്മുടെ ദേശീയ പ്രക്ഷോഭം അവിഘ്നമായ ഒരു ഒഴുക്കായിരുന്നില്ല.

1721 ലെ വിഷു ദിനത്തിൽ (ഏപ്രിൽ 13) ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കെതിരായി പൊട്ടിപ്പുറപ്പെട്ട ആറ്റിങ്ങൽ കലാപം മുതൽ പൈക (ഒഡീഷ) കലാപവും 1757 ലെ പ്ലാസി യുദ്ധവും വിവിധ നാട്ടുരാജ്യങ്ങളിലായി അരങ്ങേറിയ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളും മുതലിങ്ങോട്ട് ചെറുതും വലുതുമായ ഏറ്റുമുട്ടലുകളാണ് വെള്ളക്കാർക്കെതിരെ തദ്ദേശീയരായ ഇന്ത്യാക്കാർ നടത്തിയത്. ആദിവാസി-ഗോത്ര ജനവിഭാഗങ്ങളുൾപ്പെടെ ജീവൻ ത്യജിച്ചും നടത്തിയ പോരാട്ടങ്ങൾ അവിസ്മരണീയമാണ്. അധിനിവേശങ്ങൾക്കെതിരായ പോരാട്ടങ്ങളുടെ ആരംഭം കുറിക്കുന്നത് ഈ സമരങ്ങളിലൂടെയാണ്.

1498 ൽ വാസ്കോഡഗാമ കാപ്പാട് കാലുകുത്തിയതിനു ശേഷം യൂറോപ്യൻ രാജഭരണങ്ങൾ ഇന്ത്യയിലേയ്ക്കുള്ള

'കപ്പലോട്ടങ്ങൾ'ക്ക് വേഗം കൂട്ടി. 1600 ഡിസംബർ 31 ന് സ്ഥാപിച്ച ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി 274 കൊല്ലമാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കച്ചവടത്തിൽ തുടങ്ങി, കുടിലതയിലും കപടതയിലും കൊള്ളയിലും കൂടി വളർന്നത്. കോളനിശക്തികൾക്ക് ഇന്ത്യ പ്രകൃതി വിഭവങ്ങളുടേയും അധ്വാനശേഷിയുടേയും സമ്പത്തിന്റെയും അക്ഷയഖനിയായിരുന്നു.

## ഐക്യകാഹളം മുഴങ്ങിയ സമരചരിത്രം

ഹിന്ദു-മുസ്ലിം-സിഖ് ഐക്യത്തിന്റെ പ്രതീകം കൂടിയായിരുന്നു ഒന്നര വർഷക്കാലം നീണ്ടുനിന്ന, 1857ലെ ഒന്നാം സ്വാതന്ത്ര്യസമരം . ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ ഭൂവിഭാഗത്തെ ബാധിക്കുകയുണ്ടായി ഈ സമരം. എന്നാൽ 1806 ജൂലൈ 10 നാണ് ഇംഗ്ലീഷ്-ഈസ്റ്റിന്ത്യാ കമ്പനിയ്ക്കു കീഴിലെ ഇന്ത്യൻ ശിപായിമാർ മദ്രാസിലെ വെല്ലൂരിൽ ആദ്യമായി ഒരു കലാപം നടത്തുന്നത്. കലാപകാരികൾ വെല്ലൂർ കോട്ടയ്ക്കു മുകളിൽ ടിപ്പു സുൽത്താന്റെ മൈസൂർ രാജ്യത്തിന്റെ പതാകയാണത്രേ ഉയർത്തിയത്. ഹിന്ദുക്കളും മുസ്ലിങ്ങളും ഈ കലാപത്തിൽ പങ്കെടുത്തു.

1857 ലെ കലാപത്തെ കാൾമാർക്സ് വിലയിരുത്തിയതു പോലെ ആ സമരത്തിന്റെ ആഴവും പരപ്പും അതിനു മുമ്പ് ആരും വിലയിരുത്തിയിട്ടുണ്ടാവില്ല. ഒരു ജോയിന്റ് സ്റ്റോക് കമ്പനിയിൽ നിന്ന് ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിനിധിയിലേയ്ക്ക് അധികാര കൈമാറ്റം 1858 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റോടു കൂടി പൂർത്തിയായി; കമ്പനി പിരിച്ചുവിടപ്പെടുകയും ചെയ്തു. ഇംഗ്ലീഷ്-ഈസ്റ്റിന്ത്യാ കമ്പനി നഷ്ടത്തിലേക്ക് വീഴുകയും കമ്പനി ഉദ്യോഗസ്ഥർ സമ്പന്നതയുടെ മടിത്തട്ടിലേക്ക് നടന്നുകയറുകയും ചെയ്തത് സാമ്പത്തിക രാഷ്ട്രീയ രംഗത്തെ അത്ഭുതങ്ങളിലൊന്നാണ്. സമകാലീന നവലിബറൽ സാമ്പത്തിക നയങ്ങളുടെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കപ്പെടുകയും വമ്പൻ കോർപ്പറേറ്റുകൾ കോവിഡ്-19 മഹാമാരിയുടെ കാലത്തും സൗജന്യങ്ങൾ വാരിക്കൂട്ടുകയും, പ്രകൃതിവിഭവങ്ങൾ മുതൽ ജീവൻ രക്ഷാ രംഗം വരെ കൈപ്പിടിയിലൊതുക്കുകയും ചെയ്യുന്നത് ചരിത്രത്തിന്റെ ദുഃഖകരമായ തനിയാവർത്തനം പോലെ.

1946 ൽ റോയൽ ഇന്ത്യൻ നേവിയിലെ ഇരുപ തിനായിരത്തിലധികം നാവികർ നടത്തിയ സമരത്തിൽ 78 കപ്പലുകളിലേയും മറ്റു നാവിക സ്ഥാപനങ്ങളിലേയും സൈനികരാണ് പങ്കെടുത്തത്. പ്രക്ഷോഭകാരികൾ കോൺഗ്രസ്സിന്റെയും മുസ്ലിം ലീഗിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും പതാകകൾ ഉയർത്തുകയും ബ്രിട്ടീഷ് പതാക ചുട്ടെരിക്കുകയും ചെയ്തു. ബോംബെയിൽ നിന്നും ഈ സമരത്തിന്റെ അലയൊലികൾ പടിഞ്ഞാറ് കറാച്ചിയിലേയ്ക്കും കിഴക്ക് കൽക്കട്ട വരേയും വ്യാപിച്ചു. വിവിധ പോലീസ് സേനകളിലേക്കും അസ്വസ്ഥത പടർന്നു. രാജ്യത്ത് കമ്യൂണിസ്റ്റ് പാർട്ടി മാത്രമാണ് സമരക്കാരെ സഹായിക്കാൻ പരസ്യമായി രംഗത്തുവന്നത്. ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് നിരവധി പണിമുടക്കുകളുണ്ടായി. സർവീസിൽ നിന്നും പിരിച്ചുവിടപ്പെട്ട 476 നാവികരെ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലോ പാകിസ്താനിലോ സർവീസിൽ പുനഃപ്ര വേശിപ്പിച്ചതുമില്ല. ഈ സൈനിക കലാപവും ലോക രാഷ്ട്രീയത്തിലെ സാമ്രാജ്യത്വ വിരുദ്ധ മുന്നേറ്റങ്ങളും "സൂര്യനസ്തമിക്കാത്ത സാമ്രാജ്യ"ത്തിന്റെ



ബങ്കിം ചന്ദ്ര ചാറ്റർജി



ബാലഗംഗാധര തിലകൻ



അയ്യങ്കാളി



രാജാറാം മോഹൻ റോയ്

അടിത്തൂണുകളെയാണ് പിടിച്ചുകുലുക്കിയത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രാഷ്ട്രീയ പാർട്ടികളുടേയും ഗ്രൂപ്പുകളുടേയും സ്വത്വ രാഷ്ട്രീയത്തിന്റെയും അടയാളങ്ങൾ ഇന്ത്യൻ സ്വതന്ത്ര്യ സമരത്തിൽ പ്രകടമാണെങ്കിലും അതിനും വളരെ മുന്നേതന്നെ ഇന്ത്യയിലെ ആദ്ധ്യാത്മിക ആചാര്യന്മാരും, നവോത്ഥാന നായകന്മാരും ജനകീയ കവികളും കലാകാരന്മാരും വെളിച്ചത്തിന്റെ തിരികൾ കൊളുത്തി.

ശ്രീരാമ കൃഷ്ണ പരമഹംസർ, സ്വാമി വിവേകാന്ദൻ, ദയാനന്ദ സരസ്വതി, എം.ജി.റാനഡേ, സർ. സയ്യിദ് അഹമ്മദ് ഖാൻ, ദേവേന്ദ്രനാഥ ടാഗോർ, ഈശ്വര ചന്ദ്ര വിദ്യാസാഗർ, ആനിബസന്റ്, കേശവ് ചന്ദ്ര് സെൻ, പണ്ഡിത രമാഭായ്, കണ്ടുക്കുറി വീരേശ്വര ലിംഗം, സ്വാമി നാരായൺ, മഹാത്മാ രാമലിംഗം ഗോപാൽ ഹരിദേശ് മുഖ്, അയ്യാ വൈകുണ്ഡ സ്വാമികൾ, ശ്രീ നാരായണ ഗുരു, അയ്യങ്കാളി, ഇ.വി.രാമസ്വാമി നായ്ക്കർ, ജ്യോതി ബാഫൂലേ, രാജാറാം മോഹൻ റോയ്, ബാബാ ആംതേ... ഈ നിര നീളുകയാണ്. സ്വാമി വിവേകാനന്ദനാകട്ടേ ഇങ്ങനെ പ്രഖ്യാപിക്കാനും ധൈര്യം കാട്ടി "ഞാൻ സോഷ്യലിസത്തിൽ വിശ്വസിക്കുന്നു, കാരണം ഞാൻ വേദാന്തത്തിൽ വിശ്വസിക്കുന്നു". ലാലാ ലജ്പത് റായ്, ഗോപാലകൃഷ്ണ ഗോഖലേ, ബാലഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ, സുബ്രമഹ്ണ്യ ഭാരതി, രബീന്ദ്ര നാഥ ടാഗോർ, അല്ലാമാ മുഹമ്മദ് ഇക്ബാൽ, വള്ളത്തോൾ നാരായണ മേനോൻ, ബങ്കിം ചന്ദ്ര ചാറ്റർജി തുടങ്ങിയ വിശ്വപ്രസിദ്ധ എഴുത്തുകാരുടെ ബൗദ്ധികവും രാഷ്ട്രീയവുമായ ചിന്താധാരകൾ സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, എന്നീ മുദ്രാവാക്യങ്ങൾ നമുക്ക്



ഭഗത് സിങ്



രബീന്ദ്രനാഥ് ടാഗോർ



ദയാനന്ദ സരസ്വതി



ചന്ദ്ര ശേഖർ ആസാദ്

സാക്ഷാത്കരിക്കാൻ കഴിയുന്ന സ്വപ്നങ്ങളാണെന്ന് ജനകോടികൾക്ക് ആത്മവിശ്വാസവും രാഷ്ട്രീയ സമരങ്ങൾക്ക് നിശ്ചയദാർഢ്യവും നല്കി.

രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളുടെ ഭാഗമായി സാമൂഹികമായ ഉച്ചനീചത്വങ്ങളുടെ നിർമാർജ്ജനവും സാമ്പത്തിക സമത്വത്തിലേയ്ക്കുള്ള പ്രയാണവും ചൂഷണ രഹിതമായ സാമൂഹിക വ്യവസ്ഥ എന്ന സ്വപ്നവും വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു; അവ നേടിയെടുക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വഴികാട്ടിയും സംഘാടകരുമായി വർത്തമാന പത്രങ്ങളും മാറി.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരവും തദ്വാര ലഭ്യമായ ജനാധിപത്യ ആശയങ്ങളെക്കുറിച്ചുള്ള പൊതുബോധവും വ്യവസായ വിപ്ലവത്തിന്റെ ഭാഗമായുണ്ടായ ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രചുര പ്രചാരവുമെല്ലാം തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും തങ്ങളുടെ നാടിന്റെ അവസ്ഥയെക്കുറിച്ചുമെല്ലാം സാമാന്യ ജനങ്ങൾക്ക് പുതിയ ബോധങ്ങളാണ് നല്കിയത്. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ സത്യഗ്രഹ പരിപാടികളും നിസ്സഹകരണ പ്രസ്ഥാനവുമെല്ലാം ഇന്ത്യാക്കാർക്ക് മാത്രമല്ല, ലോകത്തിനു തന്നെയും പുതിയ സമര മുഖങ്ങളായിരുന്നു.

## മരണമില്ലാത്ത ധീരരക്തസാക്ഷികൾ

വ്യത്യസ്ത രാഷ്ട്രീയ ധാരകളിൽ പ്രവർത്തിച്ചവരും ഇന്ത്യയുടെ സ്വാതന്ത്ര്യം എന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനായി സ്വന്തം ജീവൻ പോലും ബലി കഴിക്കാൻ തയ്യാറായി രംഗത്തുവന്നു. ഭഗത് സിങ്, സുഖ്ദേവ് ഥാപ്പർ, ശിവറാം രാജ്ഗുരു, ചന്ദ്ര ശേഖർ ആസാദ്, ഉദ്ദം സിങ്, റാം പ്രസാദ് ബിസ്മിൽ, അഷ്ഫഖുള്ളാ ഖാൻ, വക്കം ഖാദർ തുടങ്ങിയ ധീരദേശാഭിമാനികളായ രക്തസാക്ഷികളുടെ ഒരു നിരതന്നെയുണ്ട്. “നായ്ക്കൾക്കും ഇന്ത്യാക്കാർക്കും പ്രവേശനമില്ല” എന്ന് പ്രഖ്യാപിച്ച യൂറോപ്യൻ ക്ലബ്ബിലേയ്ക്ക് ഇരച്ചുകയറിയ (മധ്യവർഗ) ബംഗാളി വനിത പ്രീതിലത വദ്ദേദാർ എന്ന രക്തസാക്ഷിയെ നമുക്ക് മറക്കാതിരിക്കാം. 1857 മാർച്ച് 29 ന് ബാരക്പൂറിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കെതിരെ കലാപത്തിന്റെ വെടിയുതിർത്ത മംഗൽപാണ്ഡേ എന്ന (ബ്രാഹ്മണനായ) ശിപായി മുതൽ നേതാജി സുബാസ് ചന്ദ്ര ബോസിന്റെ നേതൃത്വത്തിലുള്ള ഐ.എൻ.എയും ചേർന്ന് പോരാടി വീരമൃത്യു വരിച്ച നാനാജാതി മതസ്ഥരും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ അഭിമാന സ്തംഭങ്ങളാണ്.

ദക്ഷിണാഫ്രിക്കയിലെ 21 വർഷക്കാലത്തെ വാസത്തിനു ശേഷം ഗാന്ധിജിയുടെ ഇന്ത്യയിലേക്കുള്ള തിരിച്ചു വരവ് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു പുതിയ അദ്ധ്യായമാണ് കുറിച്ചത്. 1917 ലെ റഷ്യൻ വിപ്ലവം ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലെ വിമോചന പോരാട്ടങ്ങൾക്ക് പുതിയ മാനവും ആവേശവും നല്കി. ചമ്പാരൻ സത്യാഗ്രഹം മുതലുള്ള മൂന്നു പതിറ്റാണ്ടു കാലം ഇന്ത്യൻ രാഷ്ട്രീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തിലെ ഏറ്റവും ചടുലവും വേഗതയേറിയതുമായ ഒരു കാലമാണ്. ഒപ്പം നാനാജാതി മതസ്ഥരായ സാധാരണ മനുഷ്യർ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ കീഴിൽ ഒരൊറ്റ ലക്ഷ്യത്തോടെ മുന്നേറിയ കാലം. വ്യത്യസ്ത രാഷ്ട്രീയ ആശയങ്ങൾ വെച്ചുപുലർത്തിയിരുന്നവർ ഒരുമിച്ച് ഒരു കുടക്കീഴിൽ!



വള്ളത്തോൾ നാരായണ മേനോൻ



സ്വാമി വിവേകാനന്ദൻ



സുഖ്ദേവ് ഥാപ്പർ



സർ. സയ്യിദ് അഹമ്മദ് ഖാൻ

ലോകത്തിലാദ്യമായി ഒരു സൈന്യത്തിന്റെ പൂർണ്ണ വനിതാ റെജിമെന്റ് ഒരുപക്ഷേ ഐ.എൻ.എയുടെ റാണി ഝാൻസി റെജിമെന്റ് ആയിരിക്കാം. (1943). മലയാളിയായ (ഡോക്ടർ) ക്യാപ്റ്റൻ ലക്ഷ്മിയായിരുന്നു ആയിരത്തോളം വനിതകളടങ്ങുന്ന ഇതിന്റെ നായിക. 'ശിപായി ലഹള' എന്ന് സായിപ്പ് ആക്ഷേപിച്ച 1857 ലെ കലാപത്തിന് നേതൃത്വം നല്കിയത് രാജാക്കന്മാരും നാടുവാഴികളും ഉൾപ്പെടെയുള്ള ഉന്നത ശ്രേണിയിലുള്ളവരായിരുന്നെങ്കിലും വെള്ളക്കാർക്കെതിരെ ആയുധമെടുത്ത് പോരാടാൻ സധൈര്യം മുന്നിട്ടിറങ്ങിയ ലക്ഷക്കണക്കിന് ഇന്ത്യാക്കാരിൽ ബഹുഭൂരിപക്ഷവും കൃഷിക്കാരും തൊഴിലാളികളും ഭൂരഹിതരുമായിരുന്നു. ഇന്ത്യയുടെ സമുദായ മൈത്രിയുടെ പ്രതീകം കൂടിയായിരുന്നു 1857 ലെ കലാപം. ഒന്നര വർഷത്തോളം നീണ്ടുനിന്ന ആ കലാപത്തിൽ അവസാനത്തെ മുഗൾ ചക്രവർത്തിയായ ബഹദൂർഷാ രണ്ടാമനെയാണ് കലാപകാരികൾ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചത്.

1896 ൽ ആൻഡമാനിലെ പോർട്ട് ബ്ലെയറിൽ പണിയാരംഭിച്ച സെല്ലുലാർ ജയിൽ പോലെ മറ്റൊരു തടവറ ലോകത്തൊരിടത്തും ഉണ്ടായിട്ടുണ്ടാവില്ല. ബംഗാൾ, പഞ്ചാബ്, ഉത്തർപ്രദേശ്, മദ്രാസ് പ്രവിശ്യ, ആന്ധ്ര, ആസ്സാം, ബീഹാർ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നു മാത്രമല്ല, 1921 ലെ മലബാർ കലാപത്തെ തുടർന്ന് നാടുകടത്തപ്പെട്ടവരും ഈ തടവറയിൽ അടയ്ക്കപ്പെട്ടു. ഇന്ത്യയ്ക്ക് പുറത്ത് രൂപീകരിച്ച ഗദ്ദർ പാർട്ടിയും ആസാദ് ഹിന്ദ് ഫൗജും മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി നടത്തിയ ത്യാഗനിർഭരവും ധീരോദാത്തവുമായ പോരാട്ടങ്ങൾക്കു പകരം വെയ്ക്കാൻ ചരിത്രത്തിന്റെ ഏടുകൾക്ക് ഇന്നും കഴിഞ്ഞിട്ടില്ല.

## ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കാം

ലോകത്തിലെ ഏറ്റവും വലിയ ബഹുകക്ഷി ജനാധിപത്യ വ്യവസ്ഥ ഇന്ത്യയുടെ പ്രത്യേകതയാണ്. ഏഴര പതിറ്റാണ്ടു കാലത്തെ സ്വാതന്ത്ര്യത്തിന്റെ ഒഴുക്കുകൾക്കിടയിൽ അമിതാധികാരത്തിന്റെ അപഭ്രംശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ ഫെഡറൽ രാഷ്ട്രവും അതിന്റെ ചരിത്രവും ലോകത്തിന് അത്ഭുതങ്ങളാണ് സമ്മാനിച്ചിട്ടുള്ളത്. പ്രായപൂർത്തി വോട്ടവകാശത്തിലധിഷ്ഠിതമായ പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയും നിയമനിർമാണ സഭയോട് ഉത്തരവാദിത്തമുള്ള കാര്യനിർവ്വഹണ സമിതിയും സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥയും ഈ രാഷ്ട്രത്തിന് സ്വന്തമായുള്ള ഭരണഘടന ഉറപ്പ് നൽകുന്നു. ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുകയെന്നത് എല്ലാ പൗരന്മാരുടേയും ചുമതലയാണ് എന്നതും നാം മറന്നുപോകരുത്.

ഇന്ത്യയുടെ സ്വാതന്ത്ര്യമെന്നത് ഒരു പ്രഖ്യാപനമായി വരാനിരിക്കെ ചില നാടുവാഴികളും ദിവാന്മാരും ഉയർത്തിയ വിഘടന വാദത്തിന്റെയും അമിതാധികാരത്തിന്റെയും തേർവാഴ്ചകൾക്കെതിരെ നടത്തപ്പെട്ട ജനകീയ പ്രക്ഷോഭങ്ങളായ പുന്നപ്ര-വയലാർ സമരവും തെലങ്കാന സമരവും നിണമണിഞ്ഞ അധ്യായങ്ങളാണ്. കാശ്മീരിനെ രാജവാഴ്ചയിൽ നിന്നും മോചിപ്പിച്ച് ഇന്ത്യൻ യൂണിയനിൽ ചേർക്കുന്നതിനു വേണ്ടി ജനങ്ങൾ നടത്തിയ പ്രക്ഷോഭങ്ങളെയും മറന്നു പോകരുത്. വർഗീയതവും രാഷ്ട്രീയ അധികാരമോഹവും കൂട്ടിക്കുഴക്കപ്പെട്ടപ്പോൾ നാടിന്റെ നെഞ്ചിലാണ്




വെടിമരുന്നിന് തീ പിടിച്ചത്. നിരപരാധികളായ ദശലക്ഷക്കണക്കിന് മനുഷ്യരാണ് ഇന്ത്യാവിഭജനത്തെ തുടർന്ന് അഭയാർത്ഥികളായത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം അഞ്ചുമാസങ്ങൾ പിന്നിടുമ്പോൾ രാഷ്ട്രപിതാവിനെ "മതനിരപേക്ഷതയുടെ ആദ്യത്തെ രക്തസാക്ഷി"യാക്കിത്തീർത്തതിന്റെ പാപക്കറയും ഈ ജനാധിപത്യ രാഷ്ട്രത്തിന്റെ എക്കാലത്തേയും വേദനകളിലൊന്നാണ്.

സംസ്ഥാനവും യൂണിയനും തമ്മിലുള്ള ബന്ധങ്ങളെ പറ്റി ഇന്ത്യൻ ഭരണഘടന സുവ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പ്രഥമ മന്ത്രിസഭയെ അനുച്ഛേദം 356 ദുരുപയോഗപ്പെടുത്തി 1959 ൽ പിരിച്ചുവിട്ടതു മുതൽ ഇന്ത്യയിലാകെ 115 തവണയിലേറെ സംസ്ഥാന സർക്കാരുകളുടെ തലയരിയുകയുണ്ടായി. "പാസ്സാക്കിയാലും പ്രയോഗത്തിൽ വരുത്താത്ത നിയമ"മാണെന്ന് (dead letter) ഡോ.ബി.ആർ.അംബേദ്കർ ഭരണഘടനാ നിർമാണ സഭയിൽ ഉറപ്പുനൽകിയ ആ ഖഡ്ഗം ഇന്ന് രാഷ്ട്രീയ കുതിരക്കച്ചവടങ്ങളുടെ രൂപത്തിൽ ജനാധിപത്യത്തിന് ഭീഷണി ഉയർത്തുന്നു- പഴയ പ്രേതം പുതിയ രൂപത്തിൽ!

ഭാരതത്തിന്റെ ഭരണഘടന ആരംഭിക്കുന്നത്.. നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ... ജീവനില്ലാത്ത അക്ഷരങ്ങളായി പുസ്തകത്താളിൽ സ്ഥലം അപഹരിക്കാനുള്ളതല്ല. ജനകോടികളുടെ ഹൃദയത്തിൽ നിന്ന് ഉത്ഭവിക്കുന്ന ജനാധിപത്യ അവകാശങ്ങളുടെ സത്തയും മൂല്യവും എന്ത് എന്ന് ലോകത്തിലെ തന്നെ എഴുതപ്പെട്ട ഏറ്റവും വലിയ ഭരണഘടന വിളംബരം ചെയ്യുന്നു. ഭരണഘടനാ മൂല്യങ്ങൾ നേരിടുന്ന വെല്ലുവിളികൾക്കെതിരെ നാം ജാഗ്രത പുലർത്തിയില്ലായെങ്കിൽ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യമെന്നത് അമൂർത്തമായ സങ്കല്പം മാത്രമായി അവശേഷിക്കും. ■



# നൂറിന്റെ നിറവിൽ ഖാദി

എം. സുരേഷ് ബാബു

ഖാദി വസ്ത്രം ദേശീയ പ്രസ്ഥാനത്തിന്റെ അവിഭാജ്യ ഘടകമാവുകയും ചർക്ക സ്വാതന്ത്ര്യ പോരാട്ടത്തിന്റെ സമരായുധമായി മാറുകയും ചെയ്തിട്ട് നൂറ് വർഷങ്ങൾ പിന്നിടുകയാണ്.

1921 മാർച്ച് 31 ന് വിജയവാഡയിൽ ചേർന്ന എ.ഐ.സി.സി.യോഗം കൈക്കൊണ്ട നിർണായകമായ മൂന്ന് തീരുമാനങ്ങളിലൊന്ന് 1921 ജൂൺ മുപ്പതിനകം രാജ്യമെങ്ങും ഇരുപത് ലക്ഷം ചർക്കകൾ വിതരണം ചെയ്യുക എന്നതായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ഒരു കോടി അംഗങ്ങളെ ചേർക്കുക, തിലക് സ്വരാജ്നിധിയിലേക്ക് ഒരു കോടി രൂപ സമാഹരിക്കുക എന്നിവയായിരുന്നു മറ്റ് തീരുമാനങ്ങൾ. നിസ്സഹരണ സമരത്തിന് ശക്തി പകരുക എന്ന ലക്ഷ്യത്തോടെയാണ് മൂന്ന് മാസത്തിനുള്ളിൽ നടപ്പാക്കേണ്ട ഈ മൂന്ന് തീരുമാനങ്ങൾക്ക് എ.ഐ.സി.സി. രൂപം കൊടുത്തത്. മഹാത്മാഗാന്ധി കോൺഗ്രസ്സിന്റെ സമുന്നത നേതാവായി ഉയർന്നുവന്നതിനെ തുടർന്ന് കോൺഗ്രസ്സിന്റെ ലക്ഷ്യങ്ങളിലും പ്രവർത്തനങ്ങളിലും ഉണ്ടായ വ്യത്യാസവും ചലനാത്മകതയും വ്യക്തമാക്കുന്നത് കൂടിയായിരുന്നു ഈ പരിപാടികൾ.

**നിസ്സഹരണ സമരത്തിലൂടെ രാജ്യം ബ്രിട്ടീഷ് ഭരണകൂടവുമായി നേരിട്ടുള്ള പോരാട്ടത്തിലായിരുന്നു. ഒരു വർഷത്തിനകം സ്വരാജ് എന്നതായിരുന്നു ഗാന്ധിയുടെ പ്രഖ്യാപനം.'ഖാദിയിലൂടെ സ്വദേശി, സ്വദേശിയിലൂടെ സ്വരാജ്.' ഇതായിരുന്നു ഗാന്ധിയുടെ രാഷ്ട്രീയനയം.**

നിസ്സഹരണ സമരത്തിലൂടെ രാജ്യം ബ്രിട്ടീഷ് ഭരണകൂടവുമായി നേരിട്ടുള്ള പോരാട്ടത്തിലായിരുന്നു. ഒരു വർഷത്തിനകം സ്വരാജ് എന്നതായിരുന്നു ഗാന്ധിയുടെ പ്രഖ്യാപനം.'ഖാദിയിലൂടെ സ്വദേശി, സ്വദേശിയിലൂടെ സ്വരാജ്.' ഇതായിരുന്നു ഗാന്ധിയുടെ രാഷ്ട്രീയനയം. അതിനായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സാധാരണ ജനങ്ങളുടെ പ്രസ്ഥാനമാക്കി മാറ്റേണ്ടത് അത്യാവശ്യമായിരുന്നു. സാധാരണക്കാരായ ഇന്ത്യക്കാരുമായി സംവദിക്കാൻ സഹായിക്കുന്ന ഏറ്റവും നല്ല ഉപാധികളായിരുന്നു ചർക്കയും നൂൽനൂൽക്കലും.

അഹമ്മദാബാദിലെ സത്യാഗ്രഹ ആശ്രമത്തിൽ നൂൽപ് ചക്രത്തിൽ നൂൽ നൂറ്റ് കൈത്തറിയിൽ ഖാദിവസ്ത്രം നെയ്തെടുത്തിട്ട് മൂന്ന് വർഷത്തോളം കഴിഞ്ഞിരുന്നു. ഖാദി അതിന്റെ ശൈശവ ദശ പിന്നിട്ടിരുന്നില്ല. ഗുജറാത്ത്, മദ്രാസ്, ബീഹാർ, പഞ്ചാബ് തുടങ്ങിയ സ്ഥലങ്ങളിൽ നൂൽനൂൽപ്പും വസ്ത്രനിർമ്മാണവും ചെറിയ തോതിൽ വളർന്നു

വന്നിരുന്നുവെങ്കിലും വലിയൊരു മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ഖാദിയെ ദേശീയ പ്രസ്ഥാനവുമായി കൂട്ടിയിണക്കാനുള്ള ധീരമായ തീരുമാനത്തിലേക്ക് ഗാന്ധി നീങ്ങുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരുപത് ലക്ഷം ചർക്കകൾ വിതരണം ചെയ്യുക എന്നത് ധീരമായ നടപടിയായിരുന്നു.

മഹാത്മാഗാന്ധി അപ്പോഴേക്കും പൂർണ ഖാദിധാരിയായി മാറിയിരുന്നു. 1920 ഓഗസ്റ്റ് 31 ന് ഗാന്ധി ഖാദി പ്രതിജ്ഞ എടുത്തു. ജീവിതകാലം മുഴുവൻ തനിക്ക് ആവശ്യമായ വസ്ത്രം ചർക്കയിൽ കൈക്കൊണ്ട് നൂൽനൂറ്റ് കൈത്തറിയിൽ നെയ്ത ഖാദി വസ്ത്രം മാത്രമേ വാങ്ങൂ എന്നായിരുന്നു ഗാന്ധിയുടെ ഖാദി പ്രതിജ്ഞ.

നിസ്സഹരണ സമരത്തിന്റെ മുഖ്യ അജണ്ടകളിൽ ഒടുവിലത്തെ ഇനം വിദേശ ഉല്പന്നങ്ങളുടെ ബഹിഷ്കരണമായിരുന്നു. ഈ തീരുമാനം എങ്ങനെ നടപ്പാക്കും എന്ന കാര്യത്തിൽ കടുത്ത അവ്യക്തത നിലനിന്നിരുന്നു. വിദേശ ഉല്പന്നങ്ങളുടെ ബഹിഷ്ക്കരണത്തിൽ വിദേശ വസ്ത്ര ബഹിഷ്ക്കരണത്തിന് പ്രാധാന്യം ലഭിച്ചു.

വിദേശ വസ്ത്രങ്ങൾക്ക് പകരം ഖാദി ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുവാൻ ഖാദി വസ്ത്രം എത്രത്തോളം നിർമ്മിക്കാൻ കഴിയുമെന്നും, പരുക്കൻ ഖാദിതുണി ജനങ്ങൾക്ക് ഇഷ്ടപ്പെടുമോ എന്നുമുള്ള ആശങ്കകൾക്ക് വ്യക്തമായ വിശദീകരണം ഗാന്ധി നൽകുന്നില്ല. പകരം അദ്ദേഹം ജനങ്ങളെ വിശ്വാസത്തിലെടുത്ത് മുന്നോട്ട് പോകുകയാണ് ചെയ്തത്.



ഇരുപത് ലക്ഷം ചർക്കകൾ വിതരണം ചെയ്യുക എന്ന തീരുമാനത്തെ പരാമർശിച്ച് 1921 ഏപ്രിൽ 20 ന് നവജീവനിൽ ഗാന്ധി എഴുതി:

'നൂല്പ് ചക്രത്തിൽ വിശ്വാസമുള്ള ആളുകൾ എല്ലാ പ്രവിശ്യകളിലും ഉയർന്നു വരണം. ആളുകൾ ഖദറിന്റെ സൗന്ദര്യവും ഉപയോഗവും അംഗീകരിക്കണം. ഇതായിരുന്നു നമ്മുടെ ആവശ്യം. അതിപ്പോൾ നടപ്പായിരിക്കുന്നു.' 'ഇന്ത്യയിലെ സ്ത്രീപുരുഷന്മാർ ഒരു കോടി രൂപ തരികയും ജൂൺ മുപ്പതിനകം ഇരുപത് ലക്ഷം ചർക്കകൾ കഴിയാവുന്നത്ര വീടുകളിൽ എത്തിക്കുകയും ചെയ്താൽ ഇന്ത്യ സ്വരാജിന് തയ്യാറെടുത്തതായി കരുതാം.'

## വിദേശവസ്ത്രങ്ങൾ കത്തിക്കുന്നു

വിദേശ വസ്ത്ര ബഹിഷ്ക്കരണത്തിന്റെ സമരകേന്ദ്രമായി ഗാന്ധി തെരഞ്ഞെടുത്തത് വ്യവസായ നഗരമായ ബോംബെ ആയിരുന്നു. 1921 ജൂൺ 15 മുതൽ ഓഗസ്റ്റ് ഒന്നുവരെ ഗാന്ധി ബോംബെയിൽ താമസിച്ച് നിസ്സഹരണ സമരത്തിന് നേതൃത്വം കൊടുത്തു.

1921 ജൂലൈ രണ്ടിന് ബോംബെയിൽ നടത്തിയ ഒരു പ്രസ്താവനയിൽ ഗാന്ധി ഇങ്ങനെ പറഞ്ഞു: 'തിലക് സ്വരാജ് നിധിയുടെ ഒരു കോടി എന്ന ലക്ഷ്യം നാം കൈവരിച്ചു. നമ്മുടെ അടുത്ത ലക്ഷ്യം സമ്പൂർണ്ണമായ വിദേശവസ്ത്ര ബഹിഷ്കരണമാണ്. അടുത്ത ഓഗസ്റ്റ് ഒന്നിന് ലോകമാന്യ തിലകന്റെ ഒന്നാം ചരമ വാർഷികമാണ്. തിലകന്റെ ചരമവാർഷികത്തിനു മുമ്പ് വിദേശ വസ്ത്രങ്ങൾ പൂർണ്ണമായും ബഹിഷ്കരിക്കാൻ നമുക്ക് കഴിയണം. അതിനേക്കാൾ മികച്ച ഒരു പരിപാടി തിലകന്റെ ചരമ വാർഷികം ആഘോഷിക്കാനായി ഞാൻ കാണുന്നില്ല.'

അന്ന് തന്നെ നടന്ന ഒരു പൊതുയോഗത്തിൽ ഗാന്ധി പറഞ്ഞു: 'വിദേശ വസ്ത്രം നമ്മുടെ അടിമത്തത്തിന്റെ അടയാളമാണ്. നിങ്ങളത് വലിച്ചെറിയണം.' 'വിദേശ വസ്ത്രത്തെ മദ്യത്തേക്കാളും പശുവിറച്ചിയേക്കാളും നിന്ദ്യമായി പരിഗണിക്കണം.' 'വിദേശ വസ്ത്രം ബഹിഷ്കരിക്കാതെ നിങ്ങൾക്കെങ്ങിനെ സ്വരാജ് ആവശ്യപ്പെടാൻ കഴിയും.' 'നിങ്ങളുടെ ഇടയിൽ ധീരരായ ആളുകളുണ്ടെങ്കിൽ അവർ വിദേശ വസ്ത്രങ്ങൾ കത്തിച്ചു കളയുക,' ഗാന്ധിയുടെ ആഹ്വാനം ഭാരതം ആവേശപൂർവം ഏറ്റെടുത്തു. 1921 ജൂലൈ 31 ന് ബോംബെ എൽഫിൻസ്റ്റൻ മില്ലിന്റെ പരിസരത്ത് ചേർന്ന ചരിത്ര പ്രസിദ്ധമായ യോഗത്തിൽ വസ്ത്ര കൂമ്പാരത്തിന് ഗാന്ധി തന്നെ തീകൊളുത്തി. ആ തീ രാജ്യമെങ്ങും കത്തിപ്പടർന്നു. അന്ന് ഗാന്ധി പറഞ്ഞു: 'ഈ ദിനം ബോംബെയെ സംബന്ധിച്ചിടത്തോളം വിശുദ്ധദിനമാണ്. ഇന്ന് നാം നമ്മുടെ ശരീരത്തിലെ ഒരു മാലിന്യം നീക്കം ചെയ്യുകയാണ്. നമ്മുടെ അടിമത്തത്തിന്റെ അടയാളമായ വിദേശ വസ്ത്രം ഇല്ലാതാക്കിക്കൊണ്ട് നമ്മൾ സ്വയം ശുദ്ധീകരിക്കുകയാണ്. ഇന്ന് നമ്മൾ സ്വാതന്ത്ര്യത്തിന്റെ ദേവാലയത്തിൽ (സ്വരാജ്) പ്രവേശിക്കാൻ യോഗ്യത നേടിയിരിക്കുന്നു.

ഗാന്ധിയുടെ ഈ നടപടി അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളെപ്പോലും ഞെട്ടിച്ചുകളഞ്ഞു. സി.എഫ് ആൻഡ്രൂസ്, രവീന്ദ്രനാഥ് ടാഗോർ എന്നിവർക്ക് വലിയ നിരാശയുണ്ടായി. ഗാന്ധിയുടെ ആത്മമിത്രമായ ആൻഡ്രൂസ് ഗാന്ധിക്ക് എഴുതി: 'വളരെ മനോഹരമായ വസ്ത്രങ്ങളുടെ കൂമ്പാരത്തിന് താങ്കൾ തീ കൊളുത്തുന്ന കാഴ്ച എന്നെ വല്ലാതെ അമ്പരപ്പിച്ചു.'വിദേശ വസ്ത്രങ്ങൾ കത്തിച്ചു കളയാതെ പാവങ്ങൾക്ക് വിതരണം ചെയ്യാമായിരുന്നില്ലെ

എന്ന് ആന്‍ഡ്രൂസ് ചോദിച്ചു.

എന്നാല്‍ എല്ലാ വിമര്‍ശനങ്ങളേയും ഗാന്ധി കഠിനമായി നിരാകരിച്ചു. വിലകൂടിയ സമ്മാനങ്ങള്‍ നമ്മുടെ ധാര്‍മ്മികവികാരത്തിന് തടസ്സമാണെങ്കില്‍ സംശയമോ നഷ്ടപരിഹാരമോ ഇല്ലാതെ അവ നശിപ്പിക്കപ്പെടണമെന്നും വിദേശ വസ്ത്രങ്ങളോടുള്ള താല്പര്യം വൈദേശികാധിപത്യവും ദാരിദ്ര്യവും സമ്മാനിച്ചുവെന്നും നമ്മുടെ ശരീരത്തില്‍ കയറിക്കൂടിയ അന്യ വസ്തുവാണ് വിദേശ വസ്ത്രമെന്നും അത് നശിപ്പിക്കപ്പെടേണ്ടത് തന്നെയാണെന്നും ഗാന്ധി ആന്‍ഡ്രൂസിന് മറുപടി നല്‍കി.

ഞാന്‍ വിദേശവസ്ത്രം കത്തിക്കുമ്പോള്‍ ഞാനെന്റെ അപമാനത്തെയാണ് കത്തിച്ചു കളയുന്നതെന്ന് ടാഗോറിന് ഗാന്ധി മറുപടി കൊടുത്തു.

ഗാന്ധിതൊപ്പി ധരിച്ച നിസ്സഹരണ സമര വളണ്ടിയര്‍മാര്‍ രാജ്യമെങ്ങും വിദേശ വസ്ത്രങ്ങള്‍ കത്തിച്ചു. നൂല്‍ നൂല്പും ഖാദി വസ്ത്ര നിര്‍മ്മാണവും രാഷ്ട്രീയ പ്രവര്‍ത്തനത്തിന്റെ ഭാഗമായി. ഗാന്ധിത്തൊപ്പി ബ്രിട്ടീഷ് വിരുദ്ധ വികാരത്തിന്റെ ചിഹ്നമായി. തൊപ്പി ധരിച്ചവരെ പലസ്ഥലങ്ങളിലും അറസ്റ്റ് ചെയ്തു. ഖാദി സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മാറി. അന്ന് ഉയര്‍ന്നുകേട്ട ഒരു വിപ്ലവ ഗാനം ഇങ്ങനെ ആയിരുന്നു.

'ചര്‍ക്കയിത് തോക്കാണ്<br>നൂലുണ്ടകളതിന്‍ തിരയാണ്<br>തകര്‍ക്കുമതിനാല്‍<br>ലങ്കാഷയറും മഞ്ചസ്റ്ററും.'

ഇന്ത്യാചരിത്രത്തിലെ സമരതീഷ്ണമായ ഒരു വര്‍ഷമായിരുന്നു 1921 വിവിധ ജാതികളിലും മതങ്ങളിലും ഭാഷകളിലും ദേശങ്ങളിലുമായി വിഭജിതമായ ഒരു ജനത ഒരുമിച്ച് ചേര്‍ന്ന് ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ സമരരംഗത്തിറങ്ങി. ഈ ജനങ്ങളെ പരസ്പരം കോര്‍ത്തിണക്കിയത് ഖാദി നൂലുകളായിരുന്നു.

1922 മാര്‍ച്ച് 20 ന് അറസ്റ്റ് ചെയ്ത് ജയിലിലടക്കപ്പെടുന്നതിന് ഏതാനും ദിവസങ്ങള്‍ക്കു മുമ്പ് ഗാന്ധി പറഞ്ഞു. 'എന്റെ കൈകളില്‍ നിങ്ങള്‍ ഖാദി നല്‍കൂ. നിങ്ങളുടെ കൈകളില്‍ ഞാന്‍ സ്വരാജ് സമ്മാനിക്കാം.'

ഒരു ശുഭ്ര സ്വപ്നത്തിന്റെ നൂലിഴകള്‍ കൊണ്ട് നെയ്തതായിരുന്നു ഖാദി. ആ സ്വപ്നത്തിന് നൂറ് വയസ്സായിരിക്കുന്നു.

## ഖാദി ഇന്ന്

മഹാത്മാഗാന്ധി വിഭാവന ചെയ്ത സ്വരാജിന്റെ മാതൃകയല്ല സ്വതന്ത്ര ഇന്ത്യ മുന്നോട്ട് വെച്ചതെങ്കിലും ഖാദിക്ക് ആദര പൂര്‍വ്വമായ ഒരു സ്ഥാനം ഉറപ്പുവരുത്തുന്നതിന് സ്വാതന്ത്ര്യത്തിന് ശേഷം അധികാരത്തില്‍ വന്ന എല്ലാ സര്‍ക്കാരുകളും ശ്രദ്ധ പുലര്‍ത്തിയിരുന്നു. രാജ്യത്ത് ഖാദി ഗ്രാമവ്യവസായങ്ങള്‍ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1956 ല്‍ പാര്‍ലമെന്റ് നിയമം പാസ്സാക്കുകയും അതിന്റെ ഭാഗമായി ഖാദി ഗ്രാമവ്യവസായ കമ്മിഷന്‍ നിലവില്‍ വരുകയും ചെയ്തു. സമാന രീതിയില്‍ എല്ലാ സംസ്ഥാനങ്ങളിലും ഖാദി ഗ്രാമ വ്യവസായ ബോര്‍ഡുകള്‍ രൂപീകരിക്കപ്പെട്ടു.

1934 ല്‍ ഗ്രാമീണ പുനര്‍ നിര്‍മ്മാണം ലക്ഷ്യംവെച്ച് ഓള്‍ ഇന്ത്യാ വില്ലേജ് ഇന്‍ഡസ്ട്രീസ് അസോസിയേഷന്‍ എന്ന പേരില്‍ ഒരു പുതിയ സംഘടനയ്ക്ക് ഗാന്ധി തുടക്കമിട്ടു. ഖാദിയോടൊപ്പം ഗ്രാമവ്യവസായങ്ങളും ചേര്‍ന്ന ഒരു ഗ്രാമവികസന പദ്ധതിയാണ് അദ്ദേഹം മുന്നോട്ട് വെച്ചത്. ഖാദി സൂര്യനും ഗ്രാമവ്യവസായങ്ങള്‍ ഗ്രഹങ്ങളുമാണെന്ന് അദ്ദേഹം പറഞ്ഞു.

ഖാദിഗ്രാമ വ്യവസായങ്ങളെ ഒരു പ്രധാന തൊഴില്‍ദാന മേഖലയായിട്ടാണ് സ്വാതന്ത്ര്യാനന്തരം പരിഗണിക്കപ്പെട്ടത്.

ഖാദി ഗ്രാമവ്യവസായങ്ങളുടെ നിര്‍വചനത്തില്‍ മാറ്റങ്ങള്‍ വരുത്തിയും പുതിയ വ്യവസായങ്ങള്‍ കൂട്ടിച്ചേര്‍ത്തും ഖാദി ഗ്രാമവ്യവസായ രംഗത്തെ കാലോചിതമാക്കുന്നതിനുള്ള ശ്രമങ്ങള്‍ ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. ചര്‍ക്കയുടെ ഉല്പാദന ക്ഷമത വര്‍ധിപ്പിക്കുന്നതിനും അതുവഴി തൊഴിലാളികള്‍ക്ക് കൂടുതല്‍ വേതനം ലഭിക്കുന്നതിനും ആവശ്യമായ പദ്ധതികള്‍ നടപ്പാക്കപ്പെട്ടു. അമ്പതുകളില്‍ പ്രചാരത്തില്‍ വന്ന അമ്പര്‍ചര്‍ക്ക ഇതിന് ഒരു ഉദാഹരണമാണ്. ആയാസരഹിതമായി കൂടുതല്‍ നൂല്‍ നൂല്‍ക്കാന്‍ കഴിയുന്നതായിരുന്നു അമ്പര്‍ചര്‍ക്ക. ഒരുസമയം പന്ത്രണ്ട് കഴിനൂല്‍ വരെ ഒരാള്‍ക്ക് നൂല്‍നൂക്കാന്‍ കഴിയുന്ന ചര്‍ക്കകള്‍ ഇന്ന് പ്രാബല്യത്തിലുണ്ട്. അതോടൊപ്പം സൗരോര്‍ജ്ജം ഉപയോഗിച്ച് നൂല്‍ നൂല്‍ക്കാന്‍ കഴിയുന്ന ചര്‍ക്കകളും ഖാദിമേഖലയില്‍ പ്രചാരത്തിലുണ്ട്.

ഇന്ന് ഖാദിയുടെ ബൗദ്ധിക സ്വത്തവകാശം ഖാദി ഗ്രാമ വ്യവസായ കമ്മീഷനില്‍ നിക്ഷിപ്തമാണ്. 1956 ലെ ഖാദി ഗ്രാമ വ്യവസായ കമ്മീഷന്‍ നിയമപ്രകാരം പരുത്തി, സില്‍ക്ക്, കമ്പിളി എന്നിവയുടെ നൂലുകൊണ്ടോ ഈ നൂലുകളുടെ മിശ്രങ്ങള്‍ കൊണ്ടോ കൈത്തറിയില്‍ നെയ്ത് ഇന്ത്യയില്‍ നിര്‍മ്മിച്ച വസ്ത്രമാണ് ഖാദി. ഒരുലക്ഷം രൂപ മൂലധനച്ചെലവിനത്തില്‍ മുതല്‍ മുടക്കുമ്പോള്‍ ഒരാള്‍ക്ക് തൊഴില്‍ ലഭ്യമാക്കുന്നതും പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുന്നതുമായ വ്യവസായമാണ് ഗ്രാമവ്യവസായം എം.എസ്.എം.ഇ (M.S.M.E) വ്യവസായങ്ങളില്‍ സൂക്ഷ്മ (മൈക്രോ) വിഭാഗത്തിലാണ് ഖാദിഗ്രാമ വ്യവസായങ്ങളെ ഉള്‍പ്പെടുത്തിയിട്ടുള്ളത്.

ഖാദിഗ്രാമ വ്യവസായ കമ്മിഷനില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള 2018 ഖാദി സ്ഥാനങ്ങളിലായി 4.96 ലക്ഷം പേര്‍ ഖാദി വസ്ത്ര നിര്‍മ്മാണവുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകളില്‍ ഏര്‍പ്പെട്ടിട്ടുള്ളതായി ഖാദി കമ്മിഷന്‍ പ്രസിദ്ധീകരിച്ച റിപ്പോര്‍ട്ടില്‍ കാണുന്നു. ഈ റിപ്പോര്‍ട്ട് പ്രകാരം രാജ്യത്ത് 1765 കോടി രൂപയുടെ ഖാദി വസ്ത്രങ്ങള്‍ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

## ഖാദി കേരളത്തില്‍

ഖാദി പ്രസ്ഥാനത്തിന് തുടക്കകാലം മുതല്‍ അതിന് വലിയ പിന്തുണ നല്‍കിയ പ്രദേശമാണ് കേരളം. ബ്രിട്ടീഷ് മലബാറിലെ ഏറനാട് കോഴിക്കോട് പയ്യന്നൂര്‍ തുടങ്ങിയ സ്ഥലങ്ങളില്‍ ഖാദി നൂല്‍പും വസ്ത്ര നിര്‍മ്മാണവും ശക്തിപ്പെട്ടു. ഖാദി പ്രചരണത്തിനായി 1927 ല്‍ കേരളം സന്ദര്‍ശിച്ച മഹാത്മാഗാന്ധിക്ക് കേരളത്തിലെ പ്രവര്‍ത്തനങ്ങളില്‍ വളരെ മതിപ്പ് തോന്നിയിരുന്നു.

1957 ല്‍ കേരള ഖാദി ഗ്രാമ വ്യവസായ ബോര്‍ഡ് നിലവില്‍ വന്നതിനുശേഷം അനേക ലക്ഷം രൂപയുടെ നിക്ഷേപം സംസ്ഥാനത്തെ ഖാദി ഗ്രാമവ്യവസായ മേഖലയില്‍ നടന്നിട്ടുണ്ട്. ഒരുകാലത്ത് സംസ്ഥാന മൊമ്പാടും പടര്‍ന്ന് വികസിച്ചിരുന്ന ഗ്രാമീണ കളിമണ്‍ - ഓട് വ്യവസായങ്ങള്‍ ഖാദി മേഖലയുടെ സംഭാവനയായിരുന്നു. ഗ്രാമീണ സോപ്പ് വ്യവസായം, തേനിച്ച വളര്‍ത്തല്‍, മരപ്പണി വ്യവസായം, ഈറ മുള വ്യവസായം, കക്ക നീറ്റല്‍ വ്യവസായം, പനോല്പന്ന നിര്‍മ്മാണ വ്യവസായം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തില്‍ ഖാദിബോര്‍ഡ് വലിയ സംഭാവനകള്‍ നല്‍കിയിട്ടുണ്ട്. ഒന്നോ അതിലധികമോ ഖാദി - ഗ്രാമ വ്യവസായ




ഓണം ഖാദി മേളയുടെ സംസ്ഥാന തല ഉദ്ഘാടനം വ്യവസായ മന്ത്രി പി രാജീവ് നിർവഹിക്കുന്നു

സ്ഥാപനങ്ങൾ ഇന്ന് എല്ലാ പഞ്ചായത്തുകളിലും കാണാൻ കഴിയും.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഭരിച്ച എല്ലാ സർക്കാരുകളും ഖാദി മേഖലക്ക് അർഹമായ പരിഗണനയും പ്രോത്സാഹനവും നൽകിയിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് വേണ്ടി സംസ്ഥാന സർക്കാർ 1990 ൽ ആരംഭിച്ച ക്ഷേമനിധിയും പെൻഷനും ഇതിൽ എടുത്ത് പറയേണ്ടതാണ്. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഇത്തര മൊരു സർക്കാർ പദ്ധതി നിലവിലില്ല.

2009 ൽ സർക്കാർ ഖാദി മേഖലയിൽ മിനിമം കൂലി പ്രഖ്യാപിക്കുകയും മിനിമം കൂലി ഉറപ്പുവരുത്തുന്നതി നായി വരുമാന പൂരക പദ്ധതി വഴി ഫണ്ട് ലഭ്യമാക്കുകയും ചെയ്തത് ഈ മേഖലയിൽ സ്വീകരിച്ച ശ്രദ്ധേയമായ നടപടിയാണ്. ഖാദിത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തിയ ഏക സംസ്ഥാനം കേരളമാണ്. ഖാദി യുടെ ചില്ലറ വില്പനയ്ക്ക് വർഷം മുഴുവൻ പത്ത് ശതമാനം റിബേറ്റും ഉത്സവകാലങ്ങളിൽ പത്ത് ശതമാനം അധിക റിബേറ്റും നൽകുന്ന സംസ്ഥാനവും കേരളമാണ്.

ഖാദി ബോർഡ് ഉൾപ്പെടെ ഇരുപത്തി ഒമ്പത് ഖാദി സ്ഥാപനങ്ങളാണ് കേരളത്തിൽ ഖാദി ഉല്പാദന വിപണന രംഗത്ത് പ്രവർത്തിക്കുന്നത്. പതിനയ്യായിരത്തോളം പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഇതിൽ പന്ത്രണ്ടാ യിരത്തോളം പേർ നൂൽ നൂല്പിലും നെയ്ത്തിലും തൊഴിൽ ചെയ്യുന്നവരാണ്. നൂൽനൂല്പ് നെയ്ത്ത് തൊഴി ലാളികൾ ഖാദി കമ്മിഷന്റെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും ആനുകൂല്യങ്ങൾ ഡി.ബി.റ്റി. ആയി കൈപ്പറ്റുന്നവരുമാണ്.

സംസ്ഥാനത്തെ ഗ്രാമവ്യവസായ മേഖലയിൽ രണ്ട് ലക്ഷത്തോളം പേർ തൊഴിലെടുക്കുന്നതായി കണക്കാക്കു ന്നു. ഈ വ്യവസായങ്ങളിൽ പണിയെടുക്കുന്ന ആളുകൾ തീർത്തും അസംഘടിതരും ക്ഷേമപദ്ധതികളുടെ പരിധി യിൽ ഉൾപ്പെടാത്തവരുമാണ്.

കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ എന്നതാണ് ഗ്രാമവ്യവസായങ്ങളുടെ തത്വം. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന പ്രധാന വ്യവസായ വികസന പദ്ധതിയാണ് പ്രധാന മന്ത്രിയുടെ പ്രത്യേക തൊഴിൽ ദാന പദ്ധതി. ഈ പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 88404 ലക്ഷം രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടായി. 10218 വ്യവസായ യൂണിറ്റുകൾ പുതിയതായി ആരംഭിച്ചു. ഈ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റായി 22106 ലക്ഷം രൂപ വിതരണം ചെയ്തു. ഇതുവഴി ഒരുലക്ഷത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ തായി കണക്കാക്കുന്നു.

## പ്രളയവും കോവിഡും തകർത്ത വികസനരംഗം

തുടർച്ചയായ രണ്ട് പ്രളയവും കോവിഡും ഖാദി മേഖലയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. ഉല്പാദന വിപണന രംഗങ്ങളിൽ കാര്യമായ തിരിച്ചടി ഉണ്ടായിട്ടുണ്ട്. ഖാദി ഉല്പാദനം മുൻകാലങ്ങളെ അപേക്ഷിച്ച് പകുതി യായി കുറഞ്ഞു. ഇത് ഈ രംഗത്ത് പണിയെടുക്കുന്നവ രുടെ വരുമാനത്തെ കാര്യമായി ബാധിച്ചിരിക്കുന്നു.

മിനിമം വേതനം നടപ്പാക്കിയതു വഴിയും ജനങ്ങളുടെ ഭാഗത്തുനിന്ന് ലഭിച്ച നല്ല വിപണി പിന്തുണ വഴിയും വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവന്ന ഖാദി മേഖലയിൽ വലിയ പ്രതിസന്ധിയാണ് പ്രളയവും കോവിഡും സൃഷ്ടി ച്ചിട്ടുള്ളത്.

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നില്ക്കുന്നവരുടെയും സ്ത്രീകളുടെയും ആശ്രയമാണ് ഖാദിഗ്രാമ വ്യവസായങ്ങൾ. മുഖ്യധാര വികസന പദ്ധതിക ളിൽ ഉൾപ്പെടാതെ പോവുകയും പുറം തള്ളപ്പെടുകയും ചെയ്യുന്ന വലിയൊരു വിഭാഗം ജനങ്ങൾക്ക് ഉപജീവന മാർഗ്ഗം പ്രദാനം ചെയ്യുന്നു എന്നതാണ് ഖാദി ഗ്രാമവ്യവ സായങ്ങളുടെ ഇന്നത്തെ പ്രസക്തി. ദരിദ്രരും തൊഴിൽ രഹിതരുമാവുന്ന ഗ്രാമീണ ജനങ്ങൾക്ക് അവരുടെ മിച്ചതൊഴിൽ സമയം വിനിയോഗിക്കാനുതകുന്ന ഒരു തൊഴിലായിട്ടാണ് ഗാന്ധി ഖാദിയെ മുന്നോട്ട് വെച്ചത്. അസന്തുലിത വികസനത്തിന്റെ ഫലമായി തൊഴിൽ രഹിതരായിട്ടുള്ളവർക്ക് ഇന്നും ഖാദി ഗ്രാമവ്യവസായങ്ങൾ ആശ്രയമാണ്. അതുകൊണ്ടു തന്നെ നൂറ് വർഷങ്ങൾക്ക് ശേഷവും ഗാന്ധിയുടെ വികസന കാഴ്ചപ്പാടിന് പ്രസക്തിയുള്ളതായി കാണുന്നു. ■

**ഖാദി ബോർഡ് ഡയറക്ടർ ആണ് ലേഖകൻ**



# കുതിരാൻ

## കേരളത്തിലെ ആദ്യ തുരങ്ക വാഹനപാത

**നിജാസ് ജ്യൂവൽ**



ഇത് കുതിരാൻ.... കുതിരാൻ മല...മണലിപ്പുഴയുടെ തീരങ്ങളെ സ്പർശിച്ച്, പീച്ചിയുടെ വൃഷ്ടിപ്രദേശങ്ങൾക്ക് അതിരും. വ്യാപ്തിയും പടർന്ന് പച്ചപ്പിന്റെയും കരിമ്പാറക്കെട്ടുകളുടെയും വിസ്മയ ഭൂമി....

ഡക്കാൺ പീഠഭൂമിയുടെ ചുടുകാറ്റ് തമിഴകത്തെ വിയർപ്പിച്ച് പാലക്കാടൻ ചുരം കടന്ന് തൃശ്ശിവപേരൂരിനെ തൊടുന്നതിന് മുമ്പ്, ചാലക്കുടിപ്പുഴയുടെ തടങ്ങളിൽ വിലയം പ്രാപിക്കുന്നതിന് മുമ്പ് തഴുകിക്കയറുകയാണ് ഈ കുതിരാൻ മലനിരകളെ.

### ചരിത്രത്താളുകളിലെ കുതിരാൻ

പാലക്കാടൻ കോട്ടയിൽ നിന്നും കുതിച്ചെത്തിയ മൈസൂർ പടയും, കോയമ്പത്തൂരിൽ നിന്നെത്തിയ വെള്ളപ്പട്ടാളവും ഈ കുതിരാൻ കടക്കാൻ നന്നേ വിയർത്തു കാണും. വയനാടിന്റെയും ആര്യങ്കാവിന്റേയും ഇടുക്കിയുടെയും മലനിരകൾ പോലെ മലയാളത്തിന്റെ








ഹൃദയഭൂമിക്ക് കോട്ട കെട്ടിയ മലനിര – കുതിരാൻ...

പോയ നൂറ്റാണ്ടുകളിൽ അധിനിവേശങ്ങൾക്ക് വെല്ലുവിളി ഉയർത്തിയ ഈ ഗിരിശൃംഗം ഈ 21–ാം നൂറ്റാണ്ടിൽ മറ്റൊരു വിസ്മയത്തിന് സാക്ഷ്യം വഹിക്കുകയാണ്. കേരളത്തിലെ ആദ്യത്തെ തുരങ്ക വാഹനപാത, ദേശീയ പാതയിൽ പൂർത്തീകരിക്കുന്നത് ഈ കുതിരാൻ മലയുടെ കുറുകെയാണ്.

പ്രതിസന്ധികളുടെ നിർമാണഘട്ടങ്ങൾ ഭരണ നേതൃത്വത്തിന്റെ ഇച്ഛാശക്തിയ്ക്ക് മുന്നിൽ നിഷ്പ്രഭമായപ്പോൾ സാധ്യമാകുന്നത് കേരള നാടിന്റെ പ്രതീക്ഷകളുടെ നിറവേറ്റൽ. ചുരം കയറിയുള്ള ദുർഘട യാത്രകൾക്ക് ഇനി വിരാമം. രണ്ടാം തുരങ്കം കൂടി അധികം വൈകാതെ പൂർത്തിയാകുന്നതോടെ ദശാബ്ദങ്ങളുടെ യാത്രാ ദുരിതം പഴങ്കഥ.

## ഗതാഗതം സുഗമമാകുന്നു

പഴയ കൊച്ചി രാജ്യത്തേയും മദ്രാസ് പ്രസിഡൻസിയേയും ... അല്ലെങ്കിൽ പ്രസിഡൻസിയുടെ ഭാഗമായ മലബാർ പ്രദേശത്തേയും റോഡ് മാർഗം ബന്ധിപ്പിക്കുന്നതിൽ ഏറെ സുപ്രധാനവും അതേ സമയം ദുർഘടവുമായ ചുരം പാതയായിരുന്നു കുതിരാൻ. 1814 തൊട്ടുള്ള സർവേ രേഖകളിൽ സ്ഥാനം പിടിച്ചിട്ടുള്ള കുതിരാനിലൂടെ 1844 മുതൽ റോഡ് ഗതാഗതം ഉണ്ടായിരുന്നതായി പഴയ കാല റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

നിലവിലുള്ള പാതയുടെ കഠിന സ്വഭാവം മാത്രമല്ല പീച്ചി വന്യജീവി സങ്കേതത്തിന്റെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്തുന്ന ഇടതടവില്ലാത്ത വാഹന ഗതാഗതവും മറ്റൊരു പാതയുടെ സാധ്യതകളിലേക്ക് വഴി തുറക്കുകയായിരുന്നു. പരിസ്ഥിതിയുടെ ലോല സ്വഭാവവും മണ്ണിടിച്ചിലുമെല്ലാം കണക്കിലെടുക്കുമ്പോൾ തുരങ്ക പാത തന്നെയായിരുന്നു പോംവഴി.

## 2014-നിർമാണത്തിന് തുടക്കം

2014 ലാണ് 945 മീറ്റർ ദൈർഘ്യമുള്ള തുരങ്കത്തിന്റെ പണി ആരംഭിച്ചത്. ആദ്യ തുരങ്കത്തിന്റെ നിർമാണം ആരംഭിച്ച് രണ്ടുമാസത്തിന് ശേഷം രണ്ടാമത്തെ തുരങ്ക നിർമാണവും ആരംഭിച്ചു. രണ്ട് തുരങ്കങ്ങൾ തമ്മിൽ 25 മീറ്റർ അകലം. ഇരുതുരങ്കങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്നതിന് 300, 600 മീറ്ററുകളിൽ മറ്റ് രണ്ട് തുരങ്കങ്ങൾ. ഇരുമ്പുപാലത്ത് നിന്നാരംഭിക്കുന്ന തുരങ്കം വഴുക്കുംപാറ ഭാഗത്താണ് അവസാനിക്കുന്നത്. തുരങ്കം യാഥാർഥ്യമാകുന്നതോടെ വടക്കഞ്ചേരിയിൽ നിന്ന് തൃശൂരിലേക്കുള്ള ദൂരം രണ്ട് കിലോമീറ്ററോളം കുറയും. ഈ കേവലം രണ്ടു കിലോമീറ്റർ നൽകുന്ന സമയലാഭവും ഇന്ധന ലാഭവും എല്ലാ അളവുകൾക്കും അപ്പുറമാകും.

കുതിരാനിലൂടെ പ്രതിദിനം കടന്നു പോകുന്നത് പതിനായിരത്തോളം വാഹനങ്ങൾ. ഇതിൽ ആയിരത്തിലേറെ ചരക്കുലോറികൾ – കുതിരാൻ വഴി മുടക്കുമ്പോൾ അത് ബാധിച്ചിരുന്നത് മധ്യകേരളത്തിലേക്കുള്ള അവശ്യസാധനങ്ങളുടെ വിതരണത്തുടർച്ചയെ കൂടിയാണ്. ഇരട്ടത്തുരങ്കവും നിലവിലെ ചുരം റോഡും ഇനി ആ പ്രതിസന്ധി ദിനങ്ങൾക്ക് വിരാമമിടുമെന്ന് ന്യായമായും പ്രതീക്ഷിക്കാം.

വെല്ലുവിളികൾ ഏറെയായിരുന്നു കുതിരാനിൽ ... കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, സാങ്കേതികത്തികവോടെയുള്ള നിർമാണത്തിന് പ്രാപ്തരായ കമ്പനികളെ കണ്ടെത്തൽ, വിവിധ വകുപ്പുകളുടെ ഏകോപനം, പ്രതികൂല കാലാവസ്ഥ, മണ്ണിടിച്ചിൽ....

## ശക്തമായ നേതൃത്വം

ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റത്തുള്ള ഈ നാടിനെ രാജ്യത്തിന്റെ മുഖ്യധാരയുമായി ബന്ധിപ്പിക്കുന്ന തുരങ്ക പാതയുടെ നിർമാണ പൂർത്തീകരണം, പുതിയ സർക്കാരിന്റെ ഏറ്റവും മുൻഗണന അർഹിക്കുന്ന പദ്ധതിയായി. മുഖ്യമന്ത്രി പ്രത്യേക താൽപര്യമെടുത്ത് വിളിച്ചു ചേർത്ത യോഗത്തിൽ തുരങ്കം ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിനുള്ള സമയ പരിധി കുറിച്ചു.

പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് കുതിരാനിൽ ആഴ്ച തോറുമെത്തി നിർമാണ പുരോഗതി വിലയിരുത്തി. തൃശൂർ ജില്ലയുടെ ജനപ്രതിനിധികളും മന്ത്രിമാരുമായ കെ. രാജൻ, കെ. രാധാകൃഷ്ണൻ, ഡോ. ആർ. ബിന്ദു എന്നിവരുടെ നിരന്തര സന്ദർശനങ്ങൾ, കലക്ടർ ഹരിത വി കുമാറിന്റെയും മുൻ കലക്ടറും കുതിരാൻ സ്പെഷ്യൽ ഓഫീസറുമായ എസ്. ഷാനവാസിന്റെയും ഏകോപന ദൗത്യം – ഈ തുരങ്കപാതയിലേക്ക് വെളിച്ച പ്രവാഹമായി മാറിയ സുപ്രധാന ഇടപെടലുകളാണിവ.

ഇതാ..... കുതിരാൻ വഴി തുറക്കുകയാണ്... പുതിയൊരു യുഗത്തിലേക്ക്... കശ്മീർ മുതൽ കന്യാകുമാരി വരെ നീളുന്ന ദേശീയ മുഖ്യധാരയിലേക്ക്, പാതകളിലേക്ക് കുരുക്കുകളില്ലാതെ കേരളം കൈ ചേർക്കുന്ന ചരിത്ര നിമിഷം....

നമ്മൾ ഇവിടെ കുതിരാനെ കീഴടക്കുകയല്ല.... പകരം ഈ ആവാസ വ്യവസ്ഥയെ വണങ്ങുകയാണ് ■

**തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് ലേഖകൻ**

# വാതിൽപ്പടി സേവനം

## സെപ്തംബറിൽ ആരംഭിക്കും




അശരണർക്കും ആലംബഹീനർക്കും കരുതൽ സ്പർശമായി സർക്കാർ പ്രഖ്യാപിച്ച 'വാതിൽപ്പടി സേവനം' പദ്ധതിയുടെ ആദ്യഘട്ടം സെപ്തംബറിൽ ആരംഭിക്കും. 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യ ഘട്ടമായി ആരംഭിക്കുക.

.ആജീവനാന്ത സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ തയ്യാറാക്കൽ, സാമൂഹിക സുരക്ഷ പെൻഷൻ, അടിയന്തരാവശ്യത്തിനുള്ള മരുന്നുകൾ എത്തിച്ചു നൽകൽ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് അംഗത്തിന്റെ അധ്യക്ഷതയിൽ ആശാ വർക്കർ, കുടുംബശ്രീ പ്രതിനിധി, സന്നദ്ധ സേവന വോളണ്ടിയർമാർ എന്നിവരടങ്ങുന്ന കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സേവനം ആവശ്യമായവരുമായി ബന്ധപ്പെടാനുള്ള പ്രാഥമിക ചുമതല ആശാവർക്കർമാർക്കാണ്.

സേവനം ലഭ്യമാക്കേണ്ടവർക്ക് കമ്മിറ്റി അംഗങ്ങളെ ഫോൺ മുഖാന്തരം ബന്ധപ്പെടാവുന്നതാണ്. ഇതിനായി കമ്മിറ്റി അംഗങ്ങളുടെ ഫോൺ നമ്പരുകൾ അടങ്ങിയ കാർഡ് വിതരണം ചെയ്യും. അക്ഷയ കേന്ദ്രങ്ങളും സന്നദ്ധ സേവന വോളണ്ടിയർമാരും ആശാവർക്കർമാരുടെ സഹായത്തിനുണ്ടാകും.

സന്നദ്ധ സേനാംഗങ്ങളെ കണ്ടെത്താനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. മികച്ച രീതിയിൽ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വോളണ്ടിയർമാരെ സുതാര്യമായ രീതിശാസ്ത്രം ഉപയോഗിച്ച് കണ്ടെത്തും. എൻ എസ് എസ്, എൻ സി സി വോളണ്ടിയർമാരെ ഈ പ്രവർത്തനത്തിന്റെ ഭാഗമാക്കും.

ഓരോ ആളിനും ആവശ്യമായ മരുന്നുകൾ പ്രാദേശികമായി ലഭ്യമാകുമെന്ന് ആരോഗ്യ വകുപ്പ് ഉറപ്പ് വരുത്തും. പാലിയേറ്റീവ് കെയർ ആവശ്യമായവർക്ക് ഈ സേവനം ലഭ്യമാക്കാൻ ആവശ്യമായ കരുതലുകൾ ഉണ്ടാകും.

ജില്ലാ കളക്ടർമാരും, ജില്ലാ ആസൂത്രണ സമിതിയും പദ്ധതിയുടെ നടത്തിപ്പിലും മോണിറ്ററിങ്ങിലും നിർണ്ണായകമായ പങ്ക് വഹിക്കും.പ്രായാധിക്യത്താൽ വീടിന് പുറത്തിറങ്ങാൻ കഴിയാത്ത മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കിടപ്പിലായവർ തുടങ്ങി വിവിധ കാരണങ്ങളാൽ ചലന പരിമിതി അഭിമുഖീകരിക്കുന്നവർക്ക് പിന്തുണയായാണ് വാതിൽപ്പടി സേവനം പദ്ധതി ആരംഭിക്കുന്നത് ■



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്
KITE VICTERS
വീട്ടിലൊരു
പള്ളിക്കൂടം
കോവിഡ് കാലത്ത് നാൽപത്തിയഞ്ച് ലക്ഷം കുട്ടികളുടെ ആശ്രയം
24 മണിക്കൂറും സംപ്രേഷണം വെബിലും മൊബൈലിലും
ഫസ്റ്റ് ബെൽ
THE FIRST COMPLETE EDUTAINMENT CHANNEL IN INDIA
കൈറ്റ് വിക്ടേഴ്സ്
സമ്പൂർണ്ണ വിനോദവിദ്യാഭ്യാസ ചാനൽ
കൈറ്റ് വിക്ടേഴ്സ് ഇപ്പോൾ എല്ലാ ഡിജിറ്റൽ, കേബിൾ ശൃംഖലകളിലൂടെയും
VICTERS
Now
Anu Muthal Aakasham Vare
Later
01.30 pm
02.00 pm Special School Kalolsavam
03.00 pm Kerala Sree
ക്ലാസുകൾ കാണാൻ
www victers.kite.kerala.gov.in
KITE VICTERS
itsvicters
victerseduchannel
കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)
പൂജപ്പുര, തിരുവനന്തപുരം – 12, ഫോൺ : 0471 2529800
contact@kite.kerala.gov.in | www.kite.kerala.gov.in

Date of Publication: 01.08.2021
RNI No.2014/58028 Price: 12.00

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്



# ഇനി ഓഫീസ് കയറിയിറങ്ങി ചെരുപ്പ് തേയില്ല

**സ്വയം സാക്ഷ്യപ്പെടുത്തിയാൽ
ഇനി കെട്ടിട നിർമാണ പെർമിറ്റ് റെഡി**

**അപേക്ഷ ലഭിച്ചു എന്ന്
ബന്ധപ്പെട്ട അധികാരികൾ
സാക്ഷ്യപ്പെടുത്തുന്നതോടെ നിർമ്മാണത്തിന്
പെർമിറ്റ് ലഭിച്ചതായ് കണക്കാക്കും**

Printed and Published by S. Harikishore IAS. Director, Information Public Relations Department on behalf of Government of Kerala and Printed at Orange Press Pvt. Ltd., Thiruvananthapuram, Kerala. Chief Editor: S. Harikishore IAS.